ത്തിനു ഒരു പരിഹാരം കണ്ടുകഴിഞ്ഞിരിക്കുന്നു. അന്നു അവിടെ ഉണ്ടായിരുന്ന വിദ്യാർത്ഥികൾക്കു് ഈ കാര്യത്തിൽ യാതൊരു മനഃപ്രയാസമോ പരിഭ്രമമോ ഉണ്ടായിട്ടില്ല എന്നു വ്യക്തമായി പറയാൻ സാധിക്കും. ഡിവൈഡിംഗ് സിസ്റ്റം അനുസരിച്ചു ചില ഹോസ്റ്റലുകളിൽ അറുപതും അറുപത്തിഅഞ്ചും രൂപ ചെലവാകുന്നുണ്ടു്. ചില ഹോസ്റ്റലുകളിൽ എറണാകുളം മുതലായ സ്ഥലങ്ങളിൽ എഴുപതും എഴുപത്തിഅഞ്ചും രൂപ ചെലവാകുന്നുണ്ടു്. ആ സംഖ്യ മുഴുവൻ തന്നെ ഡിപ്പാർട്ടുമെൻറു നല്കിവരുന്നുണ്ടു്. തിരുവനന്തപുരം യൂണിവേഴ്സിററി ഹോസ്റ്റൽ വാർഡൻ തെററായി ധരിച്ചതുകൊണ്ടു ഇങ്ങനെ ഒരു നടപടി എടുത്തുപോയിട്ടുള്ളതാണു്. അങ്ങനെ സംഭവിക്കുന്നതിനുള്ള കാരണം, ഹോസ്റ്റൽ വാർഡൻ 1962 ജനുവരിയിലെ ആർഡറിൽ പറഞ്ഞിട്ടുള്ളതിനെ അങ്ങനെ കാണാൻ കഴിഞ്ഞിട്ടുള്ള എന്നുള്ളതുകൊണ്ടാണു്. അതു ഉടനെതന്നെ ശരിപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ടു്. അതുകൊണ്ടു ഇന്നു ഹരിജൻ വിദ്യാർത്ഥികൾക്കു യാതൊരു തരത്തിലുള്ള പരിഭ്രമത്തിനും മനഃപ്രയാസത്തിനും ഇടയില്ല.

PRESENTATION OF REPORT

Shri K. Hassan Gani : Sir, On behalf of the Chairman, Estimates Committee (1963-64), I present the Seventh Report of the Committee on the action taken by Government on the recommendations contained in the First Report of the Estimates Committee (1962-63) on the Industries Department (General policy and organisational set up).

FINANCIAL BUSINESS

Voting on Demands for grants in the Budget for 1964-65 (*contd.*)

Demand XIII—Police

Chief Minister (**Shri R. Sankar**) : Sir, I move that Government be granted a sum of Rs. 3,94,03,900/-under Demand XIII, Police.

Shri George Joseph Podippara: Sir, I second it.

Mr. Speaker: The following Cut Motions may be moved:

Cut Motion No. 5 by Shri C. M. Kutty.

Cut Motion No. 6 by Shri S. Kumaran.

Cut Motion No. 8 by Shri E. P. Gopalan.

Cut Motion No. 17 by Shri C. Achutha Menon.

Shri C. M. Kutty : Sir, I move :

To reduce the total allotment of Rs. 3,94,03,900/–under Demand XIII, by Rs. 100

Shri S. Kumaran : Sir, I move:

(1) To reduce the total allotment of Rs. 3,94,03,900/– under Demand XIII by Rs. 100/–

LIBRARY ARCHIVES Kerala Legislative Assembly

Shri E .P. Gopalan : Sir, I move:

To reduce the total allotment of Rs. 3, 94,03,900/-under Demand XIII by Rs. 100

Shri C. Achutha Menon : Sir, I move:

To reduce the total allotment of Rs. 3,94,03,900/- under Demand XIII by Re. 1/-

Shri Baby John : Sir I may also be permitted to move my Cut Motion.

Mr. Speaker : You can also move your Cut Motion.

Shri Baby John : Sir, I move :

To reduce the allotment of Rs. 3,79,95,700 for total nonplan (Voted) amount by Rs. 100.

ശ്രീ. കെ. ഹസൻഗനി : സർ, ഈ ഡിമാൻറിനെ എതിർക്കുകയാണ്. അതിനെസംബന്ധിച്ച പറയുമ്പോൾ ചില കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്താൻ ഞാനുദ്ദേശിക്കുന്നു. സർ, പോലീസ്, നാട്ടിൽ ക്രമസമാധാനങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടവരാണ്. പോലീസിൻെറ പ്രവർത്തനങ്ങൾ നിർവ്വീര്യമാക്കുക എന്നുള്ള ഒരു പ്രവണത നാം എപ്പോഴും ഒഴിവാക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസ്ററു ഗവണ്മെൻറു അധികാരത്തിലിരുന്ന കാലത്തു പോലീസു നിർവ്വീര്യരായി എന്നൊക്കെ നാം പ്രസംഗിക്കാറുണ്ട്, സംസാരിക്കാറുണ്ട്. പക്ഷെ, ഇന്നു ഭരണം നടത്തുന്ന പാർട്ടിയിലെ ഒരു വിഭാഗം ആളുകൾ പോലീസിൻെറ പ്രവർത്തനത്തെ നിർവ്വീര്യമാക്കുന്നതിനുള്ള പ്രവണതകളിൽ ഏർപ്പെട്ടിരിക്കുന്നു എന്നു കാണാൻ സാധിക്കുന്നതിൽ ഖേദമുണ്ട്. പോലീസുദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തെ പരിമിതപ്പെടുത്തത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ കൊണ്ടുപോകുന്നു എങ്കിൽ ക്രമസമാധാനവും നീതിയും പരിപാലിക്കുവാൻ സാധിക്കാത്ത ഒരു നില നമ്മുടെ സ്റ്റേററിലുണ്ടാകുമെന്നതു അവിതർക്കിതമാകുന്ന ഒരു വസ്തുതയാണ്.

സർ, ഞാനിതു പറയുമ്പോൾ ചില കാര്യങ്ങൾ എൻെറ ഓർമ്മയിൽ വരികയാണ്. മണ്ഡലം കമ്മിററികളിലെ പ്രവർത്തകന്മാരും മററു പല കാൺഗ്രസ്സു കമ്മിററികളിൽ ഉദ്യോഗങ്ങൾ വഹിക്കുന്നവരും പോലീസിൻെറ പ്രവർത്തനങ്ങളിൽ ധാരാളമായി ഇടപെടുന്നുണ്ടെന്നു കാണാൻ സാധിക്കുന്നുണ്ട്. അതുപോകട്ടെ, തൊഴിലാളിരംഗങ്ങളിൽപോലും ആവശ്യമില്ലാതെ പോലീസിനെ വലിച്ചിഴയ്ക്കുന്ന സംഭവങ്ങൾ നമ്മുടെ രാജ്യത്തു ഉണ്ടായിട്ടുണ്ട്. ഒരു സംഭവം ഞാൻ സൂചിപ്പിക്കുകയാണ്.

സർ, പുനലൂരിലുള്ള കടക്കമൺ ടിംബർ ഡിപ്പോയിൽ; വളരെ നാളായി അവിടെ സമാധാനപരമായി ഒരു വിഭാഗം തൊഴിലാളികൾ ടിംബർ കയററി അയയ്ക്കുന്നതിനും മററുമുള്ള ജോലികളിൽ ഏർപ്പെട്ടിരുന്നു. അവിടത്തെ ജോലികൾ കാൺട്രാക്ററു അനുസരിച്ചാണ് കൊടുക്കാറുള്ളതു്. നമ്മുടെ അയൽ സംസ്ഥാനത്തുനിന്നു വരുന്ന കൺട്രാക്ററന്മാരാണ് അതു സാധാരണ പിടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാറുള്ളതു്. അങ്ങനെ സമാധാനപരമായി ജോലിചെയ്തുവന്നിരുന്ന തൊഴിലാളികളെ മാററി മററൊരു വിഭാഗത്തെക്കൂടി അതിൽ ഉൾപ്പെടുത്തണമെന്നു ഒരു ശബ്ദം ഉയന്നു. അതിനു നേതൃത്വം നൽകിയതു് കോൺഗ്രസ്സിലെ ഒരു എം. എൽ. ഏ. ആയിരുന്നു. അവിടെ പോലീസ് നിസ്സഹായാവസ്ഥ പാലിക്കുകയാണുണ്ടായതു്. അവിടത്തെ സക്കിൾ ഇൻസ്പെക്ടറർ എം. എൽ. ഏ. പറയുന്നതുപോലെ പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനായിതീന്നു എന്നാണറിവു്. അങ്ങനെ സമാധാനം നിലനിന്നിരുന്ന സ്ഥാനത്തു് അസമാധാനം കുത്തിച്ചെലുത്തുന്നു. ഏഴോ എട്ടോ ദിവസമായിട്ടു അവിടെ ജോലിക്കുഴപ്പമില്ലാത്ത രീതിയിൽ പോകുന്നുണ്ടെന്നുള്ള കാര്യമല്ലാതെ യഥാത്ഥത്തിൽ പോലീസ് ഇടപെടാതിരിക്കത്തക്ക കാര്യങ്ങളിൽപോലും പോലീസിനെ ഇടപെടുത്തിക്കൊണ്ടു കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടു്. തീർച്ചയായും ഈ സ്റ്റേററിനു ഒരു അപമാനമാണുള്ളതു്. ആരാണു് ഈ എം. എൽ. ഏ. എന്നുള്ള വസ്തുത വെളിപ്പെടുത്തണമെങ്കിൽ ഞാൻ വെളിപ്പെടുത്താം.

സർ, കീരിത്തോടു സംഭവത്തെസംബന്ധിച്ചു ഇവിടെ ധാരാളം പരാമർശങ്ങളുണ്ടായി. വനസംരക്ഷണം ആവശ്യമാണു്. പക്ഷേ പോലീസിനു അവരുടെ കാര്യങ്ങൾ നിവ്വഹിക്കുന്നതിനു ഉപയോഗിക്കുന്ന ഫോഴ്സ് പരിമിതമായിരിക്കണമെന്നുണ്ടു്. അങ്ങനെ പരിമിതമാക്കാനുള്ള അവസരങ്ങളിൽ എന്തെങ്കിലും അക്രമപരമായി ചെയ്തിട്ടുണ്ടെങ്കിൽ അതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ അതേസംബന്ധിച്ചു ഒരു എൻക്വയറി ആവശ്യമാണെന്നു് ജനപ്രതിനിധികൾ ആവശ്യപ്പെട്ടാൽ അന്വേഷണം നടത്തേണ്ടതാണു്. വനസംരക്ഷണത്തിൻെറ ആവശ്യകതയെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസമില്ല. പക്ഷേ പോലീസ് ആളുകളെ ലാക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുന്നു എന്നും വളരെ ഏറെ ഫോഴ്സ് ഉപയോഗിച്ചു എന്നും പത്രറിപ്പോർട്ടുകൾ മാത്രമല്ല ചില സ്ഥിതിവിവരക്കണക്കുകളും കാണാൻ കഴിഞ്ഞിട്ടുണ്ടു്. അതിൻെറ അടിസ്ഥാനത്തിൽ അതു് ഒരു എൻക്വയറി നടത്താൻ ആവശ്യപ്പെടുകയാണെങ്കിൽ അതു ചെയ്യുതീക്കേണ്ടതാവശ്യമാണു്. അതിനു ഗവണ്മെൻറു മുൻകൈ എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്.

സർ, ഇവിടെ പോലീസ് കൈക്കൂലി വാങ്ങിക്കുന്നു, മററു തരത്തിൽ പോലീസ് അക്രമം പ്രവർത്തിക്കുന്നു എന്നു് നാം എപ്പോഴും പറയാറുണ്ടു്. കൈക്കൂലി വാങ്ങാതിരിക്കത്തക്ക വിധത്തിൽ ഗവണ്മെൻറു അതിനൊരു മാർഗ്ഗം ഉണ്ടാക്കണം സർ, അവക്കു ജീവിക്കുവാൻ.

<u>ശ്രീ. എൻ. എസ്. കൃഷ്ണപിള്ള</u> : ഒരു ചോദ്യം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു വനത്തിൽ കയ്യേറിയവരെ ഇറക്കിവിടുന്നതിനു ഫോഴ്സ് ഉപയോഗിക്കരുതെന്നാണു്. എന്നാൽ അങ്ങനെ ഇറക്കിവിടുന്നതിനു പ്രതിബന്ധമായി നിൽക്കുകയാണെങ്കിൽ എന്തുചെയ്യണം.

<u>ശ്രീ. കെ. ഹസൻഗനി</u> : അതിനു നിയമപ്രകാരമുള്ള നടപടികൾ എടുക്കണം. പക്ഷെ, അതിനു ആരും കുററപ്പെടുത്താത്ത തരത്തിൽ ഫോഴ്സ് ഉപയോഗിക്കുകയാണെങ്കിൽ അതു വരാൻ നിവർത്തിയില്ല. ഫോഴ്സുപയോഗിക്കാൻ ചില പരിമിതികളെല്ലാമുണ്ടു്. അതുസംബന്ധിച്ചു വേറെ ഒന്നും പറയാനില്ല. മുമ്പു അവിടെ ഇരുന്നിട്ടുണ്ടല്ലോ. അപ്പോൾ അതിനെസംബന്ധിച്ചറിയാമല്ലോ.

സർ, ഇന്നു പോലീസ് വെരിഫിക്കേഷനെസംബന്ധിച്ചു ഒരുകാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നു. പോലീസ് വെരിഫിക്കേഷൻ നടത്തുന്നതു് ഒരു സക്കിൾ ഇൻസ്പെക്ടററുടെ പദവിയിലുള്ള ഒരാളാണെന്നു പല പ്രാവശ്യവും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ടു്. സർ, എൻെറ അനുഭവത്തിൽ അതല്ല. സാധാരണയായി പോലീസുകാരോ അല്ലെങ്കിൽ ഒരു ഹെഡ് കാൺസ്റ്റബിളോ അല്ലാതെ അതിൽക്കൂടിയ ഒരുദ്യോഗസ്ഥൻ ഇതിനുവേണ്ടി വരാറില്ല. അവരുടെ കയ്യിൽ ചില ചില്ലറ കാശു ഒക്കെ കൊടുത്തു പറയുന്നതുപോലെ എഴുതിക്കുന്ന സാഹചര്യമാണു് ഇന്നുള്ളതു്. വെരിഫിക്കേഷൻ നടത്തുമ്പോൾ ഉത്തരവാദപ്പെട്ട ഒരുദ്യോഗസ്ഥൻതന്നെ അതു പരിശോധിക്കേണ്ടതാവശ്യമാണു്. കൂടാതെ പോലീസ് വെരിഫിക്കേഷൻ എന്ന ഈ ഏർപ്പാടു നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിൽ ഭരിക്കുന്ന പാർട്ടിയിലെ സംഘടനയ്ക്കു് അവകാശമുണ്ടായിരിക്കണം എന്ന ഒരു പ്രവണതയും വളർന്നിട്ടുണ്ടു്. ഇതേസംബന്ധിച്ച പത്രങ്ങളിൽ ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ടു്. ഈ റിപ്പോർട്ടിൽ പറയുന്നതു് ശരിയാണോ എന്നുള്ളതിനെസംബന്ധിച്ച അന്വേഷണം നടത്തണം. വിശ്വസിക്കത്തക്കതല്ലെങ്കിൽ അതു തള്ളിക്കളയണം.

സർ, വ്യവസായസ്ഥാപനങ്ങളെസംബന്ധിച്ചിടത്തോളം പോലീസ് വെരിഫിക്കേഷൻ നടത്തുന്നുണ്ടു്. ഗവണ്മെൻറുവക വ്യവസായ സ്ഥാപനങ്ങളിൽ പോലീസ് വെരിഫിക്കേഷൻ നടത്തുന്നുണ്ടു്. ഗവണ്മെൻറുവക വ്യവസായ സ്ഥാപനങ്ങളിൽ പോലീസ് വെരിഫിക്കേഷൻ ഏർപ്പെടുത്തി രണ്ടും മൂന്നും കൊല്ലം ജോലിചെയ്തതിനുശേഷം തൊഴിലാളികളെ പിരിച്ചുവിടുന്ന ഒരു ഏർപ്പാടും ഇന്നുണ്ടു്. നമ്മുടെ പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാർക്ക് തെരഞ്ഞെടുപ്പിൽനിന്നു ജയിക്കാം, രാഷ്ട്രീയപ്രവർത്തനം നടത്താം. എന്തുകൊണ്ടു ഈ വ്യവസായസ്ഥാപനങ്ങളിൽ അതു തടയുന്നു എന്നു ഞാൻ ചോദിക്കുകയാണു്. പ്രൈവാറു് സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ അതനുവദിക്കാമെന്നുണ്ടെങ്കിൽ ഈ ഗവണ്മെൻറുവക വ്യവസായസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും അതു അനുവദിക്കാവുന്നതാണു് എന്നു അസന്നിഗ്ദ്ധമായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

സർ, ഈയവസരത്തിൽ ഒരു കാര്യം ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയാണു്. ഡ്രൈവറായി മൂന്നുമാസക്കാലം ജോലിചെയ്തിരുന്ന ഒരാളെ പോലീസ് വെരിഫിക്കേഷൻെറ പേരിൽ പിരിച്ചുവിട്ടിരിക്കുകയാണു്. ഇതു എഫ്. ഏ. സി. ററി. യിൽ നടന്ന ഒരു സംഭവമാണു്. കാരണം, അയാൾ ആലുവാ മുനിസിപ്പൽ എലക്ഷൻ പ്രചാരണത്തിൽ പങ്കെടുത്തു എന്നുള്ളതാണു്. അതുപോലെതന്നെ നിയമനത്തിനു് കല്പന കൊടുത്തിട്ടു മുഹമ്മദ് എന്ന ഒരാളുടെ ബന്ധുത്വത്തിൽപ്പെട്ട മറെറാരാൾ ഒരു പഞ്ചായത്തു തെരഞ്ഞെടുപ്പിൽ പ്രസംഗിച്ചുഎന്ന കാരണത്താൽ അയാളുടെ നിയമനം ക്യാൻസൽ ചെയ്തിരിക്കുന്നു. വ്യവസായസ്ഥാപനങ്ങളിലും ഇങ്ങനെ നടക്കുകയാണെങ്കിൽ അതു വളരെ വിഷമമാണു്. പിന്നോക്കസമുദായങ്ങൾക്കു വ്യവസായസ്ഥാപനങ്ങളിൽ യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതിരിക്കുന്ന കാലത്തു ഇങ്ങനെയുള്ള വ്യവസായസ്ഥാപനങ്ങളിൽ കയറിക്കൂടാൻ കഴിഞ്ഞതിനുശേഷം ഇങ്ങനെയുള്ള ചില റിപ്പോർട്ടിൻെറ വെളിച്ചത്തിൽ അവരുടെ ജോലി പൊയ്പ്പോകേണ്ടിവരുന്നതു വളരെ പരിതാപകരമായ ഒരു അവസ്ഥയാണു്. അതില്ലാതാക്കുന്നതിനു ഗവണ്മെൻറു വേണ്ട നടപടിയെടുക്കണം.

സർ, അതിപ്രധാനമായ മറെറാരു സംഗതി ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ പ്രമോഷൻ കാര്യമാണു്. സാധാരണ ഗതിയിൽ, ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നിർവ്വഹിക്കുന്ന സേവനങ്ങളെ പരിഗണിക്കാതെ, പ്രമോഷൻ തടയുന്ന ഒരു അവസ്ഥ ഇന്നുണ്ടു്. അതിനു കാൺഫിഡൻഷ്യൽ റിക്കാർഡു് ഒരു കാരണമായി പറയുമായിരിക്കും. ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു് ഇഷ്ടമുള്ളവരെ പ്രമോട്ടുചെയ്യുന്നതിനുള്ള റിക്കാർഡുകൾ എന്നുള്ളതിൽ കവിഞ്ഞു് പേഴ്സണൽ റിക്കാർഡുകൾക്കു വലിയ വില കല്പിക്കാനില്ല. മഹനീയമായ സേവനം അനുഷ്ഠിക്കുന്ന ചില ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം പ്രമോഷൻ കിട്ടാത്ത അവസ്ഥയുണ്ടാകാറുണ്ടു്. ഒരു സബ് ഇൻസ്പെക്ടർ മുഴുവൻ കാലവും ആ തസ്തികയിൽതന്നെ ഇരുന്നു പെൻഷൻ പററുന്ന ഒരു അവസ്ഥ ഇന്നുണ്ടു്. ഈ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണു്. ശരിയായ സേവനം അനുഷ്ഠിക്കുന്നവർക്ക് പ്രമോഷൻ നൽകുന്ന ഒരു സമ്പ്രദായം സ്വീകരിക്കണം. പോലീസു ഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം, വളരെ പഴയകാലത്തെ ഒരു സ്ഥിതിവിശേഷം ഇന്നും തുടർന്നുവരുന്നുണ്ടു്. ഒരു പരാതിയും ആയി ആരെങ്കിലും സ്റ്റേഷനിൽ ചെന്നാൽ, ''എന്തെടാ'' എന്നേ ചോദിക്കുകയുള്ളു. വാസ്തവം മറച്ചുവച്ചിട്ടു കാര്യമില്ല. ഇന്നത്തെ അവസ്ഥ ഇതാണു്. അങ്ങനെയൊരു പ്രവണതയുള്ളതു മാററണം. മദിരാശി സ്റ്റേററിലാണെങ്കിൽ ഒരു പരാതിയും കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലും ചെന്നാൽ, ''എന്നയ്യാ, ഉക്കാരുങ്കോ'' എന്നാണ് പറയാറുള്ളത്. ഇവിടെ എം. എൽ. എ. മാരോ, മററു ഉദ്യോഗസ്ഥന്മാരോ ആണെങ്കിൽ പെരുമാററത്തിൽ അല്പം വ്യത്യാസം കാണും. സാധാരണക്കാരായ പരാതിക്കാരനെസംബന്ധിച്ച പോലീസിൻെറ പെരുമാററം ഒട്ടും ആശാസ്യമായിട്ടുള്ളതല്ല. എന്തെങ്കിലും ഒരു പരാതി കൊടുത്താൽ, ഹെഡ്കാൺസ്റ്റബിളിന് വല്ലതും കൊടുത്താൽ മാത്രമേ പരാതിയെപ്പററി അന്വേഷിക്കുകയുള്ളു. ഇതു് എല്ലായിടത്തും നടക്കുന്നതായി എനിക്കു് അഭിപ്രായമില്ല. എങ്കിലും ഇന്നും ഇങ്ങനെ നടക്കുന്നുണ്ടു്. ഇതിനൊരു മാററം വരുത്താൻ എന്താണു ചെയ്യേണ്ടതെന്നു നാം പരിചിന്തിക്കണം. സർ, പാറശ്ശാല പ്രദേശത്തു് വളരെയധികം റിസർവ്വ് പോലീസിനെ ഇട്ടിട്ടുണ്ടു്. അവിടെ ഇന്നും സമാധാനം ഉണ്ടോ? സമാധാനപരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ അവിടത്തെ പോലീസിനു് കഴിഞ്ഞിട്ടില്ല. അവിടെ സമാധാനം പരിപാലിക്കാൻ സാധിക്കാത്ത ഒരു നിലയാണുള്ളതു്. പോലീസുകാരുടെ മുൻപിൽവച്ചു് ആക്കും എന്തുംചെയ്യാവുന്ന ഒരു പ്രത്യേക സാഹചര്യമാണ് അവിടെ ഇപ്പോഴുള്ളതു്. ഈ അവസ്ഥ മാററേണ്ടതു് ആ വ ശ്യ മ ല്ലേ? ഇന്നു പല ഭാഗങ്ങളിലും റിസർവ്വ് പോലീസിനെ ഇട്ടിട്ടുണ്ടെങ്കിലും, പോലീസിൻെറ മുൻപിൽ ഇട്ടുകൊണ്ടു ആക്രമങ്ങൾ പ്രവർത്തിക്കുന്ന ഒരു സാഹചര്യം ഇവിടെ ഇന്നുണ്ടെന്നുള്ളതു അനുഭവത്തിൽനിന്നു തെളിഞ്ഞിട്ടുണ്ടു്. ക്രമസമാധാനം പാലിക്കേണ്ട പോലീസിനു്, അവരുടെ കൃത്യങ്ങൾ ശരിയായി പാലിക്കാനുള്ള ഒരു സാഹചര്യം ഇന്നില്ല. പോലീസുകാരുടെ കർത്തവ്യങ്ങൾ ശരിയായി അനുഷ്ഠിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. ചില പോലീസു കാൺസ്റ്റബിൾമാർ കൈക്കൂലി വാങ്ങിയാൽ അതു നല്ലതാണെന്നു ഞാൻ പറയുന്നില്ല. നമ്മുടെ നാട്ടിൽ വലിയ അട്ടഹാസങ്ങൾ കേൾക്കാം. എന്നാൽ അവക്കു് ശരിയായി ജീവിക്കുന്നതിനുള്ള എല്ലാ ചുററുപാടും ഉണ്ടായിട്ടുണ്ടോ? ഇന്നു് അവക്കു കൊടുക്കുന്ന ശമ്പളം അപര്യാപ്തമാണ്. ഒരു സബ് ഇൻസ്പെക്ററുക്കു കിട്ടുന്ന ശമ്പളം 125-207 ക.യാണ്. അദ്ദേഹത്തിൻെറ സ്റ്റാററസ് മെയിൻറയിൻ ചെയ്യാൻ ഈ തുക വളരെ അപര്യാപ്തമാണ്. കുറേനാൾ സർവ്വീസിൽ ഇരിക്കുമ്പോൾ, കൈയിൽനിന്നും പണം ചെലവാക്കി സക്കാരിനെ സേവിക്കാൻ സാദ്ധ്യമല്ല, കുറെ വല്ലതും ആരോടെങ്കിലും വാങ്ങിക്കാം എന്നൊരു മനോഭാവം സ്വാഭാവികമായി ഉണ്ടായിപ്പോകും, അതു മാററണമെങ്കിൽ അവക്കു ശരിയായ വേതനം കൊടുക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ്: ചുരുങ്ങിയ വേതനം എത്ര ആയാൽ കൈക്കൂലി ഇല്ലാതാകുമെന്നാണ് മെമ്പറുടെ അഭിപ്രായം?

ശ്രീ. കെ. ഹസൻ ഗനി: 250 ക.യെങ്കിലും ശമ്പളം കിട്ടാതെ ഒരുവിധം മാനമായി ജീവിക്കാൻ സാധിക്കുകയില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ: 250 രൂപയ്ക്കുമേൽ ശമ്പളമുള്ള യാതൊരാളും കൈക്കൂലി വാങ്ങുകയില്ലെന്നാണോ മെമ്പറുടെ അഭിപ്രായം? അങ്ങനെ ഉറപ്പുണ്ടോ?

ശ്രീ. കെ. ഹസൻഗനി: ആ ഉറപ്പിൻെറ അടിസ്ഥാനത്തിലല്ല പറയുന്നതു്. സബ് ഇൻസ്പെക്ററുക്കു സാമാന്യം തൃപ്തികരമായി ജീവിക്കാൻ ഈ തുക വേണ്ടിവരുമെന്നുള്ളതുകൊണ്ടു പറഞ്ഞതാണ്. ഞാൻ ഒരു സബ് ഇൻസ്പെക്ററുടേയും വക്കാലത്തോടുകൂടി ഇതു പറയുന്നതല്ല. 5 മൈലിനുള്ളിൽ ഏതെങ്കിലും കേസന്വേഷിക്കാൻ പോകണമെങ്കിൽ, സബ് ഇൻസ്പെക്ററുക്കു സ്റ്റാററസു കീപ്പുചെയ്യാൻ കാറിൽ പോകേണ്ടതായി വരും. ആരു കൊടുക്കും പൈസ? സ്വന്തം കൈയിൽനിന്നു പണം ചെലവാക്കാനുള്ള സാഹചര്യം ഉണ്ടാകരുതു്.

അതുപോലെതന്നെ റിസർവ്വ് പോലീസിലുള്ളവക്കു ലോക്കൽ പോലീസിലേക്കു് ഇപ്പോൾ പ്രമോഷൻ കിട്ടാറില്ല. ഈയിടെയായി ആ സമ്പ്രദായം നിറുത്തിവച്ചിരിക്കുകയാണ്. അവർ, റിസർവ്വ് ക്യാമ്പിൽ എന്നെന്നും കിടന്നു കൊള്ളണമെന്നാണ് വിധിച്ചിരിക്കുന്നതു്. ചില പരീക്ഷകൾ പാസ്സായാൽ മുൻപു് റിസർവ്വ് പോലീസിനെ, ലോക്കൽ വിഭാഗത്തിലേക്കു മാററുമായിരുന്നു. ഇപ്പോൾ അങ്ങനെ ചെയ്യാറില്ല. അതിനു പരിഹാരം ഉണ്ടാക്കാൻ ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണം.

സർ, ഞാൻ മുൻപു സൂചിപ്പിച്ചതുപോലെ, ഈ സംസ്ഥാനത്തു് ക്രമസമാധാനം പാലിക്കാൻ ചുമതലപ്പെട്ട പോലീസിനു് ആ കൃത്യങ്ങൾ നിർവ്വഹിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുമെന്നു ശരിയായി പരിചിന്തിക്കേണ്ടിയിരിക്കുന്നു. അതിനു ശരിയായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചാൽ മാത്രമേ ഈ രാജ്യത്തെ ക്രമസമാധാനം പരിപാലിക്കാൻ സാധിക്കുകയുള്ളു. അതിനുവേണ്ടി, പോലീസിന്റെ മുഖ്യമായ ആവശ്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിനുള്ള വഴികൾ ആരായണം. അതിനുംപുറമേ, രാഷ്ട്രീയ പാർട്ടികൾ അവരുടെ മേൽ സമ്മർദ്ദം ചെലുത്തുന്ന നടപടി ഒരിക്കലും അനുവദിക്കാൻ പാടില്ല. അങ്ങനെയുള്ള സാഹചര്യങ്ങൾ കർശനമായി തടയേണ്ടതാണു്. അതിനു ശക്തിയായ ഒരു നിലപാടു ഗവണ്മെന്റു സ്വീകരിക്കണമെന്നു പ്രത്യേകം അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്സ്. കുമാരൻ: സർ, പോലീസിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു് എന്റെ കട്ട്മോഷനെ സംബന്ധിച്ചു ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പോലീസുഭരണം ഈ രാജ്യത്തിനു താങ്ങാനാവാത്തവിധം ദുർവഹമായ ഒരു സ്ഥിതിയിലേക്കു വളർന്നു വരികയാണു്. ഇതു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ ഒരു വർഷത്തെ പോലീസുഭരണം ആകെ പരിശോധിച്ചു നോക്കിയാൽ, നമുക്കു കാണാൻ സാധിക്കും, നമ്മുടെ സംസ്ഥാനത്തെ പോലീസ് രാഷ്ട്രീയമായ കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ടെന്നു്. നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്തിട്ടുള്ളപ്പോൾ, ആ സമരത്തെ അടിച്ചമർത്തുന്നതിനു് പോലീസിനെ ഉപയോഗിച്ചിട്ടുണ്ടു്; ഈ രാജ്യത്തെ ജന്മിമാർക്കു കുടിയൊഴിപ്പിക്കുന്നതിനും, കൂടുതൽ പാട്ടം പിരിച്ചു കൊടുക്കുന്നതിനും പോലീസിനെ വിനിയോഗിച്ചിട്ടുണ്ടു്. സ്വന്തം പാർട്ടിയെ വളർത്തുന്നതിനായി ഭരണകക്ഷി പല അവസരങ്ങളിലും ഈ രാജ്യത്തെ പോലീസിനെ ഉപയോഗിച്ചിട്ടുള്ളതായി നിരവധി നിരവധി സംഭവങ്ങൾ കഴിഞ്ഞ നിയമസഭയിൽത്തന്നെ പല മെമ്പറന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. സർ, ഈ രാജ്യത്തു് ഈ ഗവണ്മെന്റു് അധികാരത്തിൽ വന്ന അന്നുമുതൽ ഭരണകക്ഷി അനുവർത്തിച്ച പ്രത്യേക നയത്തിന്റെ ഉയർന്ന രൂപമാണു് ഇപ്പോൾ കാണാൻ കഴിയുന്നതു്. ഇന്നത്തെ പത്രത്തിൽ രണ്ടു സംഭവങ്ങൾ നമ്മുടെയെല്ലാം ശ്രദ്ധയെ ആകർഷിക്കത്തക്കവിധം വന്നിട്ടുണ്ടു്. ശ്രീ. സി. എം. സ്റ്റീഫന്‍—ഈ സഭയിലെ ഒരു മെമ്പറായ ശ്രീ. സി. എം. സ്റ്റീഫന്‍—കുണ്ടറ ഒരു യോഗത്തിൽവച്ചു് പോലീസ് ജീപ്പിന്റെയും, പോലീസ് സേനയുടെയും അകമ്പടിയോടുകൂടി കല്ലേറു നേരിടേണ്ടിവന്നു. ഇതു് ഒരു ഒറ്റപ്പെട്ട സംഭവമല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പോലീസിന്റെ അറിവോടുകൂടി കല്ലേറു നടത്തിയെന്നാണോ പറയുന്നതു്?

ശ്രീ. എസ്സ്. കുമാരൻ: പോലീസിന്റെ സാന്നിദ്ധ്യത്തിലാണു് കല്ലേറു നടന്നതെന്നാണു് പത്രത്തിൽ കണ്ടതു്. അതിന്റെ വിശദാംശങ്ങളിലേക്കു് ഇപ്പോൾ ഞാൻ കടക്കുന്നില്ല.

സർ, ഇതു് ഒറ്റപ്പെട്ട ഒരു സംഭവമല്ല. രാഷ്ട്രീയമായ കാര്യങ്ങളിൽ പോലീസിനെ ഉപയോഗിച്ചിട്ടുള്ള പല അനുഭവങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടു്. ഈ സഭയിലെ ഒരു മെമ്പറായ ശ്രീ. ഗോപാലന്റെ മേൽ, എം. എൽ. എ. ക്വാർട്ടേഴ്സിൽവച്ചുണ്ടായ കൈയേറ്റത്തെ സംബന്ധിച്ചു് പോലീസ് കണ്ണടച്ചതായി നമുക്കറിയാം. ഇങ്ങനെ രാഷ്ട്രീയമായ പല സംഭവവികാസങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടു്. കെ. പി. സി. സി. യോഗത്തിൽ, കൊല്ലത്തുവച്ചു കൂടിയ എസ്സ്. എൻ. ഡി. പി. യോഗം വാർഷികത്തിൽ ഡി. എസ്സ്. പി. ഇടപെട്ടതു് ഇങ്ങനെ പല സംഭവങ്ങളും പരിശോധിച്ചാൽ, ആ സന്ദർഭങ്ങളിലെല്ലാം ഗവണ്മെന്റു് അനുവർത്തിച്ച നയത്തിന്റെ പരിണിതഫലമാണു് ഇപ്പോൾ കാണാൻ സാധിക്കുന്നതെന്നു വ്യക്തമാകും. സർ, ഇന്നലെയാണെന്നു തോന്നുന്നു, ശ്രീ. പി. ടി. ചാക്കോ, തിരുവല്ലാവച്ചു് ഒരു പ്രസംഗം നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

തായി കാണാൻ കഴിഞ്ഞു. അദ്ദേഹം പറയുന്നതു്, ഐ. ജി. ക്കെതിരായി, പ്രതിപക്ഷ മെമ്പറന്മാരെക്കൊണ്ടു് ആരോപണങ്ങൾ ഉന്നയിപ്പിച്ചു പ്രസംഗിക്കാൻ പ്രേരിപ്പിച്ചതു് മുഖ്യമന്ത്രി ശ്രീ. ശങ്കറാണെന്നാണു്. സർ, ഇതു് എത്ര ഗൗരവതരമായ ഒരു പ്രസ്താവനയാണെന്നു് ആലോചിക്കണം. ഇന്നലെവരെ ഈ രാജ്യത്തെ പോലീസ് വകുപ്പു കൈകാര്യംചെയ്തിരുന്ന ഒരു മന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ടി. ചാക്കോയാണു് ഇങ്ങനെ ഒരു പ്രസംഗം ചെയ്തിരിക്കുന്നതു്. എനിക്കു് ഈ അവസരത്തിൽ ഒരു കാര്യം വ്യക്തമാക്കാനുണ്ടു്. ശ്രീ. ആർ. ശങ്കറും, ശ്രീ. പി. ടി. ചാക്കോയും അവരുടെ ഗ്രൂപ്പുകളും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന കോഴിപ്പോരിൽ പോലീസ് വകുപ്പു ആരു വഹിക്കണം, പോലീസിനെ എങ്ങനെ ഉപയോഗിക്കണം എന്നുള്ളതിനെ സംബന്ധിച്ചു അവരുടെ ഇടയിലുള്ള വടംവലികളെ സംബന്ധിച്ചു ഞങ്ങളുടെ പാർട്ടിക്കു് ഒരു താൽപ്പര്യവുമില്ല. കഴിഞ്ഞ നാലുകൊല്ലക്കാലം ശ്രീ. ശങ്കറും, ശ്രീ. ചാക്കോയും യോജിച്ചുനിന്നുകൊണ്ടു്, സാമാന്യജനങ്ങളുടേയും, തൊഴിലാളികളുടേയും, കർഷകരുടേയും താൽപര്യങ്ങൾക്കു എതിരായി പ്രവർത്തിച്ചിട്ടുള്ളതിന്റെ അനുഭവം ഞങ്ങളുടെ മുൻപിലുണ്ടു്. അങ്ങനെയുള്ള കോഴിപ്പോരിൽ ഇപ്പോൾ ഞങ്ങളെ വലിച്ചിഴക്കാതിരിക്കണം. അവർക്കു തമ്മിൽ വല്ലതും പറയാനുണ്ടെങ്കിൽ പറഞ്ഞുകൊള്ളട്ടെ. ഞങ്ങളെ ഇടയ്ക്കു പിടിച്ചിടാതിരുന്നാൽമതി. ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നകാലം മുതൽ ഞങ്ങളുടെ പാർട്ടി, വ്യക്തമായി, അപ്പോഴപ്പോൾ പോലീസ് വകുപ്പിലെ ദുഷ്പ്രവണതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. യഥാവസരം അതു പരിഹരിക്കപ്പെടാതെ, അതിന്റെ വികാസരൂപത്തിൽ പോലീസ് വകുപ്പിൽ കാണുന്ന കുഴപ്പങ്ങൾ ഇന്നു രാജ്യം നേരിടേണ്ടതായി വന്നിരിക്കുകയാണു്. സർ, കഴിഞ്ഞ ഒരു വർഷത്തെ ഭരണം എടുത്തു നോക്കിയാൽ, പോലീസിനെ ഏതെല്ലാം രംഗത്തു എന്തിനെല്ലാം ഉപയോഗിച്ചു എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. തിരുവല്ലായിൽ പോളി ടെക്ക്നിക്ക് സ്കൂളിലെ വിദ്യാർത്ഥികളെ പബ്ലിക്കു റോഡിലിട്ടു് അടിച്ചു. ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും വസ്ത്രവും,ചെരിപ്പും റോഡുനീളെ കാണപ്പെട്ട സംഭവം നാം മറന്നിട്ടില്ല. യൂണിയൻ ക്രിസ്ത്യൻ കാളേജിലെ വിദ്യാർത്ഥികളുടെ മേലും പോലീസിന്റെ ആക്രമണം ഉണ്ടായതിന്റെ ഒച്ചപ്പാടു് ഉണ്ടായിട്ടുണ്ടു്. ഈ രാജ്യത്തു അങ്ങനെ വിദ്യാർത്ഥികളെ പോലീസാക്രമണത്തിനു വിധേയരാക്കിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുപോലെ തൊഴിലാളി സമരങ്ങൾ ഉണ്ടായിട്ടുള്ളപ്പോൾ, മുതലാളിമാരുടെ ജീപ്പും, പണവും ഉപയോഗിച്ചു് പോലിസ് ഇടപെട്ടു് തൊഴിലാളി സമരങ്ങൾ അടിച്ചമർത്താൻ ശ്രമിച്ചിട്ടുണ്ടു്. അങ്ങനെ പോലീസ് ഡിപ്പാർട്ടുമെന്റു കാണിച്ചിട്ടുള്ള വിക്രിയകൾ, ഈ രാജ്യത്തെ ജനങ്ങൾ ഒരിക്കലും വിസ്മരിക്കുകയില്ല. കാസർകോട്ടു ഒരു തൊഴിലാളി പണിമുടക്കുണ്ടായപ്പോൾ അതിനെ അടിച്ചമർത്താൻ പോലീസ് അവിഹിതമായി ഇടപെട്ടിട്ടുള്ളതിന്റെ ചരിത്രം നാം മറന്നിട്ടില്ല. വളപട്ടണം പ്ലൈവുഡ്ഡിൽ ഉണ്ടായ ലാത്തിച്ചാർജ്ജും പോലീസിന്റെ ക്രമസമാധാന പാലനത്തിനു മറെറാരു ഉദാഹരണമാണു്. ഇങ്ങനെ ജന്മിമാർക്കുവേണ്ടി, സ്ഥാപിത താൽപര്യങ്ങൾക്കുവേണ്ടി പോലീസ്കാർ വളരെയേറെ അവിഹിതമായി ഇടപെട്ടിട്ടുള്ള അനുഭവം നമുക്കുണ്ടായിട്ടുണ്ടു്. കല്യാട്ടു യജമാനന്റെ സ്ഥലത്തുനിന്നു് കുടിയാന്മാരെ കുടിയിറക്കുന്നതിനുവേണ്ടി പോലീസ് ജീപ്പിൽ കയറി, അദ്ദേഹത്തിന്റെ ആൾക്കാരും, ഏജന്റന്മാരുമായി നടത്തിയ അക്രമങ്ങളെപ്പററി ശ്രീ. കെ. കൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അതുപോലെ, മണ്ണാർക്കാട്ടു മൂപ്പിൽ നായരുടെ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതിനുവേണ്ടി, അദ്ദേഹത്തിന്റെ ജീപ്പിൽ ഇൻസ്പെക്ടരും പോലീസുകാരും കയറി കാട്ടിക്കൂട്ടിയ അക്രമങ്ങൾ ശ്രീ. കൃഷ്ണൻതന്നെ ഇവിടെ മുൻപു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇങ്ങനെ നിരവധി അനുഭവങ്ങൾ, കൃഷിക്കാർക്കെതിരായും, തൊഴിലാളികൾക്കു് എതിരായും, സാമാന്യജനങ്ങൾക്കെതിരായും പോലീസിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഉണ്ടായിട്ടുണ്ടു്. ഈ വിധത്തിൽ എത്രയോ സംഭവ പരമ്പരകളാണു് കഴിഞ്ഞ ഒരു കൊല്ലത്തിനകം ഇവിടെ നടന്നിട്ടുള്ളതെന്നു പരിശോധിച്ചാൽ മതി പോലീസിന്റെ ഭരണക്രമത്തിലുള്ള തകരാറുകൾ മനസ്സിലാക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly

സർ, കഴിഞ്ഞ നാലുവർഷക്കാലത്തെ പോലീസ് ഭരണം പരിശോധിച്ചാൽ, പല ചാർത്തിച്ചാർജ്ജുകളും, ലാക്കപ്പ് മരണങ്ങൾതന്നെയും നടന്നിട്ടുള്ളതായി കാണാം. അതിൻെറ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. നമുക്കു സ്വാതന്ത്ര്യം കിട്ടിയിട്ട് 16 കൊല്ലം കഴിയുന്നു. ഇന്നും പഴയ പോലീസു ഭരണക്രമത്തിനു കാര്യമായ മാററം വരുത്തിയിട്ടില്ല. അതു പോലീസുകാരുടെ കുററംകൊണ്ടല്ല ഭരണകക്ഷിയുടെനയം അതായതുകൊണ്ടാണ്. ഇന്ന് സാമാന്യ ജനങ്ങളെ അടിച്ചമർത്തുന്നതിനും, തൊഴിലാളികളെ പരാജയപ്പെടുത്തുന്നതിനുമുള്ള ഒരു മെഷിനറിയായിട്ട് ഗവൺമെൻറ് പോലീസിനെ ഉപയോഗിക്കുകയാണ്. നാട്ടിലെ ക്രമസമാധാന പാലനത്തിൽ, ജനങ്ങൾക്കു താങ്ങും തണലുമായി വർത്തിക്കേണ്ട പോലീസിനെ, ജനസാമാന്യത്തിൻെറ അവകാശങ്ങൾക്കെതിരായും, സ്ഥാപിത താൽപ്പര്യങ്ങൾക്ക് അനുകൂലമായും ഇന്ന് ഗവൺമെൻറ് ഉപയോഗിച്ചു വരികയാണ്. ഇന്ന് ഇങ്ങനെയൊരാവശ്യം ഭരണകക്ഷിക്ക് വന്നുചേർന്നിരിക്കുകയാണ്. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല.

സർ, ഈ പോലീസ് വെരിഫിക്കേഷൻെറ കാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ ഞാൻ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. പോലീസ് വെരിഫിക്കേഷൻ എങ്ങനെയാണ് ഇവിടെ ഭരണകക്ഷിയുടെ ആവശ്യത്തിനുപയോഗിക്കുന്നതെന്നു ശ്രീമാൻ ഹസ്സൻഗനി ചൂണ്ടിക്കാണിക്കുകയുണ്ടായി. പോലീസ് വെരിഫിക്കേഷൻ എന്നു പറയുന്നതു് രണ്ടു നൂററാണ്ടിനിപ്പുറം ചിന്തിക്കാൻ പാടില്ലാത്ത അത്ര ഹീനമായ ഒരു കൃത്യത്തിൻെറ, നിഷ്ഠൂരമായ ഒരു പ്രവൃത്തിയുടെ കാൺഗ്രസ്സിൻെറ ഏററവും ലജ്ജാകരമായ ഒരു പ്രവൃത്തിയുടെ എല്ലാം രൂപമായിട്ടു നമുക്കു കാണാൻ കഴിയും. ഇവിടെ പോലീസ് വെരിഫിക്കേഷനെപ്പററി പറയുമ്പോഴെല്ലാം മുഖ്യമന്ത്രി പറയും, രാഷ്ട്രീയ കാര്യങ്ങളുടെ പേരിൽ ആക്കും ഉദ്യോഗം കൊടുക്കാതെയില്ല എന്നും ആരേയും ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിട്ടിട്ടില്ല എന്നും, ഇതൊക്കെയാണ് അതിലെ നയമെന്നും പറയാറുണ്ട്. ഇതു വെറും സത്യവിരുദ്ധമാണെന്നു മിതമായ ഭാഷയിൽ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സ്റ്റേററിൽ നിരവധിയാളുകൾ കണ്ണീരും കയ്യുമായി നടക്കുന്നുണ്ട്. സാധാരണ തൊഴിലാളി വർഗ്ഗത്തിൽപെട്ടവരാണെങ്കിൽ, ദരിദ്രകുടുംബത്തിൽ പെട്ടവരാണെങ്കിൽ അവക്കു പോലീസിൻെറ പിടിയിൽനിന്നും രക്ഷപ്പെടാൻ നിർവാഹമില്ലാത്ത രീതിയിൽ നീചമായ കിരാതമായ അവസ്ഥയിലേക്കു അതു നീങ്ങിക്കൊണ്ടിരിക്കുകയാണ്. സകലവിധ യോഗ്യതയുമുണ്ടെങ്കിൽ പോലും രാഷ്ട്രീയമായ പരിഗണനവച്ചുകൊണ്ട് ഇന്നു ഉദ്യോഗങ്ങൾ നിഷേധിക്കുന്നുണ്ട്. കറപ്ഷൻെറ ചുമതലകൂടി വഹിക്കേണ്ട പോലീസ് ഡിപ്പാർട്ടുമെൻറിൽ കറപ്ഷൻ നടത്താനുള്ള ഒരു ഉപാധിയായി മാറിയിരിക്കുകയാണ് ഈ വെരിഫിക്കേഷൻ സമ്പ്രദായം. പോലീസ് വെരിഫിക്കേഷൻ സമ്പ്രദായം പോലീസ് ഉദ്യോഗസ്ഥന്മാക്കും ഭരണകക്ഷികൾക്കും പണപ്പിരിവു നടത്താനുള്ള ഒരു പ്രസ്ഥാനമായി ഇന്നു വളർന്നിരിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിക്കുന്നതിനുള്ള ഒരു പ്രസ്ഥാനമായി അതു രൂപാന്തരപ്പെട്ടിരിക്കുകയാണ്. പോലീസ് വെരിഫിക്കേഷൻ പ്രകാരം നൂറുകണക്കിൽ ചിലപാനം പേക്ക് ജോലി നഷ്ടപ്പെട്ടതായി മുഖ്യമന്ത്രിതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇരുപതിനായിരം പേരെ ഉദ്യോഗത്തിനു സെലക്റ്റു ചെയ്തു. ഒരു ക്യാൻഡിഡേററിന് എന്തെല്ലാം കാരണത്താൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ ഉദ്യോഗത്തിനു അയോഗ്യത കല്പിക്കുമെന്നു് അറിഞ്ഞുകൂടാ. ഈ ഇരുപതിനായിരം ആളുകളും പോലീസ് വെരിഫിക്കേഷൻ കഴിയുമ്പോൾ ഉദ്യോഗം കിട്ടുമോ ഇല്ലയോ എന്നുള്ള രീതിയുമായി കഴിയുകയായിരിക്കും. അതിൻെറ ഫലമായി ഇതിൽ ചിലർ പോലീസുകാരുടേയും ഭരണകക്ഷികളുടേയും പുറകേ നടക്കുന്നതായ അനുഭവവും ഉണ്ടാകുന്നുണ്ട്. അങ്ങനെ പോലീസ് വളരെ വിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

2/17 ;7/V

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി പറയുവാനുള്ളത് പോലീസ് വെരിഫിക്കേഷൻ സമ്പ്രദായത്തെ ഭരണകക്ഷി അംഗങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്നാണ്. ഞങ്ങൾ ഇതു പറയുമ്പോൾ വെറും പ്രചരണത്തിനുവേണ്ടി പറയുകയാണെന്നു പറഞ്ഞു ആക്ഷേപിക്കാറുണ്ട്. അങ്ങനെയല്ല. ഭരണകക്ഷിയിലെ അംഗങ്ങൾ വളരെ വ്യക്തമായി അവരുടെ ഔദ്യോഗിക പരിപാടിയായും കോൺഗ്രസ്സ് കക്ഷിയും മണ്ഡലം കോൺഗ്രസ്സുകാരും ഉപയോഗിക്കുന്നുവെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ഒന്നുരണ്ടു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. നിരവധി കത്തുകൾ ഈ പോലീസ് വെരിഫിക്കേഷൻ സമ്പ്രദായംകൊണ്ട് ജോലി നഷ്ടപ്പെട്ടിട്ടുള്ളവരിൽനിന്നും എനിക്കു ലഭിച്ചിട്ടുണ്ട്. അതിൽ വട്ടവിള ജയകുമാർ എന്നൊരാളിന്റെ കത്തു സഭയുടെ ശ്രദ്ധക്കായി ഞാൻ വായിക്കുകയാണ്.

പ്രിയ സുഹൃത്തേ,

ഞാൻ 1962-ൽ പി. എസ്സ്. സി. നടത്തിയ ഇലക്ട്രിക്കൽ ടെസ്റ്റ് എഴുതി റാങ്ക് കിട്ടി. കോഴിക്കോട്ട് പി. ഡബ്ലിയു. ഡി. സെക്ഷനിൽ ക്ലാർക്കായി സെലക്റ്റ് ചെയ്തിരിക്കുന്നതായി മെമ്മോയും കിട്ടി. എന്നാൽ ഏഴു മാസത്തിനുശേഷം "Your selection has been cancelled" എന്നെഴുതിയ ഒരു മെമ്മോ വീണ്ടും കിട്ടി. എന്തു കാരണത്താലാണ് ജോലി നിഷേധിച്ചതെന്ന് അതിൽ വ്യക്തമാക്കിയിരുന്നില്ല. ഞാൻ ഇതേവരെ ഒരു കേസിലും ഉൾപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല. എനിക്ക് കിട്ടേണ്ടതായ ജോലി നിഷേധിച്ചതിനാധാരം പോലീസ് വെരിഫിക്കേഷനാണെന്നു തോന്നുന്നു. വെരിഫിക്കേഷന് വന്ന ഉദ്യോഗസ്ഥനെ 'കാണേണ്ട വിധത്തിൽ' കൈമടക്കുകൊടുത്തു' കാണാത്തതുകൊണ്ടും സ്ഥലത്തെ കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റി എനിക്കെതിരായി റിപ്പോർട്ട് ചെയ്തതുകൊണ്ടും ആയിരിക്കണം എനിക്കു ജോലി നഷ്ടപ്പെടാനിടയായതെന്ന് ഞാൻ കരുതുന്നു. ഹരിജൻ എന്ന നിലയിൽ ഞാൻ ഒരു ഹരിജൻ മന്ത്രിയെ ചെന്നുകണ്ടു സങ്കടം ഉണർത്തിച്ചു. അതിന് അദ്ദേഹത്തിൽനിന്നും ഉണ്ടായ മറുപടി തികച്ചും നിരാശാജനകമായിരുന്നു.

ഗൗരവതരമായ ഒരു പ്രശ്നം ഇവിടെ ആ ക്യാൻഡിഡേറ്റ് ഉന്നയിക്കുകയാണ്. മന്ത്രി മുതൽ പ്രാദേശിക യൂണിറ്റുവരെ പോലീസ് വെരിഫിക്കേഷൻ സമ്പ്രദായം പാർട്ടിക്കുവേണ്ടിയും പണമുണ്ടാക്കാനും ഉപയോഗിക്കുന്നു എന്നുള്ളതിന് തെളിവാണ് അദ്ദേഹം പറഞ്ഞിട്ടുള്ള ഈ വാചകങ്ങൾ.

<u>ശ്രീ. ആർ. ശങ്കർ:</u> ആരുടെ കത്താണ്. അദ്ദേഹത്തിന്റെ പേർ ഒന്നുകൂടി പറയാമോ?

<u>ശ്രീ. എസ്സ്. കുമാരൻ:</u> വട്ടവിള ജയകുമാർ. കുഞ്ഞമ്പു മന്ത്രി പറഞ്ഞ കാര്യങ്ങളാണ് ഇനി വായിക്കുന്നത്.

"ഞാനും ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു.

ശ്രീമാൻ ഇ. എം. എസ്സും, ശ്രീ. പി. കൃഷ്ണപിള്ളയുമായി ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. ഒടുവിൽ കോൺഗ്രസ്സിൽ ചേർന്നു, അങ്ങനെ ഇപ്പോൾ മന്ത്രിയുമായി. ജയകുമാറും കോൺഗ്രസ്സിലും അധഃകൃതവർഗ്ഗ ലീഗിലും ചേർന്നു പ്രവർത്തിക്കണം. എങ്കിൽ ജോലി കിട്ടാൻ പ്രയാസം ഉണ്ടാകുകയില്ല."

<u>ശ്രീ. കെ. കുഞ്ഞമ്പു:</u> ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഏതെങ്കിലും ഹരിജനായ ഒരു കമ്മ്യൂണിസ്റ്റുകാരൻ സ്വന്തമായി എഴുതി അറിയിച്ചാൽ അതിനു ഞാൻ പറഞ്ഞതാണെന്നു പറഞ്ഞുകൊണ്ട് ഈ സഭയിൽ വായിക്കുന്നത് ശരിയല്ല. ഞാൻ അങ്ങനെ ഒരുത്തരുടേയും അടുക്കൽ പറഞ്ഞില്ല.

<u>ശ്രീ ആർ. ബാലകൃഷ്ണപിള്ള:</u> മുൻകൂട്ടി അറിയിച്ച് ആരെക്കൊണ്ടെങ്കിലും ഒരു എഴുത്ത് എഴുതി അയച്ചാൽ അത് ഒരാരോപണമായി വായിക്കുന്നത് അനുവദനീയമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്സ്. കുമാരൻ: ഒരു ക്യാൻഡിഡേററ നേരിട്ട എനിക്കു അയച്ചുതന്നതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: അപ്പോഴം മുൻകൂട്ടി അറിയിച്ചിട്ട് എഴുതി അയക്കുന്നതു് സഭയിൽ വായിക്കുന്ന പതിവുണ്ടെന്നു് ഇപ്പോഴം മനസ്സിലായി.

ശ്രീ. എസ്സ്. കുമാരൻ: "രാഷ്ട്രീയ പ്രവർത്തനം നടത്തിയിരുന്നു എന്നതു കൊണ്ടു് ജോലി ആക്കും നിഷേധിക്കുകയില്ല എന്നു് അസംബ്ലിയിൽ പല തവണ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതാണു്. എന്നാൽ എനിക്കു് ജോലി നിഷേധിച്ചതു് കമ്മ്യൂണിസ്ററു പാർട്ടിക്കുവേണ്ടി പ്രവർത്തിച്ചതാണു്. വെരിഫിക്കേഷനു് നിർബന്ധപൂർവ്വം ഒരുമ്പെട്ട മന്ത്രി ഇപ്പോഴം രാജി വച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ വെരിഫിക്കേഷൻ സമ്പ്രദായം പുനഃപരിശോധിക്കണമെന്നു് സഖാവു് വാദിക്കുമല്ലോ?"

സസ്നേഹം വട്ടവിള ജയകുമാർ.

ശ്രീ. ആർ. ശങ്കർ: രണ്ടെണ്ണം ഉണ്ടെന്നു പറഞ്ഞല്ലോ? മറേറതു ഏതാണു്.

ശ്രീ. എസ്സ്. കുമാരൻ: ആറാട്ടുപുഴയിലെ ഒരു പ്രാദേശിക സഭയിൽ ഒരു പത്മനാഭൻ ഭാസ്ക്കരൻ ആലപ്പുഴ ഡിസ്ട്രിക്ററു കാൺഗ്രസ്സ് കമ്മിററിയുടെ വൈസ് പ്രസിഡണ്ടിനയച്ച എഴുത്തും എൻെറ കൈവശം ഉണ്ടു്. ആറാട്ടുപുഴ കാൺഗ്രസ്സ് കമ്മിററി പ്രസിഡണ്ടായ എം. പത്മനാഭൻ ആലപ്പുഴ ഡി. സി. സി. വൈസ് പ്രസിഡൻറിനു് അയച്ച കത്തിൽ പ്രാദേശിക കമ്മിററിയുടെ അധികാരത്തിന്മേൽ ഡി. സി. സി. കൈകടത്തുകയാണു് ചെയ്യുന്നതെന്നാണു് ആക്ഷേപം. അതിൽ സംഗതമായ ഭാഗം ഞാൻ ഇവിടെ വായിക്കാം.

"അങ്ങു് ഈയിടെ നാലഞ്ചു കമ്മ്യൂണിസ്ററുകാരുടെ പേരിൽ പോലീസ് വെരിഫിക്കേഷൻ നടത്തുകയുണ്ടായി എന്നറിഞ്ഞു. ഇതു് യൂണിററുകളുടെ അധികാരത്തിന്മേലുള്ള കൈകടത്തലാണു്. യൂണിററുകളെക്കൊണ്ടു് ഒന്നും കഴിയുകയില്ല എന്നാണോ അങ്ങയുടെ വിചാരം. എങ്കിൽ യൂണിററുകളെ പിരിച്ചുവിടണം". ഇതുപോലെ നിരവധി ഉദാഹരണങ്ങൾ പറയാൻ കഴിയും. നമ്മുടെ സ്റ്റേററിലെ ഗണ്യമായ വിഭാഗം ആളുകളുടെ പണപ്പിരിവിനുള്ള ഒരു യൂണിററായി ഈ സമ്പ്രദായം മാറിയിരിക്കുകയാണു്. ഓരോരുത്തരും അവരുടേതായ അവകാശമായി അതിനെ കാണുകയാണു്. കാൺഗ്രസ്സുകാർ അവരുടെ അവകാശമായി പറയും. ഡി. സി. സി. പ്രസിഡൻറു് അവരുടെ അവകാശമായി പറയും. മണ്ഡലംകമ്മിററി അവരുടെ അവകാശമാണെന്നു പറയും. ഇങ്ങനെ ഓരോരുത്തരും തങ്ങളുടെ കൂടുതൽ സ്വാധീനം ഉപയോഗിച്ചു് ഈ രാജ്യത്തെ ജനാധിപത്യ പ്രസ്ഥാനത്തെ കഴിച്ചുമൂടുകയാണു ചെയ്യുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, നമ്മുടെ സ്റ്റേററിൽ ആലപ്പുഴ ഡി. സി. സി. വൈസ് പ്രസിഡൻറു് മണ്ഡലം പ്രസിഡൻറിനയച്ചതായ എഴുത്തു് എന്നു പറഞ്ഞുകൊണ്ടു് ഇവിടെ അയച്ച എഴുത്തു് അദ്ദേഹത്തിനു് കിട്ടിയോ എന്നും മററും തെളിയിക്കാൻ പ്രയാസമാണു്. ആ നിലയ്ക്കു് ഇതു് ഈ സഭയിൽ കൊണ്ടുവന്നു വായിച്ചു് ഈ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതു് ശരിയല്ല. ഇതു തടയണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

Mr. Speaker: The member takes the responsibility of the letter that he is reading. It should be placed on the table of the House, if necessary.

ശ്രീ. എസ്സ്. കുമാരൻ: ഇതിൽ ഞാൻ കുററക്കാരനല്ല. കാൺഗ്രസ്സ് മെമ്പറന്മാർ അയച്ചുതരാതിരുന്നെങ്കിൽ ഞാൻ വായിക്കുമായിരുന്നില്ല. എനിക്കു് ഈ സഭയിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു് മുഖ്യമന്ത്രി രാഷ്ട്രീയത്തിൽ പെട്ടിട്ടുള്ളവർക്കു് ജോലി നിഷേധിക്കുകയില്ല എന്നു പറഞ്ഞാലും കാര്യത്തിൽ ജോലി കിട്ടുന്നില്ല എന്നുള്ളതാണു് സത്യം എന്ന സംഗതിയാണു്. അതുപോലെതന്നെ ഓരോരുത്തരും അവരവരുടെ ന്യായമായ ഒരു അവകാശമായി ഇതിനെ ഗണിക്കുന്നു എന്നുള്ള ആരോപണം ഉന്നയിക്കുകയാണു്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻഡിഡേററിന് വ്യക്തമായിട്ടുള്ള ഉറപ്പു നൽകാൻ, ഒരു ക്രിമിനൽകേസ്സിൽ പ്രതിയായില്ലെങ്കിൽ, അല്ലെങ്കിൽ അതുമാതിരി കേസുകളിൽ കുടുങ്ങിയിട്ടില്ലെങ്കിൽ ജോലി ലഭിക്കുമെന്നുള്ള ഉറപ്പു കിട്ടുവാൻ ഇന്നത്തെ സമ്പ്രദായം ഉപകരിക്കുന്നില്ല. അങ്ങനെയൊരു ഉറപ്പു കിട്ടാൻ സമഗ്രമായ വ്യക്തമായ ഒരു പരിപാടി ഉണ്ടായിരിക്കണം. അല്ലെങ്കിൽ പോലീസുകാരുടെ റിപ്പോർട്ടിന്മേൽ കേവലം ഒരു കഥകളി കണ്ടതിന് തിരുവല്ലാ ശ്രീ. ശങ്കരൻനായരെ പിരിച്ചുവിട്ടതുപോലുള്ള അനുഭവം ഈ നാട്ടിലെ ജനങ്ങൾക്കുണ്ടാകും. വ്യക്തമായിട്ടുള്ള ഉറപ്പ് ഈ കാര്യത്തിൽ ജനങ്ങൾക്കുണ്ടാകണം. അതില്ലാത്തിടത്തോളം കാലം മന്ത്രിയും കോൺഗ്രസ്സുകാരും എത്രതന്നെ ആവർത്തിച്ചു പറഞ്ഞാലും ദേശാഭിമാനമുള്ള ഈ നാട്ടിലെ ജനങ്ങൾ വകവയ്ക്കാൻ പോകുന്നില്ല. പോലീസ് വെരിഫിക്കേഷനെ എതിർത്തുകൊണ്ട് പോലീസ് വെരിഫിക്കേഷൻ സമ്പ്രദായം നിലനിറുത്തുന്ന ഗവണ്മെന്റിനെ കഴിച്ചുകൂട്ടുന്നതിനുള്ള അങ്ങനെയല്ലാത്ത ഒരു ഗവണ്മെന്റ് നിലനിറുത്തുന്നതിനുംവേണ്ടി ഈ രാജ്യത്തെ സാമാന്യരായ ജനങ്ങൾ മുന്നോട്ടുവരും. അങ്ങനെയുള്ള ആയിരക്കണക്കിനുള്ള ചെറുപ്പക്കാരുടെ പ്രയത്നഫലമായി കമ്മ്യൂണിസ്റ്റുകാരും പ്രതിപക്ഷവും പുരോഗമിക്കുവാനാണ് സാദ്ധ്യതയെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ ഡിമാന്റിനെ ഒന്നുകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആന്റണി ഡിക്രൂസ്: സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുകയാണ്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കൈവന്നതിനുശേഷം ഏററവും ജനാധിപത്യപരമായും ജനകീയമായും പെരുമാറിയിട്ടുള്ള ഏക ആയുധം തിരുവനന്തപുരം പോലീസിന്റെ ലാത്തിയാണ്. കോൺഗ്രസ്സുകാർ ഭരിച്ചപ്പോൾ അതു കമ്മ്യൂണിസ്റ്റുകാരെ തല്ലിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഭരിച്ചപ്പോൾ അതു കോൺഗ്രസ്സുകാരേയും പി. എസ്സ്. പി. ക്കാരായ ഞങ്ങളേയും തല്ലിയിട്ടുണ്ട്. ഓരോ പാർട്ടി ഭരിച്ചപ്പോഴും അവരുടെ എതിരാളികളെ ഈ ലാത്തികൊണ്ട് തല്ലിയിട്ടുണ്ട്. ആ വിധത്തിൽ പോലീസിന്റെ ഭരണം കൊണ്ടുപോകുന്നത് ഏററവും നിർഭാഗ്യകരമാണ്. ഭരിക്കുന്ന കക്ഷികൾക്കു വേണ്ടി പോലീസിനെ ഉപയോഗിക്കുക എന്ന തത്വം കഴിഞ്ഞ പത്തു കൊല്ലമായി ഇവിടെ അംഗീകരിച്ചിട്ടുള്ളതാണ്. ഇന്ന് മുഖ്യമന്ത്രി ആ വകുപ്പ് ഏറെറടുത്തിരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പി. എസ്സ്. പി.-യുടെ ഭരണകാലത്തായിരുന്നു ആ ലാത്തികൊണ്ട് കൂടുതൽ ആളുകളെ തല്ലിയതെന്ന് അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അതു കോൺഗ്രസ്സിന്റെ സപ്പോർട്ടോടുകൂടിയായിരുന്നു എന്നും അറിയാമോ?

ശ്രീ. ആന്റണി ഡിക്രൂസ്: ഭരണകക്ഷിക്കുവേണ്ടി പോലീസുകാരൻ തല്ലാൻ പോകുന്നതും പോലീസിനെ ഭരണകക്ഷിക്കു വിധേയമായി പ്രയോജനപ്പെടുത്തുന്നതുമായ ഏർപ്പാട് ജനാധിപത്യ സമ്പ്രദായത്തിന് യോജിച്ചതല്ല. മുഖ്യമന്ത്രി ഇതിന്റെ ചാർജ്ജ് ഏറെറടുത്ത ശേഷം ഇതിന്റെ മുഴുവൻ ഉത്തരവാദിത്വം ശ്രീ. ചാക്കോയിൽനിന്നും മുഖ്യമന്ത്രിക്കു പോയിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ വാദം ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും ശ്രീ. ചാക്കോക്കാണ് എന്ന മട്ടിലാണ്. ശ്രീ. ചാക്കോ നൽകിയതായി ഇന്ന പത്രത്തിൽ കണ്ട റിപ്പോർട്ട് ഞാൻ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഏതെങ്കിലും ഒരാൾ ഒരു വകുപ്പു കൈകാര്യം ചെയ്തു എന്നുവച്ച് മററ് ആരുടേയെങ്കിലും പിൻബലം വച്ചുകൊണ്ട് ഇപ്പോൾ വകുപ്പു കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്മാരെ തേജോവധം ചെയ്യാൻ പോകുന്നു എന്നാണ് പറയുന്നത്. ശ്രീ. ചാക്കോയുടെ ആ അഭിപ്രായത്തോടു ഞാനും യോജിക്കുകയാണ്. ആ വിധത്തിൽ കാര്യങ്ങൾ നോക്കുന്നത് വിഷമങ്ങൾ ഉണ്ടാക്കും.

സർ, കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ചുരുളി കീരിത്തോട് പ്രദേശങ്ങളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചു നോക്കുക. അതിനെ സംബന്ധിച്ച് ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നു, ഒരു പരസ്യാന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടു. അതിനു മറുപടിയായി മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി,

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരസ്യാന്വേഷണം നടത്താൻ തയ്യാറില്ലെന്നു്. പരസ്യാന്വേഷണം നടത്താൻ തയ്യാറാകാത്തതിൻെറ കാരണം എന്താണെന്നു് മനസ്സിലാകുന്നില്ല. പോലീസ് വകുപ്പു മുഖ്യമന്ത്രി ഏറെറടുത്തതിനുശേഷം ഒരു പ്രത്യേക സമുദായത്തിൻെറ നേരെ പോലീസു് വിരൽ ചൂണ്ടുന്നതു കാണാം. ഞാൻ ഇന്നു് രാവിലെ ഒരു അടിയന്തിര പ്രമേയത്തിനു് അനുമതി ചോദിച്ചിരുന്നു. അതു് ഈ കഴിഞ്ഞ മൂന്നു ദിവസമായി വലിയതുറ ഒരു തൊഴിൽ സമരം നടക്കുന്നതിനെപ്പററിയാണു്. മുഖ്യമന്ത്രിയുടെ പേരിലുള്ള ഒരു കേസിൽ സാക്ഷിപറഞ്ഞ മുഖ്യമന്ത്രിയുടെ ബന്ധുവായ ഒരാറം കാൺട്രാക്ററു് എടുത്തിട്ടുള്ള ഒരു ജോലി. അതിൽ ജോലി ചെയ്യുന്ന ആളുകറംക്കു് കൂലി കൊടുക്കാത്തതുകൊണ്ടാണു് സമരം നടക്കുന്നതു്.

<u>ശ്രീ. ആർ. ശങ്കർ:</u> ആ കാൺട്രാക്ററു് എടുത്തിരിക്കുന്ന ആളിൻെറ പേരു് ഒന്നു പറയാമോ?

<u>ശ്രീ. ആൻറണി ഡിക്രൂസു്:</u> സി. ആർ. ദാസു് എന്നാണു് പേരു്.

<u>ശ്രീ. ആർ. ശങ്കർ:</u> ആ ആറം എൻെറ ബന്ധുവൊന്നും അല്ല.

<u>ശ്രീ. എം. നാരായണക്കുറുപ്പു്:</u> കേരളത്തിലുള്ളവരെല്ലാംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബന്ധുവാണു്.

<u>ശ്രീ. ആർ. ശങ്കർ:</u> ബന്ധുക്കറം അല്ലാത്തവരും കുറെപേരുണ്ടു്.

<u>ശ്രീ. ആൻറണി ഡിക്രൂസു്.</u> ആ കാൺട്രാക്ററർക്കു വേണ്ടി ഇപ്പോറം പോലീസിനെ വിട്ടുകൊടുത്തിരിക്കുകയാണു്. അവിടെ ഏററവും ഭീകരമായ ഒരു അവസ്ഥ സംജാതമായിരിക്കുകയാണു്. മൂന്നുനാലു വാൻ പോലീസുകാർ ഇന്നു് അവിടെയുണ്ടു്. ഇതിനെപ്പററി ഒരു കേസു് കോടതിയിൽ കൊടുക്കുകയും, തൊഴിലാളികറംക്കു് കൂലി കൊടുക്കണമെന്നു് കോടതിയിൽനിന്നു് ഉത്തരവിടുകയും ചെയ്തു. എന്നാൽ ഇതുവരെയും കൂലി കൊടുത്തിട്ടില്ല. വലിയതുറയിലുള്ള Port B at M[illegible]ns Uni n-ൻെറ പ്രസിഡൻറിനെ ഇന്നലെ പൂന്തുറ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി അദ്ദേഹത്തിനെക്കൊണ്ടു് സബ്ബ് ഇൻസ്പെക്ററർ ഒരു ലററർ എഴുതിവാങ്ങിയതിൻെറ കോപ്പി എൻെറ കൈവശം ഉണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു് 'ഞാൻ തിരുവനന്തപുരത്തുള്ള ബോട്ടുമെൻസ് യൂണിയനുമായി ഇനി യാതൊരു വിധത്തിലുള്ള പ്രവത്തനങ്ങളിലും ഏർപ്പെടുകയില്ലെന്നും, 8-3-1964 ഞായറാഴ്ച രണ്ടു മണി മുതൽ ബോട്ടുമെൻസ് യൂണിയനുമായുള്ള സവ്വബന്ധങ്ങളും ഇതിനാൽ ഉപേക്ഷിച്ചിരിക്കുകയാണു്' എന്നാണു്.

ഈ വിധത്തിൽ ബലാൽക്കാരമായി ഒരു എഴുത്തു് എഴുതി വാങ്ങിക്കുകയുണ്ടായി. ഇതിൻെറ ഫലമായി ബോട്ടുമെൻസ് യൂണിയൻെറ പ്രസിഡൻറു് എവിടെയാണെന്നു് അറിയാൻ പാടില്ല. ഈ വിധത്തിലാണു് കാര്യങ്ങറം ഇന്നു് മുന്നോട്ടു പോകുന്നതെങ്കിൽ സ്ഥിതിഗതികറം എവിടെ ചെന്നവസാനിക്കുമെന്നു് അറിഞ്ഞുകൂട.

<u>ശ്രീ. ആർ. ശങ്കർ:</u> ആരു് എഴുത്തു് എഴുതി വാങ്ങിച്ചുവെന്നാണു് പറഞ്ഞതു്?

<u>ശ്രീ. ആൻറണി ഡിക്രൂസ്:</u> പൂന്തുറ പോലീസ് ഇൻസ്പെക്ററർ മി. തമ്പി വലിയതുറ ബോട്ടുമെൻസ് യൂണിയൻ പ്രസിഡൻറിൽനിന്നും എഴുതി വാങ്ങിച്ച ലെററാണു് ഞാൻ ഇവിടെ വായിച്ചതു്.

<u>ശ്രീ. ആർ. ശങ്കർ :</u> ഇതു് തെളിയിക്കാൻ കഴിയുമോ ?

<u>ശ്രീ ആൻറണി ഡിക്രൂസ് :</u> തെളിയിക്കാൻ കഴിയും. ഈ വിധത്തിലാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ രാജ്യത്തെ പോലീസിനെ ഉപയോഗിക്കുന്നതെങ്കിൽ, ഞങ്ങറംക്കു് അതിനെ എതിർക്കാതിരിക്കാൻ നിവ്വാഹമില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങറംക്കു മുമ്പു് ഇവിടെ ചില ആരോപണങ്ങറം ഉണ്ടായി. അതിനെസംബന്ധിച്ചു് എനിക്കു് യാതൊരുവിധത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രതികരണങ്ങളും ഇല്ല. ചില പ്രധാനസ്ഥാപനങ്ങളെ ഉദ്ദേശിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറന്മാർ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. അത് തിരുവനന്തപുരത്ത് സാമ്പത്തികരംഗത്തും, മററു എല്ലാ രംഗങ്ങളിലും ഒരു നല്ല വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ശ്രീ. ഹസൻമരയ്ക്കാറുടെ സ്ഥാപനത്തെ സംബന്ധിച്ചാണ്. ഇത്രയും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തെ കുറിച്ച് എന്തെങ്കിലും ആരോപണം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെസംബന്ധിച്ച് അന്വേഷിക്കുകയും അതിനുത്തരവാദി ആരാണെന്ന് കണ്ടുപിടിക്കുകയും ചെയ്യേണ്ട ചുമതലയും ഇന്ന് പോലീസ്‌വകുപ്പിനെ പ്രതിനിധീകരിക്കുന്ന മന്ത്രിയ്ക്കാണ് ഉള്ളത്.

Mr. Speaker : Mr. Antony D'Cruz, are you prepared to give evidence before the Chief Minister if asked for ?

ശ്രീ. ആൻറണി ഡിക്രൂസ്: എല്ലാ തെളിവുകളും തരാൻ തയ്യാറാണ്. ഒരു കൊല്ലം കഴിഞ്ഞു അന്വേഷിച്ചു അറിയിച്ചാൽ പോര. അതു ന്യായമല്ല.

Mr. Speaker : When allegations are made on the floor of the House, Members should take the responsibility for them and must be prepared to give evidence if and when called for.

ശ്രീ. ആൻറണി ഡിക്രൂസ് : ശ്രീ. എൻ. ഈ. ബലറാം ഇതിനെ സംബന്ധിച്ചു ഒന്നു കൂടി അന്വേഷിക്കുന്നതും സത്യാവസ്ഥ മനസ്സിലാക്കുന്നതും കൊള്ളാം. കെ. എൽ. ആർ. 342-ൽ പോലീസ് ഉദ്യോഗസ്ഥന്മാരെപ്പററി ഹൈക്കോടതിയുടെ ജഡ്ജ്‌മെൻറിൽ ഒരു റഫറൻസ് ഉണ്ട്. കോടതിയിൽ ഉള്ള റിക്കാർഡ് തിരുത്തുകയുണ്ടായി എന്നാണ്. ആൻറികറപ്ഷൻെറ പരിധിയിൽ കൊണ്ടുവരേണ്ട ഒരു കേസാണ് അത്. ഈ രാജ്യത്ത് ഏററവും ബഹുമാനിക്കേണ്ട സ്ഥാപനങ്ങളാണ് കോടതികൾ. ലാ റിപ്പോർട്ടുകളിലും പോലീസുകാരെപ്പററിയുള്ള പരാമർശനങ്ങളുണ്ട്. കോടതിയിലിരിക്കുന്ന റിക്കാർഡുകൾ എടുത്തു തിരുത്തിയ നൂറു ഉദാഹരണങ്ങൾ വേണമെങ്കിൽ പറയാം. കഴിഞ്ഞ എൻെറ ഡിഫൻസ് ഓഫ് ഇൻഡ്യാ കേസ്സിൽ കോടതിയ്ക്കകത്ത് ഹാജരാക്കിയ റിക്കാർഡുകൾ പത്തു മണിക്ക് ബഞ്ച് ക്ലാർക്കിൽ നിന്നും ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോയ സംഭവങ്ങളുണ്ട്. അതു സംബന്ധിച്ച് ഡിസ്ട്രിക്ററു മജിസ്ട്രേട്ട് പോലീസുകാരുടെ പേരിൽ നടപടികളെടുത്തതിൻെറ ഫലമായിട്ട് അത് തിരിയെ കൊണ്ടുചെന്ന് ഹാജരാക്കിയതായും അറിയുന്നു. ഈ വിധത്തിൽ പോലീസ്‌കാരെ അഴിച്ചു വിടുകയാണെങ്കിൽ ഈ രാജ്യത്തെ ജനാധിപത്യത്തോടു ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല ഇപ്പോൾ പോലീസ് വകുപ്പിൻെറ ചാർജ് വഹിക്കുന്ന മുഖ്യമന്ത്രിയുടേയും ആളുകളുടേയും ആവശ്യത്തിനു വേണ്ടി പോലീസിനെ ഉപയോഗിക്കുകയാണ്. ഈ രാജ്യത്തെ പോലീസിനെ ഇങ്ങനെ മുന്നോട്ടു കൊണ്ടുപോയാൽ എവിടെ ചെന്നെത്തുമെന്നു കണ്ടു തന്നെ അറിയേണ്ടിയിരിക്കുന്നു.

അടുത്തതായി എനിക്ക് ഒരു കാര്യം പറയുവാനുള്ളത് നമ്മുടെ സ്റ്റേററിലുള്ള ജയിലുകളെപ്പററിയാണ്. തിരുവനന്തപുരത്തും, കണ്ണൂരും ഓരോ സെൻട്രൽ ജയിലുകൾ ഉണ്ട്. അവിടെ പല തരത്തിലുള്ള ശിക്ഷകൾ അനുഭവിക്കുന്നവരും, പല രീതിയിലുള്ള കുററങ്ങൾ ചുമത്തി വന്നിട്ടുള്ളവരുമാണ് ഉള്ളത്. സാധാരണ മററുള്ള സ്റ്റേററുകളിൽ ഒരാളെ തൂക്കാൻ വിധിച്ചാൽ എല്ലാ നടപടികളും കഴിഞ്ഞിട്ട് തൂക്കുന്നതിൻെറ തലേദിവസം ആ ആളെ അറിയിക്കുകയും പിറേറദിവസം തൂക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഇവിടെയാണെങ്കിൽ തൂക്കാനുള്ള എല്ലാ നടപടികളും എടുത്തിട്ട അഞ്ചാറു മാസങ്ങൾക്ക് മുമ്പ് തൂക്കാൻ വിധിച്ചിരിക്കുന്ന ആളിൻെറ മുമ്പിൽ അത് കാണിക്കുന്ന ഒരു ബോർഡ് കൊണ്ടുചെന്നു തൂക്കിയിടും. അതു കണ്ട് കണ്ട് നരകിച്ച് നരകിച്ച് ആ മനുഷ്യൻ ഇഞ്ചിഞ്ചായി മരിക്കുന്ന ഒരു സംപ്രദായമാണ് നമ്മുടെ ജയിലുകളിൽ ഉള്ളത്. ഈ സംപ്രദായം മാററിയിട്ട് തൂക്കുന്നതിൻെറ തലേദിവസം മാത്രം ആ ആളെ അറിയിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ജയിലുകളിൽ സാനിട്ടേഷൻ സംപ്രദായം വളരെ മോശമായ രീതിയിലാണു് ഉള്ളതു്. ഇതുപോലെയുള്ള വൃത്തികെട്ട സാനിട്ടേഷൻ രീതി വേറെ എവിടെയെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. അവിടെ ചെന്നാൽ ഒരു മൃഗശാലയുടെ പ്രതീതിയാണുള്ളതു്. നാററം കൊണ്ടു് അതിലേ നടക്കാൻകൂടി വയ്യാത്ത ഒരു സ്ഥിതിയാണുള്ളതു്. നാലഞ്ചുകൊല്ലമായിട്ടും ഒരു മന്ത്രിപോലും അവിടെ ഒന്നു് കയറി നോക്കിയിട്ടില്ല. ഈ കാര്യങ്ങളൊക്കെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണു് ഞാൻ ഇപ്പോൾ ഈ അവസരം വിനിയോഗിച്ചതു്. ഈ രാജ്യത്തെ പോലീസ് ഭരണം നല്ല രീതിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികളെടുക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഈ ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണു്. സാധാരണ മററു എല്ലാ വകുപ്പുകളെക്കാളും വളരെ നിശിതമായി പ്രതിപക്ഷത്തുനിന്നും ആക്ഷേപം കേൾക്കാറുള്ള ഒരു വകുപ്പാണു് പോലീസ് വകുപ്പു്. കമ്മ്യൂണിസ്ററുപാർട്ടി 28 മാസക്കാലം ഇവിടെ ഭരണം നടത്തിയതിനിടയിൽ, അന്നു് കേരളത്തിൽ ക്രമസമാധാന പരിപാലനത്തിനു് ഉപയോഗിച്ചിരുന്ന മാർഗ്ഗവും, അതിനുശേഷം കാൺഗ്രസ് ഗവണ്മെൻറു് ഇവിടെ ഭരണം ആരംഭിച്ചതിനുശേഷം ക്രമസമാധാനത്തിനുവേണ്ടി ഉപയോഗിക്കുന്ന നയവും തമ്മിൽ വ്യത്യസ്തമായിട്ടുള്ളതാണെന്നുള്ളതിനു് സംശയമില്ല. കമ്മ്യൂണിസ്ററുകാരുടെയും, അവരുടെ പാർട്ടിയിൽ വിശ്വസിക്കുന്നവരുടേയും താൽപര്യസംരക്ഷണത്തിനുവേണ്ടിമാത്രമാണു് പോലീസിനെ ഉപയോഗിച്ചിരുന്നതെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. എന്നാൽ അതു കഴിഞ്ഞു് അധികാരത്തിൽ വന്ന കാൺഗ്രസ് ഗവണ്മെൻറിൻെറ കാലത്തു് ഏതെങ്കിലും പാർട്ടിയുടെ താൽപര്യസംരക്ഷണത്തിനു് വേണ്ടി പോലീസിനെ ഉപയോഗിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല. ഈ രാജ്യത്തെ പൊതുജനങ്ങളുടെ പൊതുവായിട്ടുള്ള ക്രമസമാധാനത്തിനുവേണ്ടി മാത്രമേ പോലീസിനെ ഉപയോഗിക്കാവൂ എന്നു് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടു് ഭരണം നടത്തുന്ന ഒരു കാലഘട്ടമാണിതു്. സർ, പ്രതിപക്ഷങ്ങൾക്കു് വളരെയേറെ വിമർശനത്തിനു് വകയുള്ള ഒരു വകുപ്പാണു് പോലീസ് വകുപ്പു്. ഒരു കാലത്തു്, അക്രമത്തിനും, സ്വന്തം ആവശ്യത്തിനും വേണ്ടിമാത്രം ഉപയോഗിച്ചു കൊണ്ടിരുന്ന പോലീസ് വിഭാഗം കോൺഗ്രസിൻെറ ഭരണം വന്നതോടുകൂടി പൊതുജന സംരക്ഷണത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നതിനും, രാജ്യത്തു് സമാധാനവും നീതിയും പുലരുന്നതിനും തക്കവിധത്തിലുള്ള ഒരു വകുപ്പായിത്തീർന്നിരിക്കുകയാണു്. പോലീസ് അവരുടെ പ്രവർത്തനങ്ങൾക്കു് കൂട്ടുനിൽക്കുകയില്ലെന്നു് കണ്ടതോടുകൂടി പോലീസ് ഭരണത്തേയും, അതിൻെറ മേധാവിയേയും ചെളിവാരിയെറിഞ്ഞുകൊണ്ടുള്ള ആരോപണങ്ങൾ പ്രതിപക്ഷപാർട്ടിയിൽനിന്നും ഉണ്ടാകുന്നതിനെ വളരെ കാര്യമായി ഗണിക്കേണ്ട ആവശ്യമില്ലെന്നാണു് എൻെറ അഭിപ്രായം. കാൺഗ്രസിൻെറ ഭരണം ഇവിടെ ആരംഭിച്ച കാലം മുതൽ കേൾക്കുന്ന ഒരു മുറവിളിയാണു് പോലീസ് വെരിഫിക്കേഷനെ സംബന്ധിച്ചു്. കമ്മ്യൂണിസ്ററു പാർട്ടിയിൽപ്പെട്ട ആളുകളെ ഗവണ്മെൻറു സർവ്വീസിൽ എടുക്കാതിരിക്കത്തക്ക രീതിയിലുള്ള പോലീസ്‌വെരിഫിക്കേഷനാണു് ഇവിടെ എല്ലാ തുറകളിലും നടക്കുന്നതെന്നുള്ള ഒരു ആക്ഷേപം ഇവിടെ ഉന്നയിക്കുന്നതു കേട്ടു. അതിൻെറ സത്യാവസ്ഥ നോക്കുകയാണെങ്കിൽ പോലീസ് വെരിഫിക്കേഷനിൽ ചില വൈകല്യങ്ങൾ ഉണ്ടെങ്കിലും, പൊതുവായ രീതിയിൽ നോക്കുകയാണെങ്കിൽ പോലീസ് വെരിഫിക്കേഷൻ നല്ല നിലയിലാണു് ഇവിടെ നടന്നുവരുന്നതു്. അട്ടിമറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ ഗവണ്മെൻറു സർവ്വീസിലേയ്ക്കു് എടുക്കുകയാണെങ്കിൽ തീർച്ചയായും അതു് ഗവണ്മെൻറിൻെറ നിലനിൽപ്പിനു ഹാനികരമായി ബാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടു് സുസ്ഥിരമായി പൊതുജനങ്ങളെക്കൊണ്ടു് സേവനം നടത്തുന്ന പബ്ലിക്കു് സർവ്വീസിൽ ഏതു പാർട്ടിയിൽപ്പെട്ട ഗവണ്മെൻറു ഭരണം നടത്തിയാലും ശരി, അവർക്കു ചില കടമക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ളെല്ലാമുണ്ട്. ജനങ്ങളുടെ താൽപര്യത്തെ മാത്രം മുൻനിറുത്തി പ്രവർത്തിക്കുന്ന ഒന്നാണ് പബ്ലിക് സർവ്വീസ്. ഏതെങ്കിലും പാർട്ടിയുടെ താൽപര്യത്തിനു വേണ്ടി മാത്രം നിലകൊള്ളുന്ന ആളുകളെ അതിൽ കയററിവിടുകയാണെങ്കിൽ തീർച്ചയായും അതിൻെറ പ്രവർത്തനം ശരിയായി നടത്താൻ സാധിക്കുകയില്ല. ഒരാളിനു് ഒരു ഉദ്യോഗത്തിനു് വേണ്ടിയുള്ള എല്ലാവിധത്തിലുമുള്ള ക്വാളിഫിക്കേഷൻ ഉണ്ടെങ്കിലും അയാളുടെ സ്വഭാവം എന്താണെന്നു മനസ്സിലാക്കിക്കൊണ്ടും, അയാളുടെ പൂർവ്വകാലചരിത്രം മനസ്സിലാക്കിക്കൊണ്ടും, അയാളെ പബ്ലിക് സർവ്വീസിലേയ്ക്കു് കടത്തിവിടുന്നതുകൊണ്ടു് രാജ്യത്തിൻെറ പൊതു താൽപ്പര്യത്തിനു് ഹാനികരമാണോയെന്നു് നോക്കിക്കൊണ്ടും മാത്രമേ കയററിവിടാൻ സാധിക്കുകയുള്ളൂ. അതെല്ലാം അറിയുന്നതിനുവേണ്ടിയാണു് പോലീസ് വെരിഫിക്കേഷൻ ഏർപ്പെടുത്തിയിരിക്കുന്നതു്. ഈ കഴിഞ്ഞ നാലു വർഷക്കാലമായി വളരെ കർശനമായ രീതിയിലും കമ്മ്യൂണിസ്ററുകാരെ ഉദ്യോഗത്തിൽ കയററി വിടാത്ത രീതിയിലുമാണു് ഇവിടെ പോലീസ് വെരിഫിക്കേഷൻ നടന്നിട്ടുള്ളതെന്നു് പറയുകയുണ്ടായി. കമ്മ്യൂണിസ്ററുകാർ ഇവിടെ ഭരണം നടത്തിയിരുന്ന കാലത്തു് വളരെ ശാന്തമായ അന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നതെന്നും, ഇപ്പോൾ വളരെ കലുഷിതമായ ഒരു അന്തരീക്ഷമാണുള്ളതെന്നും ശ്രീ. എസ്. കുമാരൻ ഇവിടെ പറയുകയുണ്ടായി. പക്ഷെ അതിനു നേരെ വിപരീതമായ അനുഭവം ആണു് ഈ രാജ്യത്തുണ്ടായിട്ടുള്ളതെന്നു് എല്ലാവർക്കും അറിയാവുന്ന ഒരു സത്യമാണു്. കമ്മ്യൂണിസ്ററു ഗവണ്മെൻറിൻെറ കാലത്തു് സമാധാനമില്ലാത്ത ഒരു അന്തരീക്ഷമാണു് ജനങ്ങൾക്കുണ്ടായിരുന്നതെന്നുള്ളതിനു അനവധി ഉദാഹരണങ്ങൾ പറയാൻ സാധിക്കും. പക്ഷെ ഞാൻ ഇപ്പോൾ ഒരു ഉദാഹരണംമാത്രം പറയാം. ശ്രീ. സി. അച്യുതമേനോൻ ഇവിടെ ഫൈനാൻസ് മിനിസ്റ്ററായിരുന്ന കാലത്തു് അദ്ദേഹത്തിൻെറ ഒരു അളിയൻ രാഘവൻ എന്നു പേരുള്ള ഒരാൾ തൃശ്ശൂരുള്ള ഒരു സ്കൂളിൽ കുട്ടികളുടെ സ്ട്രൈക്കു് ഉണ്ടായ അവസരത്തിൽ ചില റൌഡികളേയും, കമ്മ്യൂണിസ്ററുപാർട്ടിയിൽപ്പെട്ടവരേയും ചേർത്തുകൊണ്ടു്, അവിടെ സ്ട്രൈക്കു് ഇല്ലായ്മചെയ്യാൻവേണ്ടി ചെന്ന ആർ. ഡി. ഓ. യോടു് അവിടെ നിന്നും ഇരുപത്തിനാലു മണിക്കൂറിനകം സ്ഥലം മാററുമെന്നു് പറയുകയും, ഇരുപത്തിനാലു മണിക്കൂറിനകം ആ ഉദ്യോഗസ്ഥനെ അവിടെനിന്നും സ്ഥലം മാററുകയും ചെയ്തു.

ശ്രീ. സി. അച്യുതമേനോൻ: ഈ പറഞ്ഞതു് വെറും അസത്യമാണു്. ഇക്കാര്യം ഇവിടെ ഒന്നിലധികം തവണ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണു്. ഇതു് അവാസ്തവമാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. എൻ. ഭാസ്ക്കരൻനായർ: ഏതായാലും ഇങ്ങനെയുള്ള അനേകം സംഭവങ്ങൾ ഇവിടെ നടന്നിട്ടുണ്ടു്. എന്നാൽ കോൺഗ്രസ്ഗവണ്മെൻറു് അധികാരം ഏറെറടുത്തതിനുശേഷം ഇങ്ങനെയുള്ള ഒരൊററ സംഭവവും ഉണ്ടായിട്ടില്ല. പിന്നെ ഇവിടെ ഉന്നയിച്ച മറെറാരു ആരോപണം ഇപ്പോൾ പോലീസ് എക്സസ് കാണിക്കുന്നുവെന്നാണു്. കമ്മ്യൂണിസ്ററു ഗവണ്മെൻറിൻെറ കാലത്തു് എത്ര വെടിവെപ്പുകളുണ്ടായി? എത്ര ലാത്തിചാർജ്ജ് നടന്നു? അതിനെല്ലാം കാരണക്കാർ അന്നു ഭരണം നടത്തിയിരുന്നവരല്ലാതെ മററാരുംതന്നെ അല്ലായിരുന്നു. അതെല്ലാം കഴിഞ്ഞു് കോൺഗ്രസിൻെറ ഭരണം ആരംഭിച്ച കാലത്തു് തന്നെ പോലീസ് ഭരണം വളരെ പ്രസക്തമായ രീതിയിൽ നടത്തുന്നതിനു് അതിൻെറ ചുമതലപ്പെട്ട ആഭ്യന്തര മന്ത്രി ശ്രീ. ചാക്കോയ്ക്കു് സാധിച്ചുവെന്നുള്ളതു് ഈ രാജ്യത്തു് എല്ലാവരും സമ്മതിച്ചിട്ടുള്ളതാണു്. അതു മനസ്സിലാക്കിക്കൊണ്ടു്, അദ്ദേഹത്തെ ഇവിടെ നിന്നും മാററുന്നതിനു് ശ്രമം നടത്തുകയും, അതിനു് സാധിക്കുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹം മന്ത്രിസഭയിൽനിന്നും മാറിയതോടുകൂടി, ഇനി ഇവിടെയുള്ള മററു ചിലരെ കൂടി മാററണമെന്നുള്ള മുറവിളി പ്രതിപക്ഷത്തുനിന്നും ആരംഭിച്ചിരിക്കുകയാണു്. ശ്രീ. പി. എസ്. ശ്രീനിവാസൻ ഇവിടെ പോലീസ്മേധാവിയായ ഐ. ജി. യെക്കുറിച്ചു് വളരെയധികം ആരോപണങ്ങൾ ഉന്നയിച്ചു അതിൽ ഞാൻ പരാതിപ്പെടുന്നില്ല. ഒരു ഉത്തരവാദപ്പെട്ട ഐ. പി. എസ്. ആഫീസർ എന്നുള്ള നിലയിൽ ഇവിടത്തെ പോലീസ് ഐ

ജി. യുടെ മേൽ ഉന്നയിച്ച ആരോപണങ്ങൾ സത്യവിരുദ്ധമാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. നിസാരമായ സംഗതികൾ പറഞ്ഞുകൊണ്ട്, വെയിട്രസിനെ കേറി പിടിക്കുവാൻ ശ്രമിച്ചു എന്നും മററുമുള്ള ആരോപണങ്ങൾ അദ്ദേഹത്തിന്റെ മേൽ ഉന്നയിക്കുന്നതു ശരിയല്ല. മാത്രമല്ല അദ്ദേഹത്തിന് ഇവിടെ വന്നു മറുപടി പറയാൻപോലും സാധിക്കാത്ത ഒരു പരിതസ്ഥിതിയിൽ, ഇങ്ങനെ വെറും കഴമ്പില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുന്ന സമ്പ്രദായം മാറേറണ്ടതാണ്. അതിന്റെ പിന്നിൽ ഒരു സംഘം ഉണ്ടായിരുന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർക്കുക യാണ്. ശ്രീ. പി. എസ്സ്. ശ്രീനിവാസൻ ഈ ആരോപണങ്ങൾ ഇവിടെ ഉന്നയിച്ചതിന്റെ തലേ രാത്രിയിൽ അദ്ദേഹത്തിന്റെ മുറിയിൽ വടക്കുനിന്നും വന്ന ഒരു വ്യക്തി, അദ്ദേഹം കോൺഗ്രസ് പാർട്ടിയിൽപെട്ട ആളാണോ എന്നു എനിക്കു സംശയമുണ്ട്, പ്രവേശിക്കുകയും ഈ ആരോപണങ്ങൾ അസംബ്ലിയിൽ പറയുന്നതിനു വേണ്ട ഉപദേശം കൊടുത്തതു് ഞങ്ങളിൽ ചില ആളുകൾ മനസ്സിലാക്കുകയും ചെയ്തു. ആ ഉപദേശം കൊടുത്ത ആൾ, ഈ നിരുത്തരവാദപരമായ ആരോപണങ്ങൾ കൽപ്പിച്ചുകൂട്ടി ഇന്നതരത്തിൽ പറയണമെന്നു ഉപദേശം കൊടുത്ത ആൾ, ഈ ഗ്യാലറിയിൽ ഇരുന്നുകൊണ്ട് സഭാനടപടികൾ വീക്ഷിച്ചതു് ഞങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഏതായാലും ഇത്തരത്തിലുള്ള ആരോപണങ്ങൾ വിലപ്പോവുകയില്ല. ഇങ്ങനെയുള്ള കഴമ്പില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കാതെ ഞങ്ങൾക്കു ഈ ഐ. ജി. യെ ആവശ്യമില്ല, ഇന്നയിന്ന കാര്യത്താൽ മാററണമെന്നാവശ്യപ്പെടാമായിരുന്നു. എന്നാൽ നേരേമറിച്ച് അതിന്റെ പുറകിൽ ചില കൈകളുണ്ടെന്നു ഞാൻ മനസിലാക്കുന്നു. ഞങ്ങൾക്കു് ഏതാനും ആളുകളുടെ വിഷമം മനസിലിക്കാൻ സാധിക്കും. ഈ ഐ. ജി. യെ മാററിക്കൊണ്ട് മററു ചിലരെ ഇവിടെയിരുത്തണമെന്നുള്ളതാണ് അവരുടെ ആവശ്യം. ഇങ്ങനെ നിരുത്തരവാദപരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്നുള്ള ഐ. ജി. യെ മാററി ആ സ്ഥാനത്തു് മററാരാളെ കയററുന്നതിന് വേണ്ടിയുള്ള പ്രയത്നങ്ങൾ എല്ലാ കേന്ദ്രങ്ങളിലും നടക്കുന്നുണ്ട്. ഇതു നിസാരമായി തള്ളിക്കളയേണ്ട ഒരു കാര്യമല്ല. ഇത്തരം വിമർശനങ്ങൾ ഉന്നയിച്ചുകൊണ്ട് അപമാനിക്കുന്ന വ്യക്തിക്കു് ഇവിടെ വന്നു ഒരു മറുപടി പറയാൻപോലും സാധിക്കുന്നില്ലെന്നുള്ള കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഇത്തരം വിമർശനങ്ങൾ നടത്തുന്നതു് ഒരു മെംബർക്കും ഭൂഷണമല്ലെന്നാണ് എനിക്കു പറയാനുള്ളതു്. പോലീസ്ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഇന്നു പോലീസ് ആഫീസറന്മാരിൽ കൂടുതൽ ആളുകളെ എനിക്ക് നേരിട്ടറിയാം. കൃത്യനിർവ്വഹണത്തിൽ യുവാക്കളായ ആഫീസറന്മാർ കാണിക്കുന്ന താൽപ്പര്യം എത്രമാത്രം ഉണ്ടെന്നു ഞാൻ ചേർത്തല മെമ്പറോട് ചോദിക്കുകയാണ്. ഏതായാലും കൃത്യനിർവ്വഹണത്തിൽ അങ്ങേയററം ആത്മാർത്ഥമായി പരിശ്രമിക്കുന്ന യുവാക്കളായ അനേകം ആഫീസറന്മാർ പോലിസ് ഡിപ്പാർട്ടുമെൻറിനു ഉണ്ടെന്നുള്ളതാണ് സത്യം. അവരുടെ ജീവനെപോലും വക വയ്ക്കാതെ ക്രമസമാധാനങ്ങൾ പാലിക്കുന്നതിനുവേണ്ടി ജാഗ്രതയായി പ്രവർത്തിക്കുന്ന അനേകം പോലീസുദ്യോഗസ്ഥന്മാർ ഇന്നു പോലീസ് ഡിപ്പാർട്ടുമെൻറിലുണ്ട്. അങ്ങനെ ഏതിനും പ്രത്യേകമായി ക്രമസമാധാനങ്ങൾക്കുവേണ്ടി പോലീസ് ആഫീസർമാർ അവരുടെ പ്രവർത്തികൾ ജീവൻ വരെ ത്യജിച്ചുകൊണ്ട് പ്രവർത്തിക്കുന്ന അവസരത്തിൽ അർഹിക്കുന്ന വിധത്തിലുള്ള പ്രോത്സാഹനം അവർക്കു നൽകുന്നതിന് ഗവണ്മെൻറ് തയ്യാറാകണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. അനിരുദ്ധൻ : ഇന്നും ബഡ്ജററിനെക്കുറിച്ചു പൊതു ചർച്ച നടന്നപ്പോഴും ഈ കാര്യത്തെക്കുറിച്ചുപ്രത്യേകിച്ചും നമ്മുടെ പോലീസ് ഡിപ്പാർട്ടുമെൻറിലെ ആഫീസറന്മാരെക്കുറിച്ചു നിശിതമായ വിമർശനമുണ്ടായി. ഇന്നു തന്നെ അതിനു മറുപടി പറഞ്ഞുകൊണ്ട് നമ്മുടെ സഭയിലെ ബഹുമാനപ്പെട്ട ചില സ്നേഹിതന്മാർ ചില വക്കാലത്തുകളും നടത്തുകയുണ്ടായി. സർ, കഴിഞ്ഞദിവസം ഇവിടെ പരാമർശിച്ച കാര്യങ്ങളെക്കുറിച്ചോ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

ഏതെങ്കിലും വ്യക്തിയുടെ സ്വകാര്യജീവിതത്തെക്കുറിച്ചോ അല്ലെങ്കിൽ ഐ. ജി. യുടെ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചോ ഞാനൊന്നും പരാമർശിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ സഭയിലെ മിക്ക അംഗങ്ങളും, ഞാനും അതുപോലെതന്നെ തിരുവനന്തപുരം പട്ടണത്തിലെ ആളുകളും, കേരളത്തിൽ ബാക്കിയുള്ളവരും കരം കൊടുക്കുന്ന പണം പോലീസ് ഡിപ്പാർട്ടുമെൻറിനുവേണ്ടി ചെലവാക്കുന്നത് നേരാംവണ്ണമാണോ ചെലവാക്കുന്നതെന്നു അന്വേഷിക്കുവാൻ സാമാന്യമായ ബാദ്ധ്യത ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഈ നിയമസഭാ സാമാജികന്മാർക്കുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാനിതു പറയുവാൻ കാരണം കഴിഞ്ഞ കുറെ ദിവസങ്ങൾക്കുമുമ്പ് പത്രങ്ങളിലൊരു വാർത്ത വന്നത് പലരും കണ്ടിരിക്കും. കമുകിൽനിന്നു വീണു മരിച്ചു എന്നു പറഞ്ഞ് ഒണക്കൻ എന്നൊരാളുടെ കേസ് പോലീസ് തള്ളിക്കളഞ്ഞതു്. ഉത്തരവാദപ്പെട്ട പത്രങ്ങളെല്ലാം ആ വാർത്ത റഫർ ചെയ്തു. ഒണക്കൻ കമുകിൽനിന്നു വീണല്ല മരിച്ചതു്, നേരേമറിച്ച് തല്ലിക്കൊന്നതാണെന്നു പറഞ്ഞുകൊണ്ട് ഒണക്കൻെറ ബന്ധുക്കൾ ചേർന്നു് പരാതി കൊടുത്തു. പോലീസ് ആ പരാതിയെക്കുറിച്ചന്വേഷിക്കാൻ വിമുഖത കാണിച്ചു. തുടർന്നു് വമ്പിച്ച സമ്മർദ്ദങ്ങൾ ചെലുത്തിയതിൻെറ ഫലമായി ഈ കേസിനെപ്പററി പോലീസ് അന്വേഷിക്കേണ്ടതായി വന്നു. ഒണക്കൻെറ പ്രേതമെടുത്തു് പോസ്റ്റ്മാർട്ടം നടത്തി. പോസ്ററുമാർട്ടം റിപ്പോർട്ടിൽ അടികൊണ്ടാണ് മരിച്ചതെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പോലീസ് ഒരിക്കൽ തള്ളിക്കളഞ്ഞ കേസ് കോടതിയിൽ പോയി എന്നുമാത്രമല്ല, സെഷൻ ജഡ്ജി ആ കേസിലെ ഒന്നും രണ്ടും പ്രതികളെ ജീവപര്യന്തം തടവിനു ശിക്ഷിക്കുകയും ചെയ്തു. ഇതു പോലീസുകാർ തള്ളിക്കളഞ്ഞ ഒരു കേസ്സിലെ പ്രതികളെ ജീവപര്യന്തം തടവിനു ശിക്ഷിച്ച സംഭവമാണ്. ഇനി വേറൊരു സംഭവം പറയാം. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ വെമ്പായം പ്രദേശത്തു് കുറെ ദിവസങ്ങൾക്കുമുമ്പ് ഒരാളെ അടിച്ചുകൊന്ന് കിണററിലിട്ടു. അയാളുടെ ബന്ധുക്കൾ തിരുവനന്തപുരം സെക്രട്ടറിയേററിലും മന്ത്രിയുടെ മുൻപിലും കളക്ടറേററിലും ആർ. ഡി. ഒ. യുടെ മുൻപിലും എല്ലാം ഒട്ടുവളരെ നിവേദനങ്ങൾ സമർപ്പിച്ചു. ആരും കേൾക്കാനില്ലായിരുന്നു. പിന്നെ ഒട്ടുവളരെ സമ്മർദ്ദത്തിൻെറ ഫലമായി രണ്ടു മൂന്നു ആഴ്ചക്കാലം കഴിഞ്ഞപ്പോൾ ആർ. ഡി. ഓ. സ്ഥലത്തുചെന്നു് പ്രേതം തോണ്ടിയെടുപ്പിച്ചു പോസ്ററുമാർട്ടം നടത്തിച്ചു. അതിനെ തുടർന്നു് രണ്ടാളുകളുടെ പേരിൽ കേസ് ചാർജ്ജുചെയ്തു. ആ കേസ് ഹൈക്കോടതിയിൽ നിന്നു് വെറുതേവിട്ടു. അടിച്ചുകൊന്നു കുഴിച്ചുമൂടിയ കേസ് വെറുതേ വിട്ടു. കമുകിൽനിന്നു വീണു മരിച്ചു എന്നു പറഞ്ഞു തള്ളിക്കളഞ്ഞ കേസ് രണ്ടാമതു് കോടതിയിൽപോയി ശിക്ഷിച്ചു. ഈ നിലയിലാണ് പോലീസുകാർ ഇങ്ങനെയുള്ള കേസുകൾ അന്വേഷിക്കുന്നതു്. സർ, ഈ കാര്യങ്ങളെ കുറിച്ചാണ് ഏററവും വേദനയോടുകൂടി എനിക്കു് സംസാരിക്കുവാനുള്ളതു്. പോലീസ് ഡിപ്പാർട്ടുമെൻറിലെ അഴിമതിയെക്കുറിച്ചോ അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെക്കുറിച്ചോ എന്തെങ്കിലും പറയുകയാണെങ്കിൽ അവർക്കു വക്കാലത്തുമായി സംസാരിക്കുവാൻ പലരുംവരും. എന്നാൽ പോലീസ് ഡിപ്പാർട്ടുമെൻറിൽ വക്കാലത്തു് അവതരിപ്പിക്കാൻ കഴിയാത്ത പോലീസ് ഉദ്യോഗസ്ഥന്മാരുമുണ്ട്. അവർ പത്തു പതിനായിരത്തോളംവരും. അവർ നിശബ്ദരായി കഴിയുകയാണ്. അവർക്കുവേണ്ടി സംസാരിക്കുവാൻ ആരുമില്ല. അവർ റിസർവ്വ് ക്യാമ്പുകളിൽ കഴിഞ്ഞുകൂടുകയാണ്. അവർ പത്തും പതിനെട്ടും കൊല്ലമായി റിസർവ്വ് ക്യാമ്പുകളിൽ റിസർവ്വ് പോലീസുകാരായി കഴിയുകയാണ്. അവർ എന്തെങ്കിലും സംസാരിക്കുകയാണെങ്കിൽ അവർക്കു് അടുത്തുള്ള കൺടോൺമെൻറു പോലീസ് സ്റ്റേഷനിലോ അല്ലെങ്കിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിലോ ട്രാൻസ്ഫർ കിട്ടുകയില്ല. നമ്മുടെ നിയമസഭയിലെ ഉത്തരവാദപ്പെട്ട ചില ബഹുമാനപ്പെട്ട അംഗങ്ങൾ സ്വാധീനം ചെലുത്തിയതിൻെറ ഫലമായി ഈയിടക്കു് കുറെ ആളുകളെ റിസർവ്വ് കാൺസ്റ്റബിൾമാരായി റിക്രൂട്ടുചെയ്തു. അവരെ റിസർവ്വ്പോലീസ് ട്രെയിനിംഗ് കഴിഞ്ഞ ഉടനെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്കു ഈ മെമ്പറന്മാർ ആവശ്യപ്പെട്ടതനുസരിച്ച് മാററുകയുണ്ടായി. ഇതു സ്വാധീനം ചെലുത്തിയതിൻെറ ഫലമായിട്ടാണ് ഉണ്ടായതു്. യാതൊരു സ്വാധീനവും ചെലുത്താൻ സാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

പതിനെട്ടും ഇരുപതും കൊല്ലം സർവ്വീസുള്ള റിസർവ്വ് പോലീസുകാരെ സംബന്ധിച്ചിടത്തോളം, ഈ സെക്രട്ടറിയേററിൽതന്നെ ഡ്യൂട്ടി നിൽക്കുന്ന പോലീസുകാരോട് ശിപായിമാർ പറഞ്ഞുകൊടുക്കും, ഇതു മന്ത്രിയാണ്, ഇതു ഡപ്യൂട്ടി സെക്രട്ടറിയാണ്, ഇതു അസിസ്റ്റൻഡ് സെക്രട്ടറിയാണ് ഇവക്ക് പ്രത്യേകം പ്രത്യേകം സല്യൂട്ട് ചെയ്യണം എന്ന്. ഈ രീതിയിൽ പ്രവൃത്തിയെടുക്കുന്ന ഇവരെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് അവരുടെ ഇത്രകാലത്തെ സർവ്വീസിനെ പരിഗണിച്ചെങ്കിലും ട്രാൻസ്ഫർ ചെയ്യേണ്ടതായിരുന്നു. ഇത്രയും കൊല്ലത്തെ സർവ്വീസുള്ള ഇവരെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ ശുപാർശയുള്ള കുറെ ആളുകളെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ കാര്യത്തെപ്പററി അന്വേഷിക്കണം. ഈ കാര്യത്തിൽ മാത്രമല്ല അവക്ക് പരാതിയുള്ളത്. തിരുവനന്തപുരത്ത് പോലീസുകാർക്ക് ഇപ്പോൾ കൊടുക്കുന്ന ററി.എ.യെ സംബന്ധിച്ചാണ് അവക്ക് പരാതിയുള്ളത്. കഴിഞ്ഞ കൊല്ലംവരെ ററി. എ. ഉണ്ടായിരുന്നു; ഇപ്പോഴും ഉണ്ട്. അവരുടെ ജോലിസംബന്ധമായ ആവശ്യത്തിനുവേണ്ടി തിരുവനന്തപുരത്തുനിന്നു നെയ്യാററിൻകര കോടതിയിൽ പോകുകയാണെങ്കിൽ അവർക്ക് കൊടുക്കുമായിരുന്ന ററി. എ. കഴിഞ്ഞകൊല്ലംവരെ തിരിച്ചുപിടിച്ചിരുന്നില്ല. ഇപ്പോൾ നമ്മുടെ രാജ്യത്തെ ഗവണ്മെൻറ് ഈ പോലീസുകാരുടെ ററി. എ. തിരിച്ചുപിടിക്കുന്നുണ്ട്. അതുപോലെതന്നെ സർ, അവരുടെ ക്യാഷ്വൽ ലീവും. മുൻപ് 20 ദിവസത്തെ ക്യാഷ്വൽ ലീവ് പോലീസ്സുകാർക്കുണ്ടായിരുന്നു. അത് പതിനഞ്ചു ദിവസമായി കുറവു ചെയ്തിരിക്കുകയാണ്. സർക്കാർ ജീവനക്കാരുടെ ക്യാഷ്വൽ ലീവ് രണ്ടുമൂന്നു ദിവസം കുറവു ചെയ്താൽ അത് മനസ്സിലാക്കാവുന്ന കാര്യമാണ്. ഈ അടിയന്തിരാവസ്ഥയിൽ 24 മണിക്കൂറും ജോലി ചെയ്യുന്ന പോലീസ്സുകാരെ സംബന്ധിച്ചിടത്തോളം അവരുടെ മൊറേൽ സംരക്ഷിക്കേണ്ടതു് നമ്മുടെ കടമയല്ലേ? അതിന് ഈ ഗവണ്മെൻറ് ശ്രമിക്കുന്നില്ല. അങ്ങനെ 24 മണിക്കൂറും ജോലി ചെയ്യുന്ന ഈ പോലീസ്സുകാർക്കുണ്ടായിരുന്ന 20 ദിവസത്തെ ക്യാഷ്വൽ ലീവ് 15 ആയി വെട്ടിക്കുറച്ചതു് യാതൊരു കാരണവശാലും ന്യായീകരിക്കാൻ പാടില്ലാത്തതാണ്. അതു പുനപ്പരിശോധന ചെയ്യാൻ ഗവണ്മെൻറിനു് ഇതുവരെ കഴിഞ്ഞിട്ടില്ല. അവരുടെ പരാധീനതകൾ ആരോട് പറയുവാനാണ്? അതുപോലെതന്നെ ഹൗസ് റെൻറ് അലവൻസ് അവർക്കു കിട്ടുന്നില്ല. തി രു വ ന ന്ത പു രം പട്ടണത്തിൽ ഒരു അൻപതു രൂപയെങ്കിലുമില്ലാതെ ഒരാളിന് താമസിക്കാനൊക്കുകയില്ല. മെസ്സിൽ പോയി ഉണ്ണുന്നു എന്നു പറഞ്ഞ് പലർക്കും വീട്ടുവാടക അലവൻസ് കൊടുക്കാതിരിക്കുകയാണ് ചെയ്യുന്നതു്. ഈ കാര്യവും ഗവണ്മെൻറ് ആലോചിക്കണം. അതുപോലെതന്നെ കഴിഞ്ഞ ദിവസം ഇവിടെ പരാമർശിക്കപ്പെട്ട നമ്മുടെ പോലീസ് മേധാവിയായ ഐ. ജി.യുടെ ആവശ്യത്തിനു് എത്ര ആളുകളെയാണ് നിയമിച്ചിട്ടുള്ളതു്. എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഇങ്ങനെ ആളുകളെ നിയമിച്ചിട്ടുള്ളതു്? രാജ്യത്തിൻെറ ആവശ്യത്തിനുവേണ്ടിയോ അദ്ദേഹത്തിൻെറ സ്വന്തം ആവശ്യത്തിനുവേണ്ടിയോ എന്തിനാണ് ഇങ്ങനെ ആളുകളെ നിയമിച്ചിട്ടുള്ളതു്? അഞ്ചു ആർഡലിമാരെ പ്രത്യേകം നിയമിച്ചിട്ടുണ്ട്. അതുപോലെ രണ്ടു ഡ്രൈവറന്മാരേയും പ്രത്യേകം നിയമിച്ചിട്ടുണ്ട്. ഒരു ഹെഡ് കാൺസ്റ്റബിളും പ്രത്യേകം. മൂന്നു പുതിയ സ്റ്റേററുകാറുകളും അദ്ദേഹത്തിൻെറ സ്വന്തം കാറിനും പോലീസ് വകുപ്പിലെ ജീപ്പുകളും വാനുകളും പുറമേ സ്വകാര്യ ആവശ്യത്തിനുവേണ്ടി കൊടുത്തിട്ടുണ്ട്. പിന്നെ അതുപോലെതന്നെ മൂന്നു പോലീസ് കാൺസ്റ്റബിൾമാരേയും ഒരു ഹെഡ് കാൺസ്റ്റബിളിനേയും ഒരു ജമേദാരേയുംകൂടി പ്രത്യേകം നിയമിച്ചിട്ടുണ്ട്. ഇവിടെ ഡിഫൻസിൻെറ ആവശ്യത്തിനുവേണ്ടി വളരെയധികം പണം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമത്തിൽ നാം ഏർപ്പെട്ടിരിക്കുകയാണ്. ഈ പാഴ്ചെലവുകളൊന്നും ഗവണ്മെൻറിനറിഞ്ഞുകൂടേയെന്നാണ് ഞാൻ ചോദിക്കുന്നതു്.

സർ, ഈ അവസരത്തിൽ ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. മനുഷ്യനെ വെടിവയ്ക്കാനുള്ള തോക്കുണ്ട്. അത് ഐ. ജി.യുടെ വീട്ടിലുള്ള പോലീസുകാർക്ക് കൊടുത്തി[illegible]; തിരുവനന്തപുരം പട്ടണത്തിൽ ഐ. ജി.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

യുടെ ഹൗസിൽ ഒരു തോക്കും അതുപോലെതന്നെ കുറെ തോട്ടകളും കൊടുത്തിട്ടുണ്ട്. സാധാരണയായി തോക്കിന്റെ തോട്ട ഉപയോഗിച്ചത് എന്തു കാര്യത്തിനാണെന്ന് അക്കൗണ്ട് ചെയ്യണമെന്നുണ്ട്. എന്തു കാര്യത്തിനു വേണ്ടിയാണ് ഐ. ജി. യുടെ വീട്ടിലേക്ക് ഈ തോക്ക കൊടുത്തിട്ടുള്ളത്. നത്തിനെ വെടിവയ്ക്കാനോ ? കഴിഞ്ഞ 3 കൊല്ലമായി പത്തഞ്ഞൂറു നത്തിനെ അവിടെ വെടിവച്ചിട്ടുണ്ട്. നത്തിന്റെ ശബ്ദം കേട്ടാൽ അദ്ദേഹത്തിനു വെപ്രാളമാണ്. അദ്ദേഹത്തിന്റെ പഴയ ഓർമ്മകളും പുതുക്കും.

Mr. Speaker : While you make a personal allegation against an officer, the Rule is this

"262. Procedure regarding allegation against a person:- No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply.

ശ്രീ. കെ. അനിരുദ്ധൻ : അദ്ദേഹത്തെക്കുറിച്ച് ഒരു അലിഗേഷൻ നടത്തുകയല്ല. തോക്കും തോട്ടയും ഉപയോഗിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. അത് പേഴ്സണൽ അലിഗേഷനാണെന്ന് എനിക്ക് അഭിപ്രായമില്ല. സർ, ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. കഴിഞ്ഞ തിരുവാതിര ദിവസം തിരുവനന്തപുരം സിററി പോലീസ് രണ്ടു വാൻ പോലീസുകാരും, തോക്കും, ലാത്തിയുമായി തിരുവനന്തപുരം എയറോഡ്രോമിൽനിന്നും ഒരു സിനിമാക്കാരി പെണ്ണിനേയും കൂട്ടിക്കൊണ്ട് വന്ന്...

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പോയിന്റ് ആഫ് ഓർഡർ. അങ്ങ് വളരെ വ്യക്തമായും റൂളിംഗ് കൊടുത്തുകഴിഞ്ഞു. ഒരു ഹെഡ് ആഫ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചായാലും, മന്ത്രിയെക്കുറിച്ചായാലും അലിഗേഷൻ നടത്തുമ്പോൾ പ്രീവിയസായിട്ട് മിനിസ്റ്ററേയും അങ്ങയേയും അറിയിച്ചിരിക്കണമെന്ന് റൂളിംഗ് കൊടുത്തിട്ടുണ്ട്. കഴിഞ്ഞ കുറെ ദിവസമായി ഗവർണ്ണരിൽ ആരംഭിച്ച ഉദ്യോഗസ്ഥപരമായ ആരോപണങ്ങൾ, ഇപ്പോൾ ഓരോരുത്തരെയായി പറഞ്ഞ് ഈ സഭയെത്തന്നെ മലീമസമാക്കിയിരിക്കുകയാണ്, ഇതിനെ സംബന്ധിച്ച് ദയവായി വ്യക്തമായ ഒരു റൂളിംഗ് കൊടുക്കണം.

Mr. Speaker : I read for the information of the Member the relevant rule that 'no allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply :

Provided that the Speaker may at any time prohibit any member from making any such allegation if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation'.

To further clarify this I will read out a ruling made in the Lok Sabha about an identical matter on the 30th March 1953, during the discussion on Demands for Grants relating to the Ministries of Home Affairs and States, Kumari Annie Mascarene made certain allegations against the public conduct of Government officers, when Shri M. L. Dwivedi raised a point of order as to the source of those allegations. When Kumari Mascarene submitted that she was making those charges in order to ask the Government to state whether they were true, the Deputy Speaker ruled as follows :—

LIBRARY ARCHIVES Kerala Legislative Assembly

"There is no question of making such statements merely on the floor of the House and asking whether they are true. With respect to these matters, I always expect of every hon. Member here, that before he or she wants to make such allegations the hon. Minister should be informed of them that 'These are the points that I am going to refer to', so that he may be able to reply to them on the floor of the House. Otherwise, it creates an impression here. It may be true or it may be false. The hon. Member proceeds on the basis of some information, while the Government have some other information. Therefore, let not allegations be made, which may not have a foundation. I do not say that the hon. Member has not got that, but for the hon. Minister to be able to reply, he should be informed beforehand, saying 'These are the points, one, two, three, that I am going to raise', not with respect to the general points but with respect to charges against individuals or with respect to the manner in which officials have conducted themselves. I always expect that the Minister may be given some notice regarding these points, so that he may be able to find out and say whether the information is wrong or not, and we need not have in the proceedings informations which is exaggerated or wrong."

The rule as well as the ruling as I stated are clear on this point, and the Member will conform to it.

<u>ശ്രീ. കെ. അനിരുദ്ധൻ</u> : ഞാൻ ഈ അവസരത്തിൽ പേഴ്സണലായി ഒന്നും പറഞ്ഞില്ല. ഞാൻ ഐ. ജി. യെപ്പററി പറഞ്ഞില്ല. വേറെ ഏതെങ്കിലും ഒരാളിന്റെ പേരു പറഞ്ഞില്ല. കഴിഞ്ഞ തിരുവാതിര ദിവസം പാറശ്ശാല ക്ഷേത്രത്തിൽ ഒരു കൊടിയേററു നടന്നു. അതിന്റെ ആറാം ദിവസം അവിടെ ഒരു പാട്ടുകച്ചേരി ഉണ്ടായിരുന്നു. ആ പാട്ടുകച്ചേരിക്ക് ഒരു പ്രമുഖസിനിമാതാരം എയറോഡ്രോമിൽ വന്നിറങ്ങി.

<u>മി. സ്പീക്കർ</u> : സിനിമാതാരം ഇവിടെ ഇല്ലല്ലോ.

<u>ശ്രീ. കെ. അനിരുദ്ധൻ</u> : സർ, ഞാൻ ആ സിനിമാതാരത്തിന്റെ പേരു പോലും പറഞ്ഞില്ല. ആ ദിവസം തിരുവനന്തപുരം സിററി പോലീസ് രണ്ടു വാൻ പോലീസ് അകമ്പടിയോടുകൂടി തൈക്കാട്ട് ജംഗ്ഷൻവരെ വരുകയും അവിടെനിന്നു് നെയ്യാററിൻകരപോലീസിന്റെ എസ്കോർട്ടോടുകൂടി അവരെ പാറശ്ശാലക്ക് കൊണ്ടുപോവുകയും ചെയ്തു.

Mr. Speaker : you are still going on against the rule.

<u>ശ്രീ. കെ. ഭാർഗ്ഗവൻ</u> : പ്രത്യേകം ആളെപ്പററി പറഞ്ഞില്ലല്ലോ.

Mr. Speaker: The hon Member seems to be insinuating upon allegations made the other day by certain members about an officer who is not in this House. But such allegations can be made to serve any useful public purpose only if they are made in conformity with the rule I cited above, whereby some action may be taken on them. otherwise it would form only a questionable use of the privilege of members.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ : പേഴ്സണൽ അലിഗേഷനെപ്പററി പറയുമ്പോഴാണ് റൂളിംഗ് വരുന്നത്. മി. അനിരുദ്ധൻ പേഴ്സണലായി ആരെപ്പററിയും പറഞ്ഞില്ല. കുറെ പോലീസുകാർ ഒരു സ്ത്രീയെ എസ്കോർട്ടുചെയ്തു എന്നു പറഞ്ഞു. അതു് വളരെ ജനറലായ ഒരു കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ്. അല്ലാതെ പേഴ്സണൽ അലിഗേഷനല്ല, പിന്നെ എങ്ങനെയാണ് റൂളിംഗിനെ ബാധിക്കുന്നതു് ?

ശ്രീ. കെ. അനിരുദ്ധൻ : തിരുവനന്തപുരം സിററി പോലീസ് എസ്കോർട്ട് ചെയ്തതിനെപ്പററി സംസാരിക്കാൻ അനുവാദമുണ്ടോ എന്നറിയണം. ഈ പറഞ്ഞദിവസം തിരുവനന്തപുരം സിററി പോലീസ് രണ്ടു വാൻ നിറയെ പത്തുമുപ്പതു പോലീസുകാർ ആ സ്ത്രീയെ പാറശ്ശാലവരെ എസ്കോർട്ടു ചെയ്യുകയും അതിനെത്തുടർന്നു് നെയ്യാററിൻകര പോലീസ് അവിടെനിന്നും കന്യാകുമാരിവരെ എസ്കോർട്ടു ചെയ്യുകയും ചെയ്തു. ഞാൻ അതിനെക്കുറിച്ചാണ് പരാമർശിച്ചതു്. അത്രമാത്രമല്ല സർ, ഈ കാര്യത്തെക്കുറിച്ചു് ഈ പോയ പോലീസുകാർക്കു് ടി. എ. കൊടുക്കണ്ടേ ? ഈ പണം ഇങ്ങനെ എന്തിനു അനാവശ്യമായി ചെലവഴിക്കുന്നു എന്നു പറയണം. പോലീസ് ജീപ്പും, വാനുകളും പോലീസ് ജോലിക്കാരെയും എന്തു കാര്യത്തിനുവേണ്ടി ഉപയോഗിച്ചു, അതു് രാജ്യത്തിനു് ആവശ്യമായിരുന്നോ എന്നറിഞ്ഞാൽ കൊള്ളാം. സർ, അത്യാവശ്യമായിട്ടുള്ള കാര്യത്തിനു് ലാ ആൻറു് ഓർഡർ അനുസരിച്ചുള്ളവ ചെയ്യുന്നതിനു് പണം ഉപയോഗിക്കാം. അല്ലാതെ ആവശ്യമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കരുതു്. പിന്നെ പോലീസുകാർക്കു് ക്യാഷ്വൽ ലീവ്, റിസർവ്വ്ക്യാമ്പിൽ ജോലി ചെയ്യുന്നവരെ ലോക്കൽ സ്റ്റേഷനിലേക്കുള്ള മാററം അതുപോലെതന്നെ അവരുടെ വീട്ടുവാടക അലവൻസ് ഇത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം ഗവണ്മെൻറു് ശ്രദ്ധിക്കണം. സമയമില്ലാത്തതിനാൽ ഞാൻ കൂടുതലായി പറയുന്നില്ല.

ശ്രീമതി എ. നഫീസത്തു്ബീവി: സർ, ഈ വർഷത്തിൽ അവതരിപ്പിച്ച ബഡ്ജററിൻെറ ചർച്ചയിൽ ആദ്യം പങ്കെടുക്കുന്ന നിലക്കു് ഒരു വാക്കു്. ബഡ്ജററിനെപ്പററി പൊതുവായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു ധനകാര്യമന്ത്രിതന്നെ തുടർച്ചയായി 5 കൊല്ലം ബഡ്ജററു് അവതരിപ്പിച്ചു് കേരളത്തിൻെറ ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതിച്ചേർത്ത ധനകാര്യമന്ത്രികൂടിയായ മുഖ്യമന്ത്രിയെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുകയാണ്. ഇന്നത്തെ ചർച്ചാവിഷയമായ പോലീസ് ഭരണത്തെപ്പററി കഴിഞ്ഞകാലങ്ങളിൽ ഈ അസംബ്ലിയിൽ നടന്നിട്ടുള്ള ചർച്ചകളിലേക്കു് ഒന്നു തിരിഞ്ഞുനോക്കുകയാണെങ്കിൽ എല്ലാ ഭാഗത്തുനിന്നും പോലീസു് ഭരണത്തെ മുക്തകണ്ഠമായി പ്രശംസിച്ചിട്ടുള്ളതായി കാണാൻസാധിക്കുന്നതാണ്. അതിൽ പ്രത്യേകമായ ശ്രദ്ധയെ ആകർഷിക്കുന്നതു് കഴിഞ്ഞ അസംബ്ലിയിലെ പോലീസു് ഡിമാൻറിനെപ്പററിയുള്ള ചർച്ചാവേളയിൽ പ്രതിപക്ഷത്തെ ഒരു പ്രധാനവ്യക്തിയെന്നു കരുതപ്പെടുന്ന ശ്രീമാൻ ഗോപാലക്കുറുപ്പുതന്നെ ഒരു രജതരേഖയായി പോലീസ് ഡിപ്പാർട്ടുമെൻറിനേയും അതിൻെറ ഭരണത്തെയും അതിൻെറ മന്ത്രിയേയും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : അതു കഴിഞ്ഞു് ഗോപാലക്കുറുപ്പു് പ്രസംഗിക്കുന്നതു് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീമതി എ. നഫീസത്തു് ബീവി : ഒരു പക്ഷേ തിരഞ്ഞെടുപ്പു വരുന്നതുകൊണ്ടു് ഇതും പറയും ഇതിലപ്പുറവും പറഞ്ഞുകൊള്ളും. ഇതിൽനിന്നും നമുക്കു് മനസ്സിലാക്കാൻ സാധിക്കുന്നതു് എല്ലാ കക്ഷികളിലും ഒരുപോലെതന്നെ ഈ ഗവണ്മെൻറിൻെറ പോലീസു് ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെപ്പററി ആക്ഷേപം ഇല്ലെന്നുള്ളതാണ്. ഈ ഗവണ്മെൻറു അധികാരത്തിൽ വരുന്ന സമയം ഏററവും കൂടുതലായി ജനങ്ങൾ ആഗ്രഹിച്ചതു പോലീസിൻെറ ഭാഗത്തുനിന്നുള്ള നീതിന്യായമാണ്. അതിന്നു് ജനങ്ങൾക്കു് ഒരു ജനാധിപത്യഗവണ്മെൻറിൻെറ കീഴിൽ ലഭിക്കുന്നുണ്ടെന്നുള്ളതു് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്നതാണ്. പിന്നെ പോലീസ് വെരിഫിക്കേഷനെപ്പററി

LIBRARY ARCHIVES Kerala Legislative Assembly

യാണ് തുടർച്ചയായി നിരവധി ആക്ഷേപങ്ങൾ ഉയർന്നുകേട്ടിട്ടുള്ളത്. കഴിഞ്ഞ കൊല്ലങ്ങളിലെല്ലാംതന്നെ ചോദ്യോത്തരവേളയിലും മറ്റേത് ഡിസ്കഷന്റെ അവസരത്തിലും പോലീസ് വെരിഫിക്കേഷനെ ശക്തിയായി പ്രതിപക്ഷ സുഹൃത്തുക്കൾ എതിർക്കുന്നതു കേൾക്കാമായിരുന്നു. ഇന്ന് പുതിയ രീതിയിൽ ആ എതിർപ്പിനെ പ്രകടിപ്പിച്ചുകണ്ടതിൽ വളരെയേറെ അതിശയം തോന്നുകയാണ്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരു പ്രധാന പ്രവർത്തകനായ ശ്രീ. എസ്സ്. കുമാരൻ ഇതിനെ വളരെ വിദഗ്ദ്ധമായ രീതിയിൽ കൈകാര്യം ചെയ്തിരിക്കുകയാണ്. അദ്ദേഹത്തിന്റെ ബുദ്ധി ഇത്രയും വിദഗ്ദ്ധമായി പ്രവർത്തിക്കുമെന്നു കാണുന്നതിൽ ആലപ്പുഴ ഡിസ്ട്രിക്ടിലെ ശ്രീ. എസ്. കുമാരനെ ഞാൻ അനുമോദിക്കുകയാണ്. അദ്ദേഹം ഇന്ന് കുറെ എഴുത്തുകൾ ഇവിടെ ഹാജരാക്കുകയുണ്ടായി. അതിൽ പ്രത്യേകമായി പറയുന്നതു് 16—12—1963—ലെ ഒരു കത്താണ്. ആറാട്ടുപുഴയിലെ ഒരു കോൺഗ്രസ്സിന്റെ പ്രാദേശികസഭയിൽ ഒരു പത്മനാഭൻ ഭാസ്കരൻ ആലപ്പുഴ ഡിസ്ട്രിക്റ്റു കോൺഗ്രസ്സ് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റിനു് അയച്ചു എന്നു പറയപ്പെടുന്നതാണ് ഈ കത്തു്. അങ്ങനെ വൈസ് പ്രസിഡന്റിനു് കത്തയച്ചെങ്കിൽ യഥാവിധി വൈസ്പ്രസിഡന്റിനു് കിട്ടുമായിരുന്നു. അങ്ങനെയെത്താതെ എങ്ങനെയാണ് മാന്യനെന്നും കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പ്രധാന പ്രവർത്തകനെന്നും അറിയപ്പെടുന്ന ശ്രീ. എസ്സ്. കുമാരന്റെ കയ്യിൽ എത്തിയതെന്നുള്ളതു് ഒരു പ്രത്യേക ചർച്ചാവിഷയമാണ്. അന്നത്തെ വൈസ് പ്രസിഡന്റു് ശ്രീ. ചിദംബരയ്യർ സ്വാമിയാണ്. ആ കത്തിൽ പറയപ്പെടുന്നതു്, ഡി. സി. സി. പോലീസ് വെരിഫിക്കേഷനിൽ ഇടപെടണം എന്നാണെന്നു തോന്നുന്നു. പോലീസ് വെരിഫിക്കേഷൻ കോൺഗ്രസ്സിനു ഫണ്ടുണ്ടാക്കുവാൻ ഉപയോഗിക്കുന്നു എന്ന ആരോപണത്തെ ശക്തിയായി നിഷേധിക്കുകയാണ്. പോലീസ് വെരിഫിക്കേഷനെ കോൺഗ്രസ്സ് പാർട്ടി ഫണ്ടുപിരിവിനു് ഉപയോഗിക്കുന്നു എന്നു് തെളിയിക്കാൻ ഹാജരാക്കിയ രേഖ എത്രമാത്രം സാധൂകരിക്കപ്പെടാമെന്നുള്ളതു് ആലോചിക്കേണ്ട ഒരു വസ്തുതയാണ്. ഇതിൽ നിന്നും എനിക്കു് ഒരു സംശയം ബലപ്പെടുകയാണ്. കഴിഞ്ഞകാലത്തു് കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നും ഒരു സർക്കുലർ അയച്ചിരുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കോൺഗ്രസ്സ് സംഘടനയിലും, ഐ. എൻ. ടി. യു. സി. ഘടകങ്ങളിലുമെല്ലാം തന്നെ കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകർ കടന്നുകൂടി പ്രവർത്തിക്കണമെന്നു സർക്കുലർ അയച്ചതായി ഞാൻ ഓർമ്മിക്കുന്നുണ്ട്.

<u>ശ്രീ. എൻ. ഗോപാലക്കുറുപ്പ്</u> : അതു് കോൺഗ്രസ്സ് കമ്മിറ്റിയിൽ പറഞ്ഞാൽപോരേ ?

<u>ശ്രീമതി എ. നഫീസത്തുബീവി</u> : പ്രതിപക്ഷത്തെ ആരോപണത്തെ എതിർത്തു് എനിക്കറിയാവുന്ന ആവശ്യമുള്ള വസ്തുതകൾ ഇവിടെത്തന്നെ പറയേണ്ടയാവശ്യമുണ്ട്. അസഹിഷ്ണുത പ്രകടിപ്പിക്കരുതു്. അങ്ങനെ കടന്നുകൂടണമെന്നുള്ളതു് കുറെയൊക്കെ സാധിച്ചു എന്നുവേണം ഈ പത്മനാഭൻ ഭാസ്കരന്റെ കത്തിൽനിന്നും മനസ്സിലാക്കാൻ. കഴിഞ്ഞകാലത്തു് പത്രങ്ങളിൽക്കൂടി ഇങ്ങനെയുള്ള വാർത്തകൾ വന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടിയിലെ സജീവപ്രവർത്തകർപോലും നാലണ മെംബറന്മാരായി കോൺഗ്രസ്സിൽ കടന്നുകൂടിയിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. ശ്രീ. ചിദംബരയ്യർ സ്വാമി പണം ഉണ്ടാക്കും എന്നു് ആരോപണം ആരും പറയാത്തസ്ഥിതിക്കു് ആരും വിശ്വസിക്കാത്ത ഒന്നാകകൊണ്ടു് അതു കഴമ്പില്ലാത്ത ഒരാരോപണമായി തള്ളേണ്ടതാണ്. അങ്ങനെ പോലീസ് വെരിഫിക്കേഷനെതിരായി നടത്തുന്ന നിഴൽയുദ്ധം പരാജയപ്പെട്ടിരിക്കുകയാണ്. ഏതു ഗവണ്മെന്റു് അധികാരത്തിലിരിക്കുന്നിടത്തോളമെങ്കിലും; അട്ടിമറിപ്രവർത്തനത്തിൽ വാസനയുള്ള ഒരാളിനേയും ഭരണത്തിൽ കടത്തിവിടാതിരിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാവശ്യമാണ്. പ്രത്യേകിച്ചും ഏതുസമയത്തും ചൈനയിൽനിന്നോ, പാകിസ്ഥാനിൽനിന്നോ ഒരാക്രമണം ഉണ്ടായേക്കാമെന്നു നാം ഭയപ്പെടുന്ന കാലഘട്ടത്തിൽ തീർച്ചയായും വളരെ കരുതലോടുകൂടി ഉദ്യോഗസ്ഥന്മാരെ അതാതു ഡിപ്പാർട്ടുമെന്റിലേക്കു തെരഞ്ഞെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി എ. നഫീസത്തു ബീവി]

ഇന്നത്തെ നയം ഒരു കാരണവശാലും ഉപേക്ഷിക്കരുതെന്ന് ഞാൻ ഗവണ്മെന്റിനെ അറിയിക്കുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നശേഷം, കഴിഞ്ഞകാലത്ത് നിർവ്വീര്യമാക്കിയ പോലീസ് വീര്യമെല്ലാം വീണ്ടെടുത്ത് വളരെ കാര്യക്ഷമമായി ഭരണം കൈകാര്യംചെയ്യുകയാണ്. ചിലപ്പോഴൊക്കെ ഒററപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകാറുണ്ട്. തിരുവല്ലായിലും, മററുചില സ്ഥലത്തും ഉണ്ടായി എന്നുവരാം. ആലപ്പുഴയിലും ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഇക്കഴിഞ്ഞദിവസം ആലപ്പുഴ സൗത്ത് സ്റ്റേഷൻ അതിർത്തിയിലുണ്ടായ സംഭവത്തിലേക്ക് ഗവണ്മെന്റിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണ്. ഒരു സൈക്കിൾ കടക്കാരനെ അദ്ദേഹത്തിന്റെ ഭാര്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ബലമായി പിടിച്ചുകൊണ്ടുപോയി രണ്ടുമൂന്നു മണിക്കൂർ സ്റ്റേഷനിൽവച്ച് മർദ്ദിച്ച ഒരു സംഭവം ഉണ്ടായിരിക്കുകയാണ്. സൗത്ത് സ്റ്റേഷൻ ഇൻസ്പെക്ടരും പോലീസുംകൂടിയാണ് മർദ്ദിച്ചത്. ഇന്ന് അവശതയിൽ ആശുപത്രിയിൽ കിടക്കുന്ന ആ പ്രതിയുടെ പേര് അബ്ദുൽകാദർ എന്നാണ്. അദ്ദേഹത്തിന്റെ ഭാര്യക്കു ചെലവിനു കൊടുക്കുന്നില്ലെന്നു പരാതി പറഞ്ഞുവെന്നുള്ളതാണ് ഇതിനു കാരണമെന്നാണ് അറിയുന്നത്. അവക്ക് ചിലപ്പോൾ തലയ്ക്കു അസുഖവും ഉണ്ടാകുമെന്നാണ് പറയുന്നത്. ഈ സൈക്കിൾകടക്കാരനെ പോലീസ് വിളിച്ചപ്പോൾ പോയില്ലെന്നു പറഞ്ഞു ബലമായി പിടിച്ചു സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുകയും നാലു മണിക്ക് ആശുപത്രിയിൽ കൊണ്ടുവന്നു പരിശോധിക്കുകയും വീണ്ടും സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുകയും ചെയ്തപ്പോൾ സ്റ്റേഷന്റെ ചുററും പത്തായിരത്തോളം ജനങ്ങൾ കൂടുകയുണ്ടായി. അയാളെ സ്റ്റേഷനിൽനിന്നും വിട്ടുകിട്ടുകയില്ലെന്നുള്ള നിലപാടു കണ്ടുകൊണ്ട് അവിടെ നിന്നവർ എല്ലാവരും കൂടി ''അല്ലാഹു അക്ബർ'' എന്നു ഉച്ചത്തിൽ തക്ബീർ വിളിച്ചു അവരുടെ പരിഭ്രമം പ്രഖ്യാപിച്ചു. അതോടുകൂടി പോലീസ് അയാളെ ജാമ്യത്തിൽ വിടുകയും, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തൊമ്മനും അറിഞ്ഞ് അദ്ദേഹത്തിന്റെ കൂടെ സഹായത്തോടുകൂടി ആശുപത്രിയിൽ അഡ്മിററുചെയ്തു ചികിത്സയിൽ ഇരിക്കുകയുമാണ്. ചിലപ്പോഴൊക്കെ പോലീസ് ഇങ്ങനെ കൂടുതൽ വീര്യമാകുന്നതിനെ സർക്കാർ ശ്രദ്ധിച്ച് വേണ്ട കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുപോലെയുള്ള ചെറുപ്പക്കാരായ ഇൻസ്പെക്ടറന്മാരെ ആലപ്പുഴ സൗത്തിലും നോർത്തിലും അയയ്ക്കാതിരിക്കുന്നതിനു ശ്രദ്ധിക്കുന്നതും നല്ലതാണ്. ഇൻസ്പെക്ടർ നല്ലയാളാണ്. പക്ഷേ ചെറുപ്പക്കാരന് ഉണ്ടാകാവുന്ന പാകപ്പിഴകൾ ഉണ്ടാകുന്നുണ്ട്. ,, ഈ പാകപ്പിഴ അനുഭവിക്കുന്നതിന് ആലപ്പുഴയിലെ സാധുക്കളായ ആളുകൾക്ക് ഇടവരുത്താതിരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

പോലീസുകാർക്ക് അടിയന്തിരാവസ്ഥ എന്ന നിലയിൽ Travelling അലവൻസ് നിറുത്തിവച്ചിരിക്കുന്നുവെന്നറിയുന്നു. അവരുടെ വരുമാനം തുച്ഛമായതുകൊണ്ട് അതുകൂടി അനുവദിച്ചുകൊടുക്കുന്നതിന് പുനരാലോചിക്കുന്നതു നന്നായിരിക്കും. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഭരണം എല്ലാവിധത്തിലും കാര്യക്ഷമമാണെന്ന നിലയിൽ എന്റെ അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ഡിമാന്റിനെ ശക്തിയായി പിൻതാങ്ങുകയാണ്.

ശ്രീ. ബേബിജാൺ: ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നതിനുശേഷമുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, ഒരു സോഷ്യൽവെൽഫെയർ സ്റ്റേററ് എന്നുള്ള മുദ്രാവാക്യം മുഴക്കിക്കൊണ്ട് അതിനുവേണ്ടി പ്രവർത്തിക്കുന്നു എന്നവകാശപ്പെടുന്ന ഈ ഗവണ്മെന്റിന്റെ കഴിഞ്ഞ നാലുവർഷത്തെ ഭരണത്തിന്റെ ഫലമായി, ഈ സ്റ്റേററ് ഒരു പോലീസ് സ്റ്റേററായി അധഃപതിച്ചിരിക്കുന്നു എന്നു പറയാൻ ഞാൻ നിർബന്ധിതനാകുന്നുണ്ട്. ബഹുജനങ്ങളുടെ താൽപര്യം പരിരക്ഷിക്കാൻ പരാജയപ്പെട്ടപ്പോൾ, ഗവണ്മെന്റിനെ നിലനിറുത്തുന്നതിന് പോലീസ് സഹായം ആവശ്യമായിവരുകയാണ്. അങ്ങനെ കഴിഞ്ഞ കുറെവർഷങ്ങളിലെ പ്രവർത്തനങ്ങൾമൂലം

LIBRARY ARCHIVES Kerala Legislative Assembly

ബഹുജനങ്ങളിൽനിന്നും അകന്ന ഗവൺമെന്റ് അധികാരം നിലനിറുത്തുന്നതിനുവേണ്ടി എല്ലാ രംഗങ്ങളിലും അവിഹിതമായി പോലീസിനെ ഇടപെടുത്തുന്നു എന്ന ആക്ഷേപമുണ്ട്. തൊഴിൽരംഗങ്ങളിൽ കക്ഷിതാൽപര്യംവച്ചു ഭരണകക്ഷിക്ക് അനുകൂലരായി പ്രവർത്തിക്കുന്നതിന് പോലീസിനെ ഉപയോഗിക്കുന്നു എന്നും ആരോപണമുണ്ടായിട്ടുണ്ട്. തിരുവനന്തപുരത്തും ചവറയിലും അതുപോലെയുള്ള തൊഴിൽകേന്ദ്രങ്ങളിലുമെല്ലാം അത്തരം ആരോപണമുണ്ട്. ചവറയിൽ ഈ അടുത്തകാലത്ത് ഒരു ലാത്തിചാർജ്ജ് നടന്നു. അത് ഈ സഭയിൽ ഇതിനുമുമ്പുതന്നെ ഞാൻ ഉന്നയിച്ച ഒരു കാര്യമാണ്. യാതൊരു പ്രകോപനവുമില്ലാതെയായിരുന്നു ലാത്തിചാർജ്ജ് നടത്തിയതെന്നുപറയുവാൻ എനിക്കൊരു പ്രയാസവുമില്ല. ആ ലാത്തിച്ചാർജ്ജിനോടനുബന്ധിച്ച് ഒരു കേസ് ഇന്നു നടക്കുന്നുണ്ട്, ലാത്തിച്ചാർജ്ജ് നടന്നാൽ, അതിന്റെകൂടെ കല്ലേറിയുണ്ടായിരുന്നു എന്നു പറയണമെന്നു ഒരു നിർബന്ധമുള്ളതുപോലെ തോന്നുന്നു. അടികൊടുത്തശേഷം കല്ലേറി നടന്നു എന്നു പറഞ്ഞു് ഒരു കേസ് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രികൂടിയായ മുഖ്യമന്ത്രിയോട് ഈ ലാത്തിച്ചാർജ്ജിനെക്കുറിച്ച് ഒരന്വേഷണം നടത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്. ആ കല്ലേറിക്കേസ് പിൻവലിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. തിരുവല്ലാ ലാത്തിചാർജ്ജിനെപ്പററി ഇവിടെ പറഞ്ഞു. വിദ്യാർത്ഥിനികളെക്കൂടി മർദ്ദിച്ചു. അന്വേഷണത്തിനു് ഉത്തരവായിരിക്കുന്നുവെന്നു് പത്രത്തിൽ കണ്ടു. അതു് ഏതവസ്ഥയിൽ ഇരിക്കുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. ഈ സഭയിൽതന്നെ ഒന്നിലധികം പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള ചുരുളി-കീരിത്തോട് കാര്യത്തെസംബന്ധിച്ചിടത്തോളം ഇന്നു് അടിയന്തിരപ്രമേയം അവതരിപ്പിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ, അവിടെ നടന്ന മർദ്ദനത്തെപ്പററി സൂചിപ്പിക്കുകയുണ്ടായി. എത്രമാത്രം പറഞ്ഞാലും മതിവരാത്ത രീതിയിലാണു് അവിടത്തെ സംഭവങ്ങൾ എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. നാസിജർമ്മനിയിലുള്ള കോൺസെൻട്രേഷൻ ക്യാമ്പിനെ പിന്നിലാക്കുന്ന രീതിയിലായിരുന്നു കീരിത്തോട്ടിലെ പോലീസ് ക്യാമ്പ് എന്നു എനിക്കു വിവരം കിട്ടിയിട്ടുണ്ട്. മുഖ്യമന്ത്രിതന്നെയും അതു കുറെയൊക്കെ സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം ആദ്യം ഇതിനെപ്പററി സംസാരിച്ചപ്പോൾ വെടിവെയ്പ്പ നടന്നില്ലെന്നും ലാത്തിചാർജ്ജും ടീയർഗ്യാസ് പ്രയോഗവും നടന്നുവെന്നും സമ്മതിച്ചു. മർദ്ദനം കുറച്ചു് അധികമായിക്കാണുമെന്നും അദ്ദേഹം സമ്മതിച്ചു. അവിടെയുള്ള ജനങ്ങൾ ഷെഡ്ഡു തീവെച്ചു. അങ്ങനെ അവർ അക്രമാസക്തരായതുകൊണ്ടാണു ലാത്തിചാർജ്ജും മററും നടന്നതെന്നു് അദ്ദേഹം പറഞ്ഞു. പൊതുവിമർശനത്തിനുള്ള പ്രസംഗത്തിൽ ഭരണകക്ഷിയിൽ നിന്നുതന്നെ, പോലീസുകാരാണു് ആ ഷെഡ്ഡു തീവച്ചതെന്നു് ആരോപണമുണ്ടായി. അതിനു മറുപടി പറഞ്ഞ കൂട്ടത്തിൽ അദ്ദേഹം പറഞ്ഞതു് അവിടെ തീവെപ്പു നടന്നു എന്നുമാത്രമാണ്. അപ്പോൾ തീവെപ്പു നടന്നു എന്നുപറഞ്ഞതല്ലാതെ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസ്താവനയിൽ അദ്ദേഹം ഉറച്ചുനിന്നില്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു വൺമെൻറിനു് ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനു് ഇതിൽ കൂടുതൽ കാര്യങ്ങൾ വേണോ? ലാത്തിച്ചാർജ്ജ് നടന്നുഎന്നും ടീയർഗ്യാസ് പ്രയോഗിച്ചുവെന്നും, അധികം ബലപ്രയോഗം നടന്നുകാണുമെന്നും മുഖ്യമന്ത്രി സമ്മതിക്കുന്നുണ്ട്. എന്നിട്ടു ഈ സഭയെ നോക്കി അന്വേഷണം നടത്തുകയില്ലെന്നുപറഞ്ഞാൽ, അതു ജനാധിപത്യത്തോടുള്ള അവഹേളനമാണു്; അഹന്തയാണു് എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. പോലീസിന്റെ മനോവീര്യം നിലനിറുത്താനാണു് എന്നൊരു സമാധാനം ഇതിനു പറഞ്ഞേക്കാം. അതിനു മനുഷ്യന്റെ മാംസവും രക്തവുമാണോ സംഭാവന ചെയ്യേണ്ടതു്? സാധാരണക്കാരായ കൃഷിക്കാരെ ഭീകരമായി മർദ്ദിച്ചിട്ട് അതു് ഇന്നും അനിശ്ചിതമായി തുടർന്നുകൊണ്ടിരിക്കുമ്പോൾ, അതിനെപ്രതിഷേധിച്ചു് പ്രമുഖനായ ഒരു രാഷ്ട്രീയ പ്രവർത്തകൻ സഖാവ് എ. കെ. ഗോപാലൻ നിരാഹാരസത്യഗ്രഹം ആരംഭിച്ചിരിക്കുകയാണെന്നു മന്ത്രിതന്നെ സമ്മതിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ അന്വേഷണം നടത്തുകയില്ലെന്നുള്ള പിടിവാശി ശരിയാണോ? ഈ രാജ്യത്തെ ഏററവുംകൂടുതൽ പ്രചാരമുള്ള മാതൃഭൂമി, മനോരമ, കേരളകൗമുദി തുടങ്ങിയ പത്രങ്ങളും അന്വേഷണം നടത്ത

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ ജനാധിപത്യത്തിൽ വിശ്വസിക്കുകയും, ജനാധിപത്യം പുലരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ ആളുകളും അന്വേഷണം നടത്തണമെന്നു പറയുമ്പോൾ, അന്വേഷണം നടത്തുകയില്ലെന്നുള്ള പിടിവാദവുമായി മന്ത്രി നില്ക്കുകയാണ്. അതു ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്. അദ്ദേഹം പറഞ്ഞു, അദ്ദേഹത്തിന്റെ മന്ത്രിസഭ ആററരികിലുള്ള പാറപോലെ ഉറച്ചതാണെന്ന്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ പാറ മുങ്ങിയെന്നു വരാമെങ്കിലും വെള്ളം ഇറങ്ങുമ്പോൾ പാറ അതുപോലെ കാണുമെന്ന് അദ്ദേഹം പറഞ്ഞു. അതു ശരിയാണ്. പക്ഷേ ഉരുൾപൊട്ടുന്ന അവസരത്തിൽ സംഗതി കുഴപ്പമാകും. അപ്പോൾ വലിയ പാറയും പൊളിഞ്ഞുപോകും. ബഹുജനരോഷമാകുന്ന ഉരുൾ പൊട്ടിയാൽ പാറപോലെ ബലമുള്ള ഗവണ്മെന്റാണെന്ന് അവകാശപ്പെട്ടാലും അതു തകർന്നുപോകുമെന്നു മനസ്സിലാക്കി ജനാധിപത്യത്തെ അദ്ദേഹം മാനിക്കുന്നുണ്ടെങ്കിൽ, ജനാധിപത്യത്തോട് അദ്ദേഹത്തിനു സ്നേഹമുണ്ടെങ്കിൽ, ആ സംഭവത്തെക്കുറിച്ച് ഒരു പരസ്യാന്വേഷണം നടത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

[Dy. Speaker in the Chair]

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാഡം, ഈ ധനാഭ്യർത്ഥനയിൽ കൊണ്ടുവന്നിട്ടുള്ള ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ശ്രീമാൻ

11 A.M.] ഭാസ്കരൻനായർ ഇവിടെ സംസാരിച്ചപ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി ഉപയോഗിച്ചിരുന്ന പോലീസ് സൈന്യത്തെ ജനാധിപത്യപരമായ രീതിയിൽ പുന:സംഘടിപ്പിച്ചു എന്നുള്ള ഒരു അഭിമാനബോധം ഇവിടെ ഉയർത്തിക്കാണിക്കുകയുണ്ടായി. നമ്മുടെ രാജ്യം ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി ഒട്ടേറെ സമരംചെയ്തിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് സ്വാതന്ത്ര്യത്തിലേക്കു നാം എത്തിയതു്. എന്നിരുന്നാലും ഇനിയും അന്നത്തെ ആ പഴയ പാരമ്പര്യത്തിൽ പലതും തുടച്ചുനീക്കേണ്ടതായിട്ടുണ്ട്. എന്നാൽ അങ്ങനെ തുടച്ചുനീക്കാൻ പാടില്ലാ ആ പഴയ പാരമ്പര്യംതന്നെ തുടർന്നുപോകണം എന്നുള്ള ചിന്താഗതി കാൺഗ്രസ്സും കാൺഗ്രസ്സ് ഗവണ്മെന്റുകളും നിലനിറുത്തിപ്പോരുന്നു എന്നുള്ളതിന്റെ ഒരുദാഹരണമാണ് നമ്മുടെ രാജ്യത്തെ പോലീസുവകുപ്പ്. അതിൽ നമ്മുടെ ഭാസ്കരൻനായർ അഭിമാനിക്കുകയും ചെയ്തിരിക്കുകയാണ്. ഈ പോലീസിന്റെ ഭരണംകൊണ്ടു നമ്മുടെ രാജ്യത്തു ജനങ്ങളുടെ ജീവനും സ്വത്തിനും സമാധാനത്തിനും മാനുഷികമൂല്യങ്ങൾക്കുതന്നെയും രക്ഷയില്ലാ എന്നുള്ള ആക്ഷേപം ശക്തിയായി നമ്മുടെ സഭാതലത്തിൽതന്നെ ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ ഉണ്ടായിട്ടുള്ള കൊലപാതകങ്ങളും ആത്മഹത്യകളും അന്വേഷണം നടത്താൻ സാധിക്കാതെ പോയതും സംശയകരമായിട്ടുള്ളതുമായ മരണങ്ങളും എത്രയെത്രയെണ്ണമാണെന്നുള്ളകാര്യം ഇവിടെ ചോദ്യത്തിനു മറുപടി ലഭിച്ചതാണ്. 1961–62–ൽ 296 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. 1962-63-ൽ 231 എണ്ണവും നടന്നിട്ടുണ്ട്. ചാർജ്ജ് കൊടുക്കാതെയും കുററക്കാരെ കണ്ടുപിടിക്കാൻ സാധിക്കാത്തതുമായ കൊലക്കേസുകൾ വളരെയുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യങ്ങൾക്കുത്തരമായി ഇവിടെ പറഞ്ഞിട്ടുള്ളതാണ്. 20-2-1964-ൽ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞതു്, ജനുവരിമുതൽ ഡിസംബർവരെ ആത്മഹത്യ 1438, സംശയകരമായ മരണം 18, കുത്തിക്കൊല 182 എന്നാണ്. ഇതു കണക്കാക്കി നോക്കിയാൽ ഏതാണ്ട് ഒരു ദിവസം 4 ആത്മഹത്യവീതവും, മാസത്തിൽ 15 കൊലപാതകംവീതവും ഇവിടെ നടക്കുന്നുണ്ട്. ഈ ആത്മഹത്യകൾ എത്രയെണ്ണം സംശയകരമായിട്ടുള്ള മരണങ്ങളാണെന്ന് ഉത്തരവാദിത്വത്തോടുകൂടി അന്വേഷണം നടത്തിയിട്ടില്ല. പോലീസുലാക്കപ്പിൽ കിടന്നു ക്യാൻസർ രോഗം പിടിച്ചു ഒരാൾ മരിച്ചുപോയി എന്നാണു പറയുന്നതു്. അതാണ് ആ പഴയ പാരമ്പര്യം ഇന്നും നിലനിൽക്കുന്നുവെന്നു ഞാൻ പറയാൻ കാരണം. ഒരു ലോറി ഓടിച്ചുകൊണ്ടുപോയിരുന്ന ഡ്രൈവർ അയാളുടെ ലോറി ഏതോ ഒരു സ്ഥലത്തു് ഇട്ടുവെന്ന

LIBRARY ARCHIVES Kerala Legislative Assembly

കാരണം പറഞ്ഞു് ചേർത്തല പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി അയാളെ ലാക്കപ്പിലിട്ടു മർദ്ദിച്ചു. അയാൾ അടുത്തദിവസം മരിക്കുകയും ഉണ്ടായി. മരണകാരണം ക്യാൻസറാണെന്നാണ് ഗവണ്മെൻറു പറഞ്ഞതു്. ക്യാൻസർ രോഗിയായ ഡ്രൈവർ മരിക്കാൻവേണ്ടി പോലീസു ലാക്കപ്പിലേക്കു കടന്നുചെല്ലുക. സർ, ഈ പാരമ്പര്യം പുലർത്തി ആണോ ഈ ജനാധിപത്യമുറയിൽ പോലീസിനെ പുനഃസംഘടിപ്പിച്ചു എന്നു അഭിമാനിക്കുന്നതെന്നു ചോദിക്കാൻതന്നെ എനിക്കു് ലജ്ജതോന്നുന്നു. സംശയകരമായ മരണങ്ങളുടെ കാര്യം എത്രയോ എണ്ണം ഇവിടത്തെന്നെ പറയുകയുണ്ടായി. എത്രയോ ലാത്തിച്ചാർജ്ജുകൾ ഈ രാജ്യത്തുണ്ടായി. ലാത്തിച്ചാർജ്ജുകളെ സംബന്ധിച്ചു കാൺഗ്രസ്സു മെമ്പറന്മാരിൽനിന്നുതന്നെ പ്രതിഷേധം ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതി നമുക്കറിയാം.

ഈ ഗവണ്മെൻറിൻെറ കീഴിൽ അഴിമതികളെ സംബന്ധിച്ചു്, ആ അഴിമതിക്കു് നേതൃത്വം കൊടുക്കുന്ന പണ്ടത്തെ വകുപ്പുമേധാവിയെ സംബന്ധിച്ചു പറയുമ്പോൾ അതിൽ മാറുചില ഉദ്ദേശങ്ങൾ ആരോപിച്ചുകേട്ടു. ഭരണകക്ഷിയിൽ വഴക്കുണ്ടാക്കാൻ ഞങ്ങൾ സംസാരിക്കുകയാണെന്നു പ്രസ്താവിക്കുകയുണ്ടായി. ഒരു ജനാധിപത്യ ക്രമത്തിൽ പ്രത്യേകിച്ചും ബ്രിട്ടീഷ് പാരമ്പര്യത്തിൻെറ അടിസ്ഥാനത്തിൽ ഇന്നു നാം തുടർന്നുവരുന്ന ജനാധിപത്യക്രമത്തിൽ ഭരണകക്ഷിയിൽപ്പെട്ട മെമ്പറന്മാർ അങ്ങനെ പറയുന്നതിൽ വലിയ അത്ഭുതമൊന്നുമില്ല. ചുമതലപ്പെട്ട മെമ്പറന്മാർ ഉത്തരവാദിത്വത്തോടുകൂടി സംസാരിക്കുമ്പോൾ നേരായ മാർഗ്ഗത്തിൽക്കൂടി അതിനെ നേരിടാൻ സാധിക്കാത്തതുകൊണ്ടുമാത്രമാണ് ഇങ്ങനെയുള്ള ദുഃസൂചനകൾ കൊണ്ടുവരുന്നതു് എന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ശ്രീമാൻ പി. ടി. ചാക്കോ, ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ അഴിമതിക്കെതിരായി അദ്ദേഹം സ്വീകരിച്ച നിലപാടിനെ മുക്തകണ്ഠം അഭിനന്ദിച്ചവരാണ് ഞങ്ങൾ. ജയിലിൽനിന്നും ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചു ഒരു കത്തെഴുതി അയക്കുകയുണ്ടായി. അതിൽ ചില യാളുകളുടെ പേരിൽക്കൂടി അഴിമതിസംബന്ധിച്ചുള്ള നടപടികൾ എടുക്കണമെന്നുകൂടി അറിയിച്ചിരുന്നു. ഇന്നയിന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതിയെക്കുറിച്ചു കൂടി നടപടി എടുക്കണമെന്നുള്ളതായിരുന്നു. പക്ഷേ, മി. ചാക്കോ എടുത്തിട്ടുള്ള നടപടികൾ വെറും പുറംപൂച്ചായിരുന്നു എന്നും അതെല്ലാം അദ്ദേഹത്തിൻെറ അഴിമതികൾക്കു മറയായി പിടിക്കുകയായിരുന്നുവെന്നും കൂടുതൽ അഴിമതികൾ നടത്താൻ വേണ്ടിയുള്ള ഒരു വിദ്യയായിരുന്നുവെന്നും പിന്നീടുണ്ടായിട്ടുള്ള സംഭവങ്ങൾ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്.

ഇവിടെ ഇന്നത്തെ ഐ. ജി.യെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ പേരിലുള്ള ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം തെളിവുണ്ടെങ്കിൽ അതിന്മേൽ നടപടിയെടുക്കാമെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. പിന്നീടു സംസാരിച്ചപ്പോൾ പറയുകയുണ്ടായി ഈ തെളിവുകൾ നേരത്തെ തരണമെന്നു്. ഞാൻ പറയുന്നതായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി അന്വേഷിച്ചാൽ ഗവണ്മെൻറിൻെറ ഫയലുകളിൽനിന്നും തെളിവുണ്ടാക്കാൻ സാധിക്കുമെന്നുള്ള കാര്യങ്ങൾ—ഞങ്ങൾക്കു മനസ്സിലാക്കാൻസാധിച്ച കാര്യങ്ങൾ—ഞാൻ ഉന്നയിക്കുകയാണ്. നമ്മുടെ ഇന്നത്തെ ഐ. ജി.യുടെ നിയമനകാര്യത്തിൽ തന്നെ ഈ നിയമനം ശുപാർശ ചെയ്യുന്നതിനു ചുമതലപ്പെട്ട പണ്ടത്തെ ഐ. ജി. ഇപ്പോഴത്തെ ഐ. ജി. പണ്ടു ഡി. ഐ. ജി. ആയിരുന്നപ്പോൾ ഇദ്ദേഹത്തെ പ്രമോട്ടുചെയ്യുന്നതിനെതിരായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഇദ്ദേഹത്തിൻെറ പേരിൽ, കൃത്യവിലോപം, മദ്യപാനം മുതലായ നടപടി ദൂഷ്യങ്ങളുണ്ടെന്ന നിലയിൽ പ്രമോട്ടു ചെയ്യുവാൻ പാടില്ലാ എന്നാണ് പണ്ടത്തെ ഐ. ജി. ഇദ്ദേഹത്തിൻെറ കാൺഫിഡൻഷ്യൽ റിക്കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതു്.

<u>ശ്രീ. മാലേത്തു ഗോപിനാഥപിള്ള</u> : സർ, ഒരു പായിൻറു ആഫ് ആർഡർ. ഇതു് കാൺഫിഡൻഷ്യൽ റിക്കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്. ഇതു് ഒരു ഉദ്യോഗസ്ഥൻെറ കാൺഫിഡൻഷ്യൽ റിപ്പോർട്ടാണ്. ഇതു് ഗവണ്മെൻറിൽ സൂക്ഷിക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. ആ ഉദ്യോഗസ്ഥന്റെ കാൺഫിഡൻഷ്യൽ റിപ്പോർട്ട് മെമ്പർ കണ്ടോ ? ഇതു വളരെ ഗൗരവമുള്ള കാര്യമാണ് സർ. ബഹുമാനപ്പെട്ട അംഗം അതു പരിശോധിച്ചതിനുശേഷമാണോ പറയുന്നതു്. അങ്ങനെ ഇതു പരിശോധിക്കാൻ ബഹുമാനപ്പെട്ട അംഗത്തിനു അവകാശമുണ്ടോ ; പരിശോധിക്കാതെ ഇത്ര ഗൗരവമായ ആരോപണം ഉന്നയിക്കാമോ ?

ശ്രീ. ഇ. പി. ഗോപാലൻ : കുറച്ചു എന്തോ ഉണ്ടെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. അതുകൊണ്ടാണല്ലോ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കാൺഫിഡൻഷ്യൽ റിക്കാർഡു കണ്ടോ എന്നു ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു. അതിലുള്ള വിവരങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു് അറിയാൻ കഴിഞ്ഞിട്ടുള്ള വിവരങ്ങളാം ഞാനിപ്പോൾ പറയാനാണു പോകുന്നതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : സർ, എന്റെ പായിന്റു ആഫ് ആർഡറിനെപ്പററി റൂളിംഗ് കിട്ടിയില്ല. ഇന്നു ഐ. ജി. യായിരിക്കുന്ന ആളും അന്നു ഡി. ഐ. ജി. ആയിരുന്നപ്പോൾ അദ്ദേഹത്തെപററി പണ്ടത്തെ ഐ. ജി. എഴുതിയിട്ടുള്ള കാൺഫിഡൻഷ്യൽ റിപ്പോർട്ടിനെപ്പററി ആ ബഹുമാനപ്പെട്ട അംഗത്തിനു് എങ്ങനെ അറിവുകിട്ടി ? അങ്ങനെ അറിവു കിട്ടിയിട്ടില്ലാ എന്നാണെങ്കിൽ ആ കാൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഉണ്ടെന്നു പറയപ്പെടുന്ന കാര്യങ്ങൾ ഇവിടെ പറയുന്നതിനു അവകാശമില്ല, അതു് പറയുന്നതിനു അനുവദിക്കരുതു്.

ശ്രീ. ഇ. പി. ഗോപാലൻ : ആ വിവരം എങ്ങനെ കിട്ടിയെന്നുള്ളതു് ചോദിക്കാൻ എന്തവകാശമാണു്. ഇതു് ഏതു സോഴ്സിൽകൂടി കിട്ടി എന്നറിയണമെന്നുള്ളതാണു്. കാര്യം അതുകൊണ്ടു് ഇതു ഒരു പായിന്റു ആഫ് ആർഡർ അല്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഈ കാൺഫിഡൻഷ്യൽ റിക്കാർഡു എന്നുള്ളതു വളരെ സീക്രട്ടായി സൂക്ഷിക്കപ്പെടേണ്ട ഒരു റിക്കാർഡാണു്. അതിൽ ഇന്നതെല്ലാം ഉണ്ടു് എന്നു കണ്ടു എന്നാണു് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. അതു് ഏതു സോഴ്സിൽ കൂടിയാണു അദ്ദേഹത്തിനു അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നു് പറഞ്ഞിട്ടില്ല. അതുകൊണ്ടു് അതു കാൺഫിഡൻഷ്യൽ ആണു്. അതേപ്പററി യാതൊന്നും സംസാരിക്കാൻ അവകാശമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : ട്രഷറി ബഞ്ചുകളിൽ ഇരിക്കുന്നവരുള്ളപ്പോൾ ഇതു് കണ്ടതിന്റേയോ, കാണാത്തതിന്റേയൊ വല്ല വിവരവും ഉണ്ടോ എന്നു് അവർ പറയുകയല്ലാതെ ഭരണകക്ഷിയിലെ ഒരു മെമ്പർക്കു് ഇതു ചോദിക്കാൻ അവകാശമുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മാഡം, ഈ കാൺഫിഡൻഷ്യൽ റിപ്പോർട്ടു ഗവണ്മെന്റിന്റെ പക്കലുണ്ടു്. അതിനെപ്പററി ചുമതലപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ ചോദിക്കാതെ എന്നോടു എന്റെ അടുത്തുണ്ടോ, അതു കണ്ടോ എന്നു ഉത്തരവാദപ്പെട്ട ഒരു മെമ്പർ ചോദിച്ചാൽ അതു് അദ്ദേഹത്തിന്റെ വിവരമില്ലായ്മയെക്കുറിച്ചു പ്രതിപാദിക്കുന്നുവെന്നു മാത്രമെ എനിക്കു പറയാനുള്ളു. കൂടുതലായി അതിലേക്കു കടക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : സർ, എന്റെ പായിന്റു ആഫ് ആർഡറിനു് റൂളിംഗ് നൽകിയിട്ടില്ല.

Deputy Speaker : I Will give a ruling.

ശ്രീ. ആർ. ശങ്കർ : കാൺഫിഡൻഷ്യൽ റിക്കാർഡിൽ ഉള്ളതാണെന്നു പറഞ്ഞു. അങ്ങനെ വല്ലതും ഉണ്ടു് എന്നു ഉന്നയിച്ചതിനുശേഷം കാൺഫിഡൻഷ്യലായി ഏതെങ്കിലും റിപ്പോർട്ടുണ്ടെന്നു ഏതെങ്കിലും ഒരു വിവരം മന്ത്രിയെക്കൊണ്ടു പറയിക്കാം എന്നുള്ള വ്യാമോഹമാണെങ്കിൽ അതു വേണ്ടാ. അതു തെററാണു്. അതുകൊണ്ടു് ആവശ്യമില്ലാത്ത, തെളിയിക്കാൻ കഴിയാത്ത ഇത്തരം കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കാൺഫിഡൻഷ്യൽ റിപ്പോർട്ട് അങ്ങയുടെ കയ്യിലുണ്ടെങ്കിൽ, ഉത്തരവാദിത്വബോധത്തോടുകൂടിയാണ് ഞാൻ പറയുന്നത്, ഇതു അങ്ങു പരിശോധിച്ചു നോക്കേണ്ടതാണ്.

ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിച്ചിരിക്കേണ്ടതു് ഏതെങ്കിലും ആരോപണങ്ങളോ, മറ്റെന്തെങ്കിലുമോ, ഉന്നയിക്കുകയാണെങ്കിൽ അതിന് ആവശ്യപ്പെട്ടാൽ തെളിവുകൊടുക്കാൻ തയ്യാറായിരിക്കണമെന്നുള്ളതാണ്.

ശ്രീ. ഇ. പി. ഗോപാലൻ : ഇതു് പ്രത്യേകിച്ചും ഗവണ്മെന്റ് ഒരു പ്രത്യേക നിയമനം നടത്തിയിട്ടുള്ള കാര്യത്തിൽ ചിലതു് നോട്ടക്കുറവുകൊണ്ടാകാം, അല്ലെങ്കിൽ ചില പ്രത്യേക താൽപര്യങ്ങൾവച്ചുകൊണ്ടാകാം, ചിലതു് കണ്ടില്ലാ എന്നുവരാം. അതിനു തെളിവു ഹാജരാക്കണമെന്നു പറഞ്ഞാൽ അതു് വിഷമമുള്ള കാര്യമാണ്.

ഡെ. സ്പീക്കർ : ഊഹമാണെന്നുണ്ടെങ്കിൽ അങ്ങനെ പറയാം. അല്ലാ ഇന്ന കാര്യമാണെന്നു പറയുകയാണെങ്കിൽ അതിനാവശ്യമായ തെളിവും തരണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മാഡം, പഞ്ചാബ് ഗവർണരായി മാറിപ്പോയ ശ്രീമാൻ പട്ടം താണുപിള്ള ഇവിടെ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം മാറിപ്പോകുന്നതിനു ഒരു ആഴ്ചമുമ്പ് ഐ. ജി.യെക്കുറിച്ചുള്ള ഫയൽ ക്ലോസ് ചെയ്യുവെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. പിന്നീടു മറ്റു തകരാറുകളൊന്നും വരാതിരിക്കുന്നതിനുവേണ്ടി ശ്രീമാൻ ചാക്കോതന്നെ നിർബന്ധംചെലുത്തി ആ ഫയൽ ക്ലോസു ചെയ്യിച്ചിട്ടുള്ളതായി ഞാൻ ആരോപിക്കുന്നു. അങ്ങനെ അധികാരത്തിൽ വന്നിട്ടുള്ള ഒരു ഐ. ജി. നടത്തിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച്, അഴിമതിയെപ്പറ്റി ആക്ഷേപം ഉണ്ടായപ്പോൾ, ആ ആക്ഷേപം ഉണ്ടാകാമെന്ന് അതിനു മുകളിലിരുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എഴുതിയിരിക്കെ, ഡി. ഐ. ജി. ആയിരുന്നകാലത്തു് വളരെയധികം നീതിവിരുദ്ധമായി പെരുമാറിക്കൊണ്ടു് സർവീസിലിരുന്ന ഒരാൾ ഇപ്പോൾ ചെയ്യാൻ പാടില്ലാത്തതായ കാര്യങ്ങൾ ചെയ്യുന്നതിനെ ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

[Mr. Speaker in the Chair]

Mr. Speaker ; The hon. Member may please hand over the information in writing to the Chief Minister.

ബഡ്ജറ്റു പ്രസംഗത്തിൽ പോലീസിനെപ്പറ്റിയുള്ള ഡിമാന്റു വരുമ്പോൾ പറയാനുള്ളതു് സ്പെസിഫിക്കായിട്ടുള്ള ഇൻസ്റ്റൻസസ് ഉണ്ടെങ്കിൽ പറയാമെന്നതാണ് നിയമസഭാ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : ഒരു ഡിപ്പാർട്ടുമെന്റു ഹെഡ്ഡിനെപ്പറ്റി പറയാനുണ്ടെങ്കിൽ ആ ഡിപ്പാർട്ടുമെന്റിനു പണം അനുവദിച്ചുകൊടുക്കാനുള്ള ഡിമാന്റു വരുന്ന അവസരത്തിൽ ഞങ്ങൾ അതുസംബന്ധിച്ചു സംസാരിക്കുന്നതെന്നാണോ ?

Mr Speaker : Hon, Members can bring forward specific allegations. 'No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation' എന്നാണു പറയുന്നതു്. അപ്പോൾ അങ്ങനെ എന്തു് ആരോപണമുള്ള സ്റ്റേറ്റുമെന്റു പറയുകയാണെങ്കിലും അതിന്റെ വിവരം ഗവണ്മെന്റിനു് പാസ്സുചെയ്യുക, സ്പീക്കർക്കും കൊടുക്കുക അതാണു റൂൾ.

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : ആ റൂൾ ഉണ്ടായതിനുശേഷം ഇത്രയേറെ പ്രാവശ്യം ഉന്നയിച്ചിട്ടുണ്ടു്.

മി. സ്പീക്കർ : അതുകൊണ്ടു കാര്യമായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : അതേപ്പററി എനിക്കു് ചോദ്യമില്ല. ഒരു ഡിപ്പാർട്ടുമെൻറിനെപ്പററി, ആ ഡിപ്പാർട്ടുമെൻറിൻെറ തെററിനെപ്പററി ഈ സഭയിൽ ചില കാര്യങ്ങൾ പറയുന്നതിനു ഈ റൂൾ ബാധകമാണു്.

മി. സ്പീക്കർ : ഒരു പേഴ്സണെ സംബന്ധിച്ച് പറയുകയാണെങ്കിൽ റൂളിൽ ഉള്ളതാണു ഞാൻ പറഞ്ഞതു്.

ശ്രീ. ഈ. പി. ഗോപാലൻ : ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളതിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ആ ഡിപ്പാർട്ടുമെൻറിനെപ്പററി അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തെ സംബന്ധിച്ച് പറയാൻ പാടില്ലാ എന്നാണോ ?

മി. സ്പീക്കർ : അതു് ഇൻക്രിമിനേററി സ്റ്റേററുമെൻറാണെങ്കിൽ പറയാൻ പാടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആൾ ഇൻഡ്യാ സർവ്വീസ് റൂൾസ് 1954 സെക്ഷൻ 5 പ്രകാരം ഐ. ഏ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും സംഖ്യ കടം വാങ്ങിക്കുന്നതിനെ സംബന്ധിച്ച് അതിനു മുൻകൂട്ടി ഗവണ്മെൻറിൻെറ അനുവാദം വാങ്ങിക്കണമെന്നുണ്ടു്. ഇപ്പോഴത്തെ ഐ. ജി., ഡി. ഐ. ജി. ആയിരിക്കുമ്പോൾ, ഒരാളോടു് അയ്യായിരം രൂപാ വാങ്ങിയിട്ടുണ്ടു്.

Mr. Speaker : Mr. Ramakrishnan, when you make specific allegations you must observe the rule regarding that.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പോയിൻറു് ഒരു ആഫ് ആർഡർ. ഇത്തരം ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം ഒരു റൂളിംഗ് ഉണ്ടായതിനു ശേഷം, വീണ്ടും ഈമാതിരി കാര്യങ്ങൾ പറയുകയാണെങ്കിൽ ഈ കാര്യങ്ങളെ സംബന്ധിച്ച് നിയമസഭാനടപടികൾ നീക്കംചെയ്യുന്നതിനു് ആവശ്യമായ നടപടി സ്വീകരിക്കേണ്ടിവരുകയില്ലേ ?

Mr. Speaker : There is no need for that. Mr. Ramakrishnan, you please follow the rule.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഞാൻ ഡിപ്പാർട്ടുമെൻറു മേധാവിയെപ്പററിയാണു പറയുന്നതു്. ആ റൂളിനെതിരായി ബാങ്ക് ആഫ് ഇൻഡ്യയിലെ മദിരാശി ബാങ്കിൽനിന്നു് ഇന്നത്തെ ഐ. ജി. വിദേശയാത്ര ചെയ്യുന്നതിനു മുൻപു്........

Mr. Speaker : Still you are going against the rule.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ രീതിയിൽ ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ള കാര്യം പറയാൻ പാടില്ലെന്നാണെങ്കിൽ, ഒരു കാര്യമേ പറയാനുള്ളു. ഇന്നു അഴിമതി നിരോധനത്തിൻെറ വകുപ്പുമേധാവികൾ എല്ലാതരത്തിലുമുള്ള അഴിമതികൾ നടത്തുന്നുവെന്നും, മററെല്ലാ തത്വങ്ങൾക്കും എതിരായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമായ ആരോപണമുള്ളതിനു് ആവശ്യമായ തെളിവുകൾ മുഖ്യമന്ത്രിക്കു നൽകാമെന്നും, അതിന്മേൽ ആവശ്യമായ നടപടികൾ എടുക്കണമെന്നും അറിയിച്ചുകൊണ്ടു് ആ കാര്യം അവസാനിപ്പിക്കുകയാണു്. സർ, ഈ മേധാവിയുടെ കീഴിൽ അഴിമതി നിരോധന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ സാധ്യമല്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്.

മററൊരു കാര്യംകൂടി പറഞ്ഞു അവസാനിപ്പിക്കാം. പോലീസ് മർദ്ദനത്തെപ്പററി ഇവിടെ പലരും പറഞ്ഞു. ചുരുളിയിലും, കീരിത്തോട്ടിലും മർദ്ദനം നടന്നില്ലെന്നും, സമാധാനപരമായി അവിടെനിന്നു ആളുകൾ ഇറങ്ങിപ്പോകുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. ഈ. എം. എസ്സിൻെറ നേതൃത്വത്തിൽ കമ്മ്യൂണിസ്ററു പാർട്ടിയുടെ പ്രതിനിധിസംഘവും, കാൺഗ്രസിൻെറ പ്രതിനിധിസംഘവും അവിടെ പോയിട്ടുണ്ടു്. അവിടത്തെ ആളുകളോടു സംസാരിച്ചു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചതു് അവിടെ പോലീസു

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദനം നടന്നിട്ടുണ്ടെന്നാണ്. ഞങ്ങളുമായി സംസാരിച്ച ആളുകളാരെ തിരഞ്ഞുപിടിച്ചു പോലീസ് വീണ്ടും മർദ്ദനം നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ അടിച്ചതിന്റെ ഫലമായി ഒരാൾ ഭ്രാന്തനായി ഇന്നും അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ട്. ഏററുമാനൂർ സ്വദേശിയായ ഒരു മി. വർക്കി—മി പൊടിപ്പാറയുടെ നാട്ടുകാരനാണ്—ഇന്ന് ഭ്രാന്തനായി നടക്കുകയാണ്. വർക്കിയെക്കൊണ്ടു പോലീസുകാർ 100 ഏത്തം ഇടുവിച്ചതായും, വർക്കിയുടെ മകളുടെ ഭർത്താവിനെ അയാളുടെ മുൻപിൽവച്ചു ഭയങ്കരമായി മർദ്ദിച്ചതായും, അതിന്റെ ഫലമായി അയാൾ ഭ്രാന്തനായി എന്നും അറിയുന്നു. ചുരുളിയിൽ മറിയം എന്നൊരു യുവതിയെ പോലീസു ചെന്നു പിടിച്ചു—ഞെക്കി എന്നു മാത്രമേ ഞാൻ പറയുന്നുള്ളു—ചാരിത്ര്യധ്വംസനത്തിനു തയ്യാറായ കഥയും കേൾക്കുന്നു. അതുപോലെ ഒട്ടേറെ സംഭവങ്ങൾ ആ ഭാഗത്തുണ്ടായിട്ടും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരെ നിഷേധാത്മകമായ മറുപടി പറഞ്ഞതു് ശരിയായില്ല. പോലീസ് വലയത്തിനകത്തു് മനുഷ്യരെ ഭയങ്കരമായി മർദ്ദിച്ചിട്ടുള്ളതായിട്ടാണറിയുന്നതു്. ഈവക കാര്യങ്ങളെപ്പററി അന്വേഷിച്ച് ആവശ്യമായ നടപടിയെടുക്കേണ്ടതു് അത്യാവശ്യമാണ്. ഇതിനെയെല്ലാം നിഷേധിച്ചുകൊണ്ടു് വെറുതെ ഇരിക്കുന്നതു ശരിയല്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു

<u>ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ :</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. പോലീസിനെ സംബന്ധിച്ചിടത്തോളം, അവർക്ക് ജീവിതസൗകര്യങ്ങൾ ചെയ്തുകൊടുക്കുക, ക്വാർട്ടേഴ്സ് പണിയിച്ചുകൊടുക്കുക മുതലായ കാര്യങ്ങളിലേക്ക് ഒരു നല്ല തുക മാററിവച്ചിട്ടുള്ളതിൽനിന്ന് ഈ ഗവൺമെന്റിന് അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ താൽപര്യം ഉണ്ടെന്നു തെളിയുന്നതാണ്. ഇന്ന് ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ അവരുടെ ടി. ഏ. സംബന്ധിച്ച കാര്യവും, റിസർവ്വ്പോലീസിൽ പത്തും, പന്ത്രണ്ടും കൊല്ലം സർവ്വീസുള്ള, പ്രത്യേകം ടെസ്ററു പാസ്സായിട്ടുള്ള പോലീസുകാർക്ക് ലോക്കൽ വിഭാഗത്തിലേയ്ക്കു് പോകാൻ സൗകര്യമില്ലാത്ത കാര്യവും ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയിൽ പെടേണ്ടതാണ്.

സർ, ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു്, മറുഭാഗത്തുനിന്നു പറഞ്ഞ കാര്യങ്ങൾ പലതും വ്യക്തിപരമായ പരാമർശങ്ങളിൽ കവിഞ്ഞു്, നയപരമായ വിമർശനങ്ങളായി കാണാൻ സാധിച്ചില്ല. നിയമസഭയിൽ ...ട്ടത്തകാലത്തു പ്രതിപക്ഷത്തുനിന്ന് ഇങ്ങനെയൊരു പ്രവണത വളർന്നുവരുന്നതായി ചൂണ്ടിക്കാണിക്കാൻ കഴിയും. ചിലരെ സംബന്ധിച്ചിടത്തോളം, വ്യക്തിപരമായ പരാമർശനം നടത്തി, പൊതുജീവിതത്തിലും, ഔദ്യോഗിക ജീവിതത്തിലും അവരെ താറടിച്ചുകാണിക്കാൻ ഒരു പരിശ്രമം പ്രതിപക്ഷത്തു് ഉള്ളവർ കരുതിക്കൂട്ടി അനുവർത്തിച്ചുവരുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ ഭാഗത്തിരിക്കുന്നവരെ സംബന്ധിച്ചു മാത്രമല്ല, ഇന്നു പൊതുജീവിതവുമായി ബന്ധപ്പെട്ടിട്ടുള്ള ആരെപ്പററിയും, അവരുടെ സ്വകാര്യജീവിതം ചുഴന്നു പരിശോധിച്ചാൽ പലതരത്തിലുള്ള രഹസ്യങ്ങൾ കണ്ടുപിടിക്കാൻ മററുള്ളവർക്കും സാധിക്കുമെന്നുള്ള വസ്തുത മറന്നുകൊണ്ടാണ് എന്റെ പ്രതിപ...ി സ്നേഹിതന്മാർ ഇവിടെ ചില പരാമർശനങ്ങൾ നടത്തിയതെന്നു തോന്നിപ്പോകുന്നു. അത്തരത്തിലുള്ള വിമർശനങ്ങൾ ഈ സഭയ്ക്കു യോജിച്ചതല്ല എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

സർ, ഇവിടെ പോലീസിനെ സംബന്ധിച്ചുള്ള വിമർശനവേളയിൽ സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ. പൊതുജനങ്ങൾക്കു മറവിപററിയിട്ടുണ്ടെന്ന വിശ്വാസത്തിലാണു പലതും പറഞ്ഞിട്ടുള്ളതെന്നു തോന്നുന്നു 1957 തൊട്ടു് 28 മാസക്കാലം ഈ രാജ്യം ഭരിച്ച കമ്മ്യൂണിസ്ററുപാർട്ടി പ്രതിനിധികൾ, ഇവിടത്തെ പോലീസിനെ സംബന്ധിച്ചും, പോലീസിന്റെ അഴിമതികളെപ്പററിയും സംസാരിക്കുന്ന അവസരത്തിൽ അവരുടെ കിരാതമായ ഭരണചരിത്രത്തെപ്പററി സ്മരിക്കാതിരിക്കാൻ നിവൃത്തിയില്ല. പൊതുജനങ്ങൾ മറവി ഉള്ളവരാണെങ്കിലും കമ്മ്യൂണിസ്ററു ഭരണകാലത്തെപ്പററി ഓർക്കാതിരിക്കാൻ ഇടയില്ല. 1957 മുതൽ 28 മാസക്കാലം കമ്മ്യൂണിസ്ററുപാർട്ടി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ചിരുന്നപ്പോൾ, ഇവിടെ എത്രത്തോളം ക്രമസമാധാനം പാലിക്കപ്പെട്ടിരുന്നു എന്നു ഞാൻ ചോദിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ നയപ്രഖ്യാപനത്തെ വിമർശിച്ചുകൊണ്ട് ശ്രീ. വി. ആർ. കൃഷ്ണയ്യർ പ്രസംഗിച്ചു. റൂൾ ഓഫ് ലായെ സംബന്ധിച്ച് വളരെയേറെ അദ്ദേഹം പ്രസംഗിച്ചു. അതു ഞാൻ ശ്രദ്ധിച്ചു കേൾക്കുകയുണ്ടായി. പൊളിററിക്കൽ സയൻസു പഠിച്ചിട്ടുള്ളപ്പോൾ റൂൾ ആഫ് ലായെ സംബന്ധിച്ച് ചിലതെല്ലാം മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ശ്രീ. വി. ആർ. കൃഷ്ണയ്യർകൂടി ഉൾപ്പെട്ട കമ്മ്യൂണിസ്ററുപാർട്ടി ഈ രാജ്യം ഭരിച്ചിരുന്ന കാലത്തു് റൂൾ ആഫ് ലായെ സംബന്ധിച്ചു അടിസ്ഥാനപരമായ എന്തെങ്കിലും ഒരു നയം ഉണ്ടായിരുന്നോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ രാജ്യത്തെ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ച്, റൂൾ ആഫ് ലായെ സംബന്ധിച്ച്, അതുപോലെതന്നെ ക്രമസമാധാനത്തെ സംബന്ധിച്ച് 28 മാസക്കാലത്തെ കരാളമായ ഭരണത്തിൽ യാതൊരു തത്വദീക്ഷയും ഇല്ലാതെ, ജനങ്ങൾ ആകമാനം വെറുത്ത ഒരു ഭരണം നടത്തിയ കമ്മ്യൂണിസ്ററുകാരാണ് ഇപ്പോൾ വിചിത്രമായ ഈ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നതു്. 28 മാസക്കാലം പാർട്ടിയെ വളത്താൻ ഒരു കരാളഭരണം നടത്തിയവരാണ് ഇന്നു പോലീസു ഡിപ്പാർട്ടുമെൻറു മേധാവികളേയും, മന്ത്രിമാരേയും താറടിക്കാൻ ചില ആരോപണങ്ങളുമായി പുറപ്പെട്ടിരിക്കുന്നതു്. തങ്ങളുടെ ഭരണകാലത്തെ തെററായ നടപടികൾനിമിത്തം പോലീസിനെ നിർവീര്യരാക്കി, ക്രമസമാധാനം താറുമാറാക്കി, ആകപ്പാടെ കഴഞ്ഞുമറിഞ്ഞുകിടന്ന ആ വകുപ്പ് 1960-ൽ അധികാരത്തിൽവന്ന ഈ ഗവണ്മെൻറു 24 മണിക്കൂറിനകം ക്രമസമാധാനങ്ങൾ പുനഃസ്ഥാപിക്കുകയും, പോലീസുഭരണം ഏററവും കാര്യക്ഷമമാക്കിത്തീക്കുകയും ചെയ്തതിൽ സഹികെട്ട പ്രതിപക്ഷങ്ങൾ ഇപ്പോൾ വ്യക്തിപരമായ ആരോപണവുമായി പുറപ്പെട്ടിരിക്കുകയാണ്. സർ, ഗവണ്മെൻറിന്റെ നിർദ്ദേശാനുസരണം, രാജ്യത്തു ക്രമസമാധാനങ്ങൾ പുനഃസ്ഥാപിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച പോലീസു മേധാവികളെപ്പററി ദോഷാരോപണങ്ങൾനടത്തി, അവരെ താറടിക്കാനുള്ള ഈ ശ്രമം വിജയിക്കാൻപോകുന്നില്ല. അഴിമതി നിരോധനത്തിൽ ശ്രീ. പി. ററി. ചാക്കോയുടെ ഭരണകാലത്തു് രജതരേഖ ദർശിച്ച കമ്മ്യൂണിസ്ററുകാർ, ഇപ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ ഗവണ്മെൻറു ബഞ്ചിൽ ഇല്ലാതിരിക്കുന്ന അവസരംനോക്കി, അദ്ദേഹത്തിന്റെ കീഴിൽ കാര്യക്ഷമമായി ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥന്മാരുടെനേരെ ആരോപണങ്ങളുമായി പുറപ്പെട്ടിരിക്കുന്നതു് ശരിയാണോ എന്നു ഞാൻ ചോദിക്കുന്നു.

സർ, 1957 ആഗസ്ററു 26-ാംതീയതി കുമ്പളത്തു ശ്രീ. ശങ്കുപ്പിള്ളയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു നടത്തിയ വൻപിച്ച ജാഥ സെക്രട്ടേറിയററിനു മുൻപിലായപ്പോൾ, കമ്മ്യൂണിസ്ററു മന്ത്രിമാരുടെ റൂൾ ആഫ് ലായെ സംബന്ധിച്ചു വിശ്വാസപ്രമാണങ്ങൾ എന്തെല്ലാമായിരുന്നുവെന്നു ഇപ്പോൾ ഞാൻ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല. സർ, ഇവിടെ പോലീസുദ്യോഗസ്ഥന്മാരെപ്പററി ചില വിമർശനങ്ങൾ നടന്നു. 1960-നു ശേഷം കമ്മ്യൂണിസ്ററു പാർട്ടി ചില വൻപിച്ച സമരങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. ശ്രീ. എ. കെ. ജി. ഈ ഗവണ്മെൻറിനു എതിരായി ഒരു ജീപ്പുജാഥ നയിച്ചു. അതു് ഈ രാജ്യത്തെ ജനങ്ങൾ കണ്ടതാണ് എങ്ങനെ അവസാനിച്ചു എന്നു്.

<u>ശ്രീ. ഈ. പി. ഗോപാലൻ</u> : സർ, ഈ പ്രസ്താവന ശ്രീ. എ. കെ. ജി.യെപ്പററിയുള്ള ഒരു അലിഗേഷനാണ്; ഇതിനെപ്പററി മുൻകൂട്ടി വല്ലതും എഴുതിത്തന്നിട്ടുണ്ടോ ; ഈ പരാമർശം ആർഡറിലാണോ ?

Mr. Speaker : Please conform to the rules.

<u>ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ</u> : സർ, ഞാൻ പറഞ്ഞതു് മറെറാന്നുമല്ല. ശ്രീ. എ. കെ. ജി.യുടെ നേതൃത്വത്തിൽ കാസർകോട്ടുനിന്നു് പൂവ്വാർവരെ ഒരു ജീപ്പ ജാഥ നയിച്ചു. ഈ രാജ്യത്തെ ഭരണം സ്തംഭിപ്പിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷങ്ങളുടെ സംഘടിതസമരം നടന്ന ആ പ്രക്ഷോഭണം എങ്ങനെ അവസാനിച്ചു? പോലീസ് ഒററ ലാത്തിച്ചാർജ്ജുപോലും നടത്താതെ ആ സമരം പ്രഭാതകിരണം ഏററ ഹിമബിന്ദുക്കൾപോലെ നിഷ്പ്രഭമായിപ്പോയി. അങ്ങനെ ആ പ്രക്ഷോഭണത്തെ വിജയകരമായി അവസാനിപ്പിക്കാൻ ഈ രാജ്യത്തെ പോലീസ് സമർത്ഥമായി പ്രവർത്തിച്ചതിനാണോ ഇപ്പോൾ ചില പോലീസുദ്യോഗസ്ഥന്മാരെ താറടിക്കാൻ കമ്മ്യൂണിസ്ററു പാർട്ടി സാഹസപ്പെടുന്നതെന്ന മനസ്സിലാകുന്നില്ല. ഇവിടെ പറഞ്ഞുകേട്ട ചില വ്യക്തിപരമായ ഉദ്യോഗസ്ഥപരാമർശനങ്ങളിലേയ്ക്കു കൂടുതൽ കടക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

സർ, ശ്രീ. എസ്സ്. കുമാരൻ ചില തൊഴിൽ സമരത്തെ സംബന്ധിച്ചും ജന്മികുടിയാൻ സമരത്തെപ്പററിയും പറഞ്ഞു. അതിനെപ്പററിയും അധികമൊന്നും പറയണമെന്ന് എനിക്കാഗ്രഹമില്ല. സർ, കമ്മ്യൂണിസ്ററുപാർട്ടി ഭരണാധികാരത്തിൽവന്നപ്പോൾ ശ്രീ. ഈ. എം. എസ്സ്. ഒരു വസ്തുത ഊന്നിപ്പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതു് ഈ രാജ്യത്തു് അരക്ഷിതാവസ്ഥയുള്ള ഒരു വർഗ്ഗത്തിനു് സംരക്ഷണം നൽകും, മററു വർഗ്ഗത്തിനു് അതു് അപകടമായേയ്ക്കും എന്നായിരുന്നു. ആദ്യമായി ശ്രീ. ഈ. എം. എസ്സ്. ആയിരുന്നു അങ്ങനെ ഒരു നിലപാടിനെപ്പററി ഈ രാജ്യത്തു് പ്രസ്താവിച്ചതു്. ഈ ഗവണ്മെൻറു് അങ്ങനെ ഒരു നയം സ്വീകരിച്ചിട്ടില്ല. തൊഴിലാളിയായാലും, മുതലാളി ആയാലും ക്രമസമാധാനം പാലിക്കാൻ ഗവണ്മെൻറു ഉറച്ച ഒരു നിലപാടു് സ്വീകരിച്ചിട്ടുണ്ടു്. ജന്മിതാൽപര്യത്തിനുവേണ്ടിയോ, തൊഴിലാളികൾക്കെതിരായോ പോലീസ് ഒരിക്കലും ഇടപെടുകയില്ല എന്നു് ആധികാരികമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, അതിനെതിരായി ഒററപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ചൂണ്ടിക്കാണിച്ചു. തിരുവല്ലായിലെ ലാത്തിച്ചാർജ്. അതു് അന്വേഷണത്തിനു വിധേയമാക്കിയിരിക്കുകയാണു്; പോലീസിൻെറ പേരിൽ കുററം ഉണ്ടെന്നുകണ്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും. നാലുകൊല്ലത്തിനിടയിൽ ഇങ്ങനെ ഒററപ്പെട്ട ഒന്നോ രണ്ടോ സംഭവങ്ങൾ കണ്ടെന്നുവരും. അതു ചൂണ്ടിക്കാണിച്ചിട്ടു് ഈ ഗവണ്മെൻറിൻെറ പോലീസുനയം പരാജയമാണെന്നോ, കാര്യക്ഷമതയില്ലാത്തതാണെന്നോ പറയുന്നതു ശരിയല്ല. കമ്മ്യൂണിസ്ററു ഭരണകാലത്തു് ചന്ദനത്തോപ്പിലും, ദേവികുളത്തും ഈ രാജ്യത്തു ആദ്യമായി തൊഴിലാളിയെ വെടിവയ്ക്കാൻ അവസരം ഉണ്ടാക്കിയില്ലേ എന്നു ഞാൻ വിനീതമായി ചോദിക്കുകയാണു്. ആ വക കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ രാജ്യത്തെ ആളുകൾക്കു മറവി ഉണ്ടാകുമെങ്കിലും 28 മാസക്കാലത്തെ നിങ്ങളുടെ ഭരണം അത്രവേഗം മറക്കാൻ സാധിക്കുന്നതല്ല.

സർ, കുട്ടിക്കുരങ്ങിനെക്കൊണ്ടു ചുടുചോറു വാരിക്കുന്നതുപോലെ, ശ്രീ. പി. എസ്സ്. ശ്രീനിവാസനെക്കൊണ്ടു് ചില ആരോപണങ്ങൾ ഇവിടെ പറയിച്ചു. ക്രമസമാധാനവും മററും തീരെ അപകടത്തിലായിരിക്കുന്നുവെന്നാണു് ആരോപണം. കമ്മ്യൂണിസ്ററുപാർട്ടി ഇവിടം ഭരിച്ചിരുന്നപ്പോൾ, വൈക്കം നിയോജകമണ്ഡലത്തിൽ ഉണ്ടായ ചില സംഭവങ്ങൾ ഇന്നും മറക്കാൻ സാധ്യമല്ല. വൈക്കം നിയോജകമണ്ഡലത്തിൽ കമ്മ്യൂണിസ്ററു ഭരണകാലത്തു് ഏഴു് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നില്ലേ? ഒരു കേസന്വേഷണത്തിനുചെന്ന പോലീസുകാരനെ കമ്മ്യൂണിസ്ററു് ഗുണ്ടാകൾ തെങ്ങിൽ പിടിച്ചുകെട്ടി പല്ലുപറിച്ചു് ഉപദ്രവിച്ച സംഭവം മറന്നിട്ടാണോ ശ്രീ. ശ്രീനിവാസൻ ഇപ്പോൾ ആരോപണം ഉന്നയിച്ചതെന്നു മനസ്സിലാകുന്നില്ല. ഏതായാലും, പോലീസിൻെറ അഴിമതികളെക്കുറിച്ചു ശ്രീ. ശ്രീനിവാസൻ ഒന്നും സംസാരിക്കാതിരിക്കുകയായിരുന്നു നല്ലതു്. അങ്ങനെ പല ഓർമ്മകളും ആ ഭരണകാലത്തെത്തു് ഇപ്പോൾ പറയാൻ കഴിയും. ഇന്നു് ഈ രാജ്യത്തു ക്രമസമാധാനം പാലിക്കുന്നതിനും, കാര്യക്ഷമമായ ഭരണം നടത്തുന്നതിനും അങ്ങേയററം ഉത്തരവാദിത്വത്തോടുകൂടി പരിശ്രമിക്കുന്ന പോലീസുദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് പല ആരോപണങ്ങളും പലരും നടത്തി. ഐ. ജി. യെ. പോലുള്ള ഉന്നതനായ ഒരു പോലീസുദ്യോഗസ്ഥനെ സംബന്ധിച്ചു് ഇവിടെ പരാമർശനം നടന്നു. ശ്രീ. വി. പി. നായർ

2/1767/V

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ]

കാര്യക്ഷമതയോടുകൂടി ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിക്കുന്നുണ്ടോ എന്നു നോക്കാതെ, അദ്ദേഹത്തിന്റെ സ്വകാര്യജീവിതത്തെ നിയമസഭയിൽ വിമർശനവിഷയമാക്കി പന്താടാൻ ശ്രമിച്ചതു് ശരിയായില്ല. ഐ. ജി. എന്ന നിലയിൽ ഔദ്യോഗികപ്രവർത്തനത്തിനു് ക്രമക്കേടു കാണിച്ചിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തെ ഞാൻ വെല്ലുവിളിക്കുന്നു. അതുപോലെതന്നെ ആന്റി കറപ്ഷൻ ഡി. എസ്. പി.യായിരുന്ന ശ്രീ. വി. കെ ജോർജിന്റെ പേരുപറയാതെ ചില ആരോപണങ്ങൾ ഉന്നയിച്ചു. സർ, ആരാണു് ഈ വി. കെ. ജോർജ്ജു് ? 1957 മുതൽ 28 മാസം ഇവിടെ ഭരണംനടത്തിയപ്പോൾ, കമ്മ്യൂണിസ്റ്റു ഗവണ്മെന്റിന്റെ കുപ്രസിദ്ധമായ മജീദ് കേസിൽ, പ്രാസിക്യൂഷനു് അന്നത്തെ ഗവണ്മെന്റിനു് എതിരായി മൊഴികൊടുത്ത ആളാണു് ശ്രീ. വി. കെ. ജോർജ്ജ്. ഗവണ്മെന്റിന്റെ നിർദ്ദേശത്തിനു വഴങ്ങാതെ ധീരമായി പ്രവർത്തിച്ചയാളാണു് ശ്രീ. ജോർജ്ജ്. കമ്മ്യൂണിസ്റ്റു ഗവണ്മെന്റിന്റെ സമ്മർദ്ദത്തിനു് നീതിനിർവ്വഹണത്തിൽനിന്നു് അദ്ദേഹത്തെ വ്യതിചലിപ്പിക്കാൻ സാധിച്ചിട്ടില്ല. അന്നത്തെ പകപോക്കാനാണോ ഈ ആരോപണങ്ങൾ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശ്രീ. ചാത്തുണ്ണിയുടേയും, ശ്രീ. എസ്. ഗോവിന്ദമേനോന്റെയും പേരിലുണ്ടായ അഴിമതിയാരോപണക്കേസ്സുകൾ വേണ്ടവിധം അന്വേഷണം നടത്തി, ട്രിബ്യൂണലിനു വിടാൻ ധീരമായി മുന്നോട്ടുപോയ കർമ്മധീരനായ ഒരു ഉദ്യോഗസ്ഥനാണു് ശ്രീ. വി. കെ. ജോർജ്ജ്.

സർ, സിറ്റി പോലീസ് കമ്മീഷണർ ശ്രീ. സൈമൺ മാഞ്ഞൂരാനെപ്പറ്റി പറഞ്ഞു. കോട്ടയത്തു ഡി. എസ്. പി. യായിരിക്കുമ്പോൾ, ഏതോ മന്ത്രിമാർക്കു സേവനം അനുഷ്ഠിച്ചതിന്റെ ഫലമായിട്ടാണു പ്രമോഷൻ കൊടുത്തതെന്നു പറഞ്ഞു. 1943—44-ൽ തൃശ്ശൂർ സെന്റുതോമസ് കാളേജിൽ ഞങ്ങൾ പഠിക്കുമ്പോൾ ശ്രീ. സൈമൺ മാഞ്ഞൂരാൻ അവിടത്തെ ഏ. എസ്. പി. ആയിരുന്നു. പഴയ കൊച്ചി സംസ്ഥാനത്തെ ചീഫ് ജസ്റ്റീസായിരുന്ന അദ്ദേഹത്തിന്റെ പിതാവു്. ആരുടേയും സേവപിടിച്ചു പ്രമോഷൻ വാങ്ങേണ്ട പാരമ്പര്യം അദ്ദേഹത്തിനില്ല. 1952-ൽ ഇൻഡ്യയിൽനിന്നു് സ്കാട്ടുലൻഡുയാർഡിലേയ്ക്കു് മൂന്നുപേരെ പരിശീലനത്തിനയച്ചതിൽ ഒരാൾ ശ്രീ. സൈമൺ മാഞ്ഞൂരാനായിരുന്നു. 21 കൊല്ലക്കാലം ഈ രാജ്യത്തു സമർത്ഥമായ സേവനം അനുഷ്ഠിച്ച പാരമ്പര്യം അദ്ദേഹത്തിനുണ്ടു്. ഇതിൽ കൂടുതലായി അവരുടെ ചരിത്രം പരാമർശനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

സർ, ഈ രാജ്യത്തു് കമ്മ്യൂണിസ്റ്റുകാർ ഭരിച്ചിരുന്നപ്പോൾ അവിടത്തെ ക്രമസമാധാനപാലനം എത്രമാത്രം വിജയിച്ചിരുന്നുവെന്നു എല്ലാവർക്കും അറിവുള്ളതാണു്. വിദേശത്തുനിന്നു് തലസ്ഥാനനഗരിയിൽ വന്ന ഒരു വ്യവസായപ്രമുഖന്റെ പിടലിക്കു് തുണിചുറ്റി അയാളുടെ കൈയിലുണ്ടായിരുന്ന പണം പിടിച്ചുവാങ്ങിയ സംഭവം എല്ലാവർക്കും അറിയാം.. ഇന്നാണെങ്കിൽ, സിറ്റി പോലീസ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു കാര്യക്ഷമമായ പോലീസുഭരണം ഇവിടെ നടക്കുകയാണു്. ക്രമസമാധാനം ഇവിടെ പരിപൂർണ്ണമായി പാലിക്കപ്പെടുന്നുണ്ടെന്നു നിഷ്പക്ഷബുദ്ധികൾ സമ്മതിക്കും.

അവിടെ പ്രതിപക്ഷത്തെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചുരുളി കീരിത്തോട്ടിലെ സംഭവങ്ങളെപ്പറ്റി പറഞ്ഞു. അവിടത്തെ പോലീസിന്റെ കൈയേറ്റത്തെപ്പറ്റി അന്വേഷണം നടത്തണമെന്നുള്ള ഒരു നിലപാടു് ഈ ഭാഗത്തിരിക്കുന്നവർ എടുത്തിട്ടുണ്ടു്. കീരിത്തോടു സംഭവത്തെപ്പറ്റി അന്വേഷണം നടത്തണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. പോലീസ് ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. നാരായണൻ തമ്പി: സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുകയാണു്. നമ്മുടെ പോലീസ് സേനയിൽ കാര്യമായ പല പരിഷ്കാരങ്ങളും വരുത്താനുണ്ടെന്നുള്ളതിൽ എതിരഭിപ്രായം ഒരു വിഭാഗത്തിനും കാണുകയില്ല. ഈ ഡിപ്പാർട്ടുമെന്റിൽ വളരെയധികം അവശത

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കുന്നതു് സാധാരണ പോലീസ് കാൺസ്റ്റബിൾമാരാണു്. അവരുടെ കാര്യം ഈ അടുത്തകാലത്തൊന്നും കാര്യമായി പരിഗണിച്ചിട്ടില്ല. പോലീസ് സേനയുടെ അകത്തു ഒന്നോ, രണ്ടോ അഴിമതിക്കാർ കാണുമെന്നു വിചാരിച്ചു, അവരെ ഒന്നടങ്കം കൂട്ടിച്ചേർത്തു ശകാരിക്കുന്നതു തെററാണെന്നു പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. പോലീസ് കാൺസ്റ്റബിൾസിന്റെ ശമ്പളത്തോതു് വളരെയധികം കുറവാണു്. സാമ്പത്തികമായി ഈ സ്റ്റേററിനു പരാധീനതയുണ്ടു്. അതു സമ്മതിക്കാം. ഒരുപക്ഷേ സ്റ്റേററു ഡിപ്പാർട്ടുമെന്റുകളിൽ ഏററവും പ്രധാനപ്പെട്ട ഈ വിഭാഗങ്ങൾക്കു ആവശ്യമായ ശമ്പളവും അലവൻസും കൊടുക്കേണ്ടതു് ഏററവും അത്യാവശ്യമായ കാര്യമാണു്. മുൻപു കാലങ്ങളിൽ അവർക്കു 'വീക്ക്‌ലി ആഫ്' ഉണ്ടായിരുന്നു. ആരെങ്കിലും അതു avail ചെയ്യുന്നില്ലെങ്കിൽ അതിനൊരു കാമ്പൻസേഷൻ അലവൻസ് കൊടുക്കുന്നുണ്ടായിരുന്നു. ഇന്നു അതില്ല. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലെ കൺഡക്ടർമാരും ഓവർടൈം ജോലി ചെയ്യുകയാണെങ്കിൽ ശമ്പളത്തിന്റെ ഇരട്ടി അലവൻസായി നൽകുന്നു. ഇവർക്കു ശമ്പളത്തിന്റെ ഇരട്ടി കൊടുത്തില്ലെങ്കിലും അൽപ്പമെന്തെങ്കിലും കൂട്ടിക്കൊടുക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണു്. പിന്നെ അവരുടെ ടി. ഏ യെ സംബന്ധിച്ചാണു് എനിക്കു് പറയുവാനുള്ളതു്. ഓരോരുത്തർക്കും ഫിക്സഡ് ടി. ഏ. യെ ആണു് ഇന്നുള്ളതു്. ബസ്സ് വാറണ്ടു് കൊടുത്തിട്ടു്, അതു നീക്കിയാണു് കൊടുക്കുന്നതു്. അതും പല ചട്ടങ്ങളാണു്. ചില ഡിസ്ട്രിക്റ്റുകളിൽ ടി. ഏ. കിട്ടുമ്പോൾ ചില ഡിസ്ട്രിക്റ്റുകൾക്കു കിട്ടുന്നില്ല. ആക്ച്വലായിട്ടുള്ള ടി. ഏ. കണക്കാക്കി ഒരു മാക്സിമം വച്ചു കൊടുക്കുന്നതായിരിക്കും നല്ലതു്. അല്ലാത്തപക്ഷം പല കേസുകൾക്കും കക്ഷികൾ ടി. ഏ. കൊടുത്തില്ലെങ്കിൽ സ്ഥലത്തു പോകാൻ കാൺസ്റ്റബിൾമാർ മടിച്ചേക്കും. അങ്ങനെയൊരു സാഹചര്യം വരാതിരിക്കുവാൻവേണ്ടി എല്ലാ ഡിസ്ട്രിക്റ്റുകളിലും ഒരുപോലെ ടി. ഏ. സംപ്രദായം ഏർപ്പെടുത്തണം. അതു ഓരോ മാസത്തിലുള്ളതും കണക്കു നോക്കി തീർത്തു കൊടുക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നുണ്ടോ എന്നുള്ള കാര്യം ഗവൺമെന്റു പരിശോധിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്. പോലീസിൽതന്നെ രണ്ടുമൂന്നു വിഭാഗങ്ങൾ ഉണ്ടു്. എസ്സ്. ഏ. പി., ഏ. ആർ. പി., ലോക്കൽ പോലീസ്, ട്രാഫിക്. ഈ വിഭാഗങ്ങളിലെ ആൾക്കാർക്കു് തമ്മിൽത്തമ്മിൽ മാററം കിട്ടുന്നതിനും അങ്ങനെ അവരുടെ ഇടയിൽ നിലവിലുള്ള പരാതി ഇല്ലാതാക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണു്. അല്ലെങ്കിൽ ഇത്രകാലം ഒരാൾ ഈ പറഞ്ഞ ഓരോ വിഭാഗത്തിലും സേവനം അനുഷ്ഠിച്ചിരിക്കണം എന്നു വ്യവസ്ഥ ചെയ്താലും മതി. അപ്പോൾ എസ്. ഏ. പി.യിൽ ഇരിക്കുന്ന ഒരാൾക്കു് ലോക്കൽ പോലീസിൽ കിട്ടുന്നില്ല, എന്നോ, ട്രാഫിക്കൽ ജോലി കൂടിപ്പോയി അതുകൊണ്ടു അതിൽനിന്നും മാറിയാൽ കൊള്ളാമായിരുന്നുവെന്നോ ഉള്ള പരാതികൾ വരാതിരിക്കുമായിരുന്നു. അതിനെ സംബന്ധിച്ചു ആലോചിച്ചു എന്തെങ്കിലും ഒരു പരിപാടി സ്വീകരിക്കണമെന്നു ഞാൻ ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ്: ലോക്കൽ പോലീസ് സേനയും എസ്സ്. ഏ. പി.-യും രണ്ടു പ്രത്യേക വിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക തരത്തിൽ പ്രവൃത്തിയെടുക്കുന്നവരല്ലേ; അവർക്കുതമ്മിൽ മാററം വാങ്ങുന്നതു എങ്ങിനെയാണു്?

ശ്രീ. പി. നാരായണൻ തമ്പി: മനസ്സിലായി. എസ്സ്. ഏ. പി.യിൽ പ്രവർത്തിക്കുന്നവർ ലോക്കൽപോലീസിൽ വരുമ്പോൾ കാര്യമായി പ്രവർത്തിക്കുവാൻ കഴിയുമെങ്കിൽ വലിയ തെററില്ല എന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പി. വിശ്വംഭരൻ: ഡി. വൈ. എസ്. പി, യായിരുന്ന ഒരാളെ ആന്റികറപ്ഷൻ ഡി. എസ്. പി. യായി കാൺഗ്രസ്സിന്റെ ആവശ്യത്തിലേക്കു മാററിയിട്ടുണ്ടെന്നുള്ള പരാതി നിലവിലുള്ളതായി അറിയാമോ?

ശ്രീ. പി. നാരായണൻ തമ്പി: അങ്ങനെയുള്ള പരാതികൾ ധാരാളം കേൾക്കാറുണ്ടു്. ഞാൻ പറഞ്ഞ മാതിരി വ്യക്തമായിട്ടുള്ള റൂൾ വച്ചുകൊടുക്കുകയാണെങ്കിൽ ഈ പരാതികൾ ഇല്ലാതാകും. എസ്. ഏ. പി -യും ലോക്കൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

സർവീസും തമ്മിൽ ശ്രീ. നാരായണക്കുറുപ്പ് പറയുന്നതുപോലെ കുറവൊന്നുമില്ല. മുൻ പോലീസ് മന്ത്രിയായിരുന്ന ശ്രീമാൻ പി. ടി. ചാക്കോ പോലീസ് സേനയെ പരിഷ്ക്കരിക്കുന്നതിനുള്ള നല്ല ഒരു ആരംഭം ഇട്ടു. ഔട്ട്പോസ്റ്റുകൾ ചാർജിംഗ് സ്റ്റേഷൻസായിമാററുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കാര്യക്ഷമമായിട്ടുള്ള രീതിയിൽ ഭരണം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളത് അദ്ദേഹം മന്ത്രിയല്ലാതിരിക്കുന്നതുകൊണ്ടുമാത്രം പറയാതിരിക്കാൻ നിവൃത്തിയില്ല. "Give the devil his due" നല്ല കാര്യങ്ങൾ ഓർമ്മിച്ചുപോകുമല്ലോ? 28 മാസം ഭരിച്ചിരുന്ന കമ്മ്യൂണിസ്റ്റുകാരെപ്പററി കുററം പറയുമ്പോൾ ചില മണ്ഡലം കാൺഗ്രസ്സ്കാർ എല്ലാവരുമെന്നു ഞാൻ പറയുന്നില്ല, ചിലർമാത്രം പോലീസ് സേനയെ എത്രത്തോളം വിഷമിപ്പിക്കുമെന്ന് നെഞ്ചിൽ കൈവച്ചു ആലോചിക്കണമെന്ന് ഞാൻ പറയുകയാണ്. പാവപ്പെട്ട ഈ ഉദ്യോഗസ്ഥന്മാരെ വിഷമിപ്പിക്കരുതെന്ന ഞാൻ അവരോടപേക്ഷിക്കുകയാണ്. ശ്രീമതി നഫീസത്തുബീവി ആലപ്പുഴയിൽവച്ചുനടന്ന ഒരു സംഭവത്തെപ്പററി ഇവിടെ പ്രതിപാദിക്കയുണ്ടായി. ഒരു പോലീസ് ഇൻസ്പെക്ടറർ കാൺഗ്രസ്സ്കാരനായ ഒരാളിനെ മർദ്ദിച്ചുവെന്നു കാൺഗ്രസ്സ്കാരിയായ ശ്രീമതി നഫീസത്തു ബീവി പറയുകയുണ്ടായി. ഞാൻ കേട്ടതു മറിച്ചാണ്. ഒരു കാൺഗ്രസ്സുകാരനെ സ്റ്റേഷനിൽ വരാൻ ആവശ്യപ്പെട്ട ഇൻസ്പെക്ടററെ ചില കാൺഗ്രസ്സുകാർകൂടിച്ചേർന്നു മർദ്ദിക്കുകയുണ്ടായിയെന്നും, അതിന് ഉണ്ടാകുന്ന ഭവിഷ്യത്തുകളിൽ നിന്നും കുററക്കാരെ രക്ഷിക്കുവാൻ അവിടുത്തെ D.C.C. പരിശ്രമിച്ചു വരുന്നുവെന്നുമാണ്. ഇങ്ങനെയുള്ള രാഷ്ട്രീയ പകപോക്കൽ വളരെ കുറക്കണം. ഏതു ഗവണ്മെൻറു ഭരിച്ചാലും അതാതു പാർട്ടികളുടെ അധികാരം ഉപയോഗിക്കാൻ പോലീസിനെ വിനിയോഗിക്കാതെ അവരുടെ ന്യായമായ രീതികൾ വിട്ടുകഴിഞ്ഞാൽ തീർച്ചയായിട്ടും നല്ലൊരു ഭരണം ഈ ഡിപ്പാർട്ടുമെൻറിനു ലഭിക്കുമെന്നു എനിക്കുറപ്പുണ്ട്. നല്ല വിദഗ്ദ്ധന്മാരും സത്യസന്ധന്മാരുമായ ആളുകൾ ഇതിനകത്തുണ്ട്. കുറച്ചു തെററുകൾ കാണിച്ചാൽതന്നെയും പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി അവരുടെ തെററുകൾ തിരുത്താനും കഴിയും. അങ്ങനെ കുറെ കൊല്ലം കഴിഞ്ഞെങ്കിലും പോലീസ് സേനയെ പരിഷ്ക്കരിപ്പെടുക്കുവാൻ കഴിയും.

സിററികമ്മീഷണർക്കു മൈക്കു ഉപയോഗിക്കുവാൻ അനുവാദം കൊടുക്കുവാൻ അധികാരമുണ്ട്. ഈയിടെ മുക്കിനും മൂടുക്കിനും മൈക്കു അനുവദിച്ചുകൊടുക്കുന്ന പതിവു ഇല്ലായിരുന്നു. പ്രധാനപ്പെട്ട മൈതാനങ്ങളിൽ മാത്രമേ കൊടുക്കാറുള്ളു. എന്നാൽ ശ്രീ. കെ. പി. മാധവൻ നായർക്ക് ഒരു സ്വീകരണം നൽകുന്നതിനു റസിഡൻസിക്കടുത്തുവച്ചുനടത്തിയ ഒരു യോഗത്തിൽ— ആ യോഗത്തിൽ ചില മന്ത്രിമാരും സമ്മേളിച്ചിരുന്നു—സമ്മർദ്ദംചെലുത്തി മൈക്കിനു സാംഗഷൻ വാങ്ങി. നടുറോഡിൽ വച്ചു നടത്തിയ ഒരു യോഗത്തിനാണ്. സാധാരണ രീതിയിൽ നിന്നും സിററി കമ്മീഷണർ വ്യതിചലിച്ചുവെങ്കിൽ ഞാൻ അദ്ദേഹത്തെയല്ല കുററം പറയുന്നത്, അതിലേക്കുവേണ്ടി പ്രവർത്തിച്ച കാൺഗ്രസ്സ് കാരെയാണ്. അതുപോലെയുള്ള പല സംഭവങ്ങളും ഇവിടെ നടക്കുന്നുണ്ട്. ഇവിടെ നടന്ന ആരോപണങ്ങളെപററി പറയുമ്പോൾ ഇവിടുത്തെ പോലീസ് ഐ. ജിയെപ്പററി ശ്രീമാൻ ശ്രീനിവാസൻ ആരോപണങ്ങൾ പറഞ്ഞതു വളരെ തെററായിപ്പോയി. അദ്ദേഹം കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. അതല്ല, അദ്ദേഹം തെററു കാണിച്ചുവെങ്കിൽ, ശ്രീ. ചാക്കോ മന്ത്രിയായിരുന്നപ്പോൾ ഇതൊന്നും ഉന്നയിച്ചു കേട്ടില്ലല്ലോ? ശ്രീ. ചാക്കോയെപ്പററിപ്പോലും പല ആരോപണങ്ങളും പത്രങ്ങളിൽ വന്നപ്പോൾ ഉത്തരവാദപ്പെട്ട ഏതെങ്കിലും ഒരു പത്രത്തിൽ ഈ ആരോപണങ്ങൾ വന്നിരുന്നുവെങ്കിൽ സമ്മതിക്കാമായിരുന്നു. ഇന്നതീയതികൾ ഇന്നവിധത്തിൽ ഇന്നസംഭവം നടന്നു എന്ന് വ്യക്തമായിട്ടു ഒരു ആരോപണം ഇതുവരെ കൊണ്ടുവന്നിട്ടില്ല. ഇങ്ങനെ മോശപ്പെട്ട ഒരാളാണ് ഒരു ഡിപ്പാർട്ടുമെൻറിൻെറ മുകളിൽ ഇരിക്കുന്നതെന്നുള്ള ആരോപണം കൊണ്ടുവന്നു അങ്ങനെയൊരു ധാരണ പൊതുജനങ്ങളുടെ ഇടയിൽ പരത്തുന്നതു ശരിയല്ല. യാതൊരു ഉത്തരവാദിത്വവുമില്ലാതെ യാതൊരു തെളിവുമില്ലാതെ ഇവിടെ ആരോപണങ്ങൾ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. അൽപ്പം ഉത്തരവാദിത്വക്കാരവോടുകൂടിതന്നെ മുഖ്യമന്ത്രിയിതെ പററി അന്വേഷിക്കാമെന്ന മറുപടിയുംപറഞ്ഞു. അവ്യക്തങ്ങളായ ആരോപണങ്ങളെപ്പററി അന്വേഷിക്കുന്നതു എങ്ങിനെയാണെന്ന എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കാൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. അങ്ങിനെ ഇവിടെ പറയുന്നതു കാൺഫിഡൻഷ്യൽ റിപ്പോർട്ട കണ്ടുകൊണ്ടായിരിക്കണം. അതിനെപ്പററി നേരിട്ട യാതൊരു അറിവുമില്ലാതെ, കാൺഫിഡൻഷ്യൽ റിപ്പോർട്ട കാണാതെ, അതിൽ ഇന്ന വിധത്തിൽ രേഖപ്പെടുത്തിയെന്നും ആ ഫയൽ മുഖ്യമന്ത്രിയുടെ മേശപ്പുറത്തിരിക്കുകയാണെന്നും മററുംപറഞ്ഞാൽ ഇതിൽ നിന്നൊക്കെ എന്താണ് മനസ്സിലാക്കേണ്ടതു്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു ചോദ്യം.

ശ്രീ. പി. നാരായണൻ തമ്പി : എനിക്കുകിട്ടുന്നസമയം എനിക്കു ഉപയോഗിക്കണം. ഞാൻ വഴങ്ങുന്നില്ല. ഇങ്ങനെ അടിസ്ഥാനരഹിതമായ ആരോപണങ്ങളും ഈ സഭയിൽ കൊണ്ടുവന്ന ആളുകളെ ചെളിവാരിയെറിയുന്ന പദ്ധതി നിറുത്തിയിട്ട പോലീസ് സേനയെ നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചർച്ചകൾ നടത്താം.

ശ്രീ. എൻ. ഈ. ബലറാം : ശ്രീ. ചന്ദ്രശേഖരൻ കൊണ്ടുവന്ന ആരോപണങ്ങളോടും ഇതാണോ മനോഭാവം ?

ശ്രീ. പി. നാരായണൻ തമ്പി : ഞാൻ വഴങ്ങാത്തതുകൊണ്ട് ഉത്തരം പറയുന്നില്ല. അതുപോലെതന്നെ പോലീസ് ഡിപ്പാർട്ടുമെൻറിന്റെ ഇൻവെസ്റ്റിഗേഷൻ മെത്തേഡിൽ വളരെയധികം അപാകതയുണ്ടെന്ന വളരെക്കാലമായി അഭിപ്രായമുള്ളതാണ്. നമുക്കു നല്ല ഒരു ഫോറൻസിക് ലാബറട്ടറിയില്ല. സ്കാട്ടലാൻഡ്യാർഡ് ട്രെയിനിംഗുകഴിഞ്ഞ ഉദ്യോഗസ്ഥന്മാർ കൂടുതൽ വേണം. പല എംപസിൽമെൻറു കേസുകളും തെളിയാതെ കിടക്കുന്നുണ്ടു്. തിരുവനന്തപുരം ട്രെഷറി എംബസിൽമെൻറ്, കൊല്ലം ട്രെഷറി എംപസിൽമെൻറ് വെള്ളായണി ക്ഷേത്രത്തിലെ മോഷണം, തമ്പാനൂർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ മോഷണം മുതലായ കേസുകൾക്കു തെളിവുകിട്ടാതെ കിടക്കുകയാണ്. ശരിയായ രീതിയിൽ ശാസ്ത്രീയമായ വിധത്തിൽ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ ഈ കേസുകൾ തെളിയുമായിരുന്ന എന്നാണ് എന്റെ വിശ്വാസം. കൃത്യസമയത്തു വിവരം കിട്ടിയ ഉടൻതന്നെ ശരിയായ പരിപാടിയനുസരിച്ച് പോലീസ് സ്ഥലത്തുവന്ന ശാസ്ത്രീയമായി അന്വേഷണം നടത്തിയിരുന്നുവെങ്കിൽ ഈ മാതിരി ഗൗരവതരമായ കേസുകൾ തെളിയുമായിരുന്നു. ജനസാന്ദ്രതനിറഞ്ഞ ഒരു രാജ്യമാണ് നമ്മുടേതു്. പല കുററകൃത്യങ്ങളും നടക്കുന്നുണ്ടു്. ശാസ്ത്രീയമായ രീതിയിൽ ഡിറക്ഷൻ ചെയ്യാനുള്ള സ്കാട്ടലാൻഡ്യാർഡു് ട്രെയിനിംഗു കഴിഞ്ഞ ഉദ്യോഗസ്ഥന്മാരും ഫോറൻസിക്ക ലാബ്രട്ടറിയും നമുക്കു ആവശ്യമാണു്. അതുപോലെ തന്നെ ഓരോ സ്റ്റേഷനോടു് അനുബന്ധിച്ചും അതിലുള്ള ഉദ്യോഗസ്ഥന്മാർക്കു quarters പണിയേണ്ട ആവശ്യമുണ്ടു്. 24 മണിക്കൂറും ജോലിചെയ്യുന്ന കാൺസ്റ്റബിൾമാർക്കു അവരുടെ താമസസ്ഥലം പോലീസ് സ്റ്റേഷന്റെ അടുത്തായിരിക്കേണ്ടതു അത്യാവശ്യമാണു്. കന്യാകുമാരി ഡിസ്ട്രിക്ററിൽ എല്ലാ സ്റ്റേഷന്റേയും പരിസരത്തിൽ പോലീസ് ക്വാർട്ടേഴ്സ് പണിതുകൊടുത്തിട്ടുണ്ടു്. ഇവിടെ പോലീസ് ക്വാർട്ടേഴ്സിന്റെ പണി ബഡ്ജററിൽ ഉൾക്കൊള്ളിച്ചാലും സ്ഥലം വാങ്ങുന്നതിനുള്ള കാലതാമസംകൊണ്ടായാലുംശരി, പണം കിട്ടുന്നതിനുള്ള കാലതാമസം കൊണ്ടായാലും ശരി, നടപ്പിലാക്കുന്നില്ല. പോലീസ് സേനയെ മെച്ചപ്പെടുത്തുന്നതിനു കാര്യമായ ശ്രദ്ധപതിക്കേണ്ടതാണ്. ഏതു ഉദ്യോഗസ്ഥനായാലും അഴിമതി ചെയ്തുവെന്ന കാണുകയാണെങ്കിലും, അവരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു വൈമനസ്യവും കാണിക്കേണ്ട കാര്യമില്ല. പോലീസ് സ്റ്റേഷനിൽ ഒരു ഹർജി കൊടുക്കുകയാണെങ്കിൽ അതിനു എന്തു തീരുമാനമെടുക്കുമെന്ന് മറുപടി തരണമെന്ന റൂൾ ഉണ്ടെങ്കിലും അങ്ങനെ സാമാന്യമായി പടി കൊടുക്കാറില്ല. അതിനും വ്യവസ്ഥ ചെയ്യണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

അപേക്ഷിക്കുവാനുള്ളതു്. സർ, ഞാൻ അവസാനിപ്പിക്കുകയാണു്. ഏതെങ്കിലും തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു ഇവിടെയുള്ളവരെ മോശപ്പെട്ടവരാക്കാതെ നല്ലൊരു പോലീസ്സേനയെ വാർത്തെടുക്കുവാൻ ക്രിയാത്മകമായ പരിപാടിയെപ്പററി ആലോചിക്കുവാൻ നാം ഈ അവസരം വിനിയോഗിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു്.

ശ്രീമതി എ. നഫീസത്തുബീവി : സർ, പേഴ്സണൽ എക്സ്പ്ലനേഷൻ എന്ന നിലയിൽ ഒരു വാക്കു എനിക്കു പറയുവാനുണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി : ഒരു പോയിൻറു് ഓഫ് ഓർഡർ. ശ്രീമതി നഫീസത്തുബീവി പ്രസംഗിച്ചതിനെപ്പററി ഞാൻ പരാമർശിച്ചിട്ടുള്ളതു ശരിയാണു്. അതിനു എക്സ്പ്ലനേഷൻ തരത്തക്കയാതൊന്നും ഉണ്ടായിട്ടില്ല. ശ്രീമതി. നഫീസത്തുബീവിയെ വ്യക്തിപരമായിയാതൊരുവിധത്തിലും സ്പർശിച്ചിട്ടില്ല. അപ്പോൾ ഇങ്ങനെ പേഴ്സണൽ എക്സ്പ്ലനേഷൻ എന്നും പറഞ്ഞു വീണ്ടും സംസാരിക്കുവാൻ അവസരം കൊടുക്കുന്നതു ഓർഡറിലാണോ ; എല്ലാമെമ്പറന്മാക്കും ഇതു അനുവദനീയമാണോ ?

മി. സ്പീക്കർ : എന്തെങ്കിലും ചാർജ്ജ് ഉന്നയിച്ചിട്ടുള്ളതായി മെമ്പക്കു അഭിപ്രായം ഉണ്ടോ ?

ശ്രീമതി എ. നഫീസത്തുബീവി : തമ്പി ഞാൻ പറഞ്ഞതായി തെററായ ഒരു ആരോപണം ഇവിടെ കൊണ്ടുവന്നു. അതു തിരുത്തുവാൻ മാത്രമാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഞാൻ സൂചിപ്പിച്ച അബ്ദുൽഖാദർ എന്നയാൾ ഒരു പാർട്ടിയിലും പെട്ട ആളല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലു വർഷക്കാലമായി ഈ രാജ്യത്തെ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനും, ഈ രാജ്യത്തു് നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു പോലീസ്സേന രൂപീകരിക്കുന്നതിനും, ഈ ഗവണ്മെൻറിനു് കഴിഞ്ഞുവെന്നുള്ള നിലയിലും, ഭാവിയിൽ അതുതരീതിയിൽ പോലീസ് ഭരണം തുടർന്നുകൊണ്ടുപോകാൻ സാധിക്കുമെന്നുമുള്ള നിലയിലും ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇവിടെ വളരെ വ്യക്തമായും നമ്മുടെ പോലീസ് സേനയെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തുനിന്നുപോലും ആക്ഷേപങ്ങളില്ലാത്ത രീതിയിലുള്ള പ്രസംഗങ്ങളായിരുന്നു കഴിഞ്ഞ ബഡ്ജററു സെഷൻവരെ കേട്ടുകൊണ്ടിരുന്നതു്. ഈ രാജ്യത്തെ പോലീസിന്റെ ഭരണം നടത്തുന്നതിൽ അതിന്റെ ചാർജ്ജു വഹിച്ചിരുന്ന ശ്രീ. പി. ടി. ചാക്കോ അതിൽ ഒരു രജതരേഖയാണെന്നും മററും പറഞ്ഞിരുന്ന കമ്മ്യൂണിസ്ററു. പാർട്ടി, ഇപ്പോൾ തങ്ങളുടെ സ്വരം മാററാൻ നിർബന്ധിതമായതു് പല കാരണങ്ങൾ കൊണ്ടാണു്. ഈ ഗവണ്മെൻറുഭരണം ഏറെറടുത്തപ്പോൾ കുത്തഴിഞ്ഞ ഒരു പുസ്തകം പോലെ കിടന്നിരുന്ന പോലീസ് ഡിപ്പാർട്ടുമെൻറിനെ കുത്തികെട്ടി നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാക്കി തീർക്കാൻ കഴിഞ്ഞ, ഈ മന്ത്രിസഭയിലെ പോലീസ്മന്ത്രിയായിരുന്ന ശ്രീ. പി. ടി. ചാക്കോയെ ഞാൻ അഭിനന്ദിക്കുകയാണു്. ശക്തമായ കരങ്ങളിൽ നിന്നും മറെറാരു ശക്തമായ കരങ്ങളിലേയ്ക്കു് പോലീസ് ഡിപ്പാർട്ടുമെൻറു് ഇന്നു് വന്നിരിക്കുകയാണു്. മാത്രമല്ല ശ്രീ. പി. ടി. ചാക്കോ പോലീസ്ഭരണത്തിൽ അനുവർത്തിക്കപ്പെട്ട നയങ്ങളും, ഈ രാജ്യത്തു് അംഗീകരിച്ചു വന്നിരുന്ന നയങ്ങളും ഇനിയും തുടർന്നുതന്നെ നടത്തുന്നതാണു്. ഈ രാജ്യത്തെ പ്രതിപക്ഷങ്ങൾ ഇവിടെയുള്ള ചിലയാളുകളെ തേജോവധം ചെയ്യുകയെന്നുള്ള ഒരു നയം കുറെദിവസങ്ങളായി ആരംഭിച്ചിരിക്കുകയാണു്. ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ശ്രീ. ചാക്കോയേയും ഇന്നു് ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന ചീഫ് മിനിസ്റ്ററേയും തമ്മിൽ തെററിദ്ധരിപ്പിച്ചു് വ്യത്യസ്തമായ രീതിയിൽ ഭിന്നാഭിപ്രായങ്ങൾ ആവിഷ്ക്കരിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നല്ല ഒരു പ്രവണത പ്രതിപക്ഷത്തുള്ളവർ ഇന്നു് കാണിക്കുകയാണു്. ശ്രീ. പി. ടി. ചാക്കോ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്തു് വമ്പിച്ച സമരങ്ങൾ നടത്തി, ലാത്തിചാർജ്ജും, വെടിവെയ്പ്പും ഉണ്ടാക്കാനുള്ള ശ്രമങ്ങൾ വരെ നടത്തിയിട്ടുണ്ടു്. വടക്കുനിന്നും തെക്കോട്ടു ജാഥ പുറപ്പെടുകയും, ഡിസ്ട്രിക്ററു ആഫീസുകളുടെ നടയിൽ സത്യഗ്രഹങ്ങളും മററും നടത്തി പല അനിഷ്ടസംഭവങ്ങളും ഉണ്ടാകാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതെല്ലാം വളരെ കരുതിക്കൂട്ടി അടിച്ചമർത്തി ആർക്കും ഒരു പോറൽ പോലും ഉണ്ടാകാതെ 1947—നു ശേഷം ഒരു ജനകീയ മന്ത്രിസഭ ഭരിച്ചതു് ഇപ്പോൾ മാത്രമാണു്. ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. ചാക്കോയുടെ നയപരിപാടികൾ ഈ രാജ്യത്തു് നടപ്പിലാക്കാൻ വേണ്ടി അനവരതം പ്രയത്നിച്ച ഇവിടത്തെ പോലീസ് ഉദ്യോഗസ്ഥന്മാരെ ചെളി വാരി യെറിയാനുള്ള ഒരു പ്രവണതയാണു് ഇവിടെ പ്രതിപക്ഷം കാണിച്ചിട്ടുള്ളതു്. പക്ഷെ ആ ഉദ്യോഗസ്ഥന്മാരെ ചെളിവാരി യെറിയാനല്ല അവക്കു് ഒരു പൂച്ചെണ്ടു് സമ്മാനിക്കാൻ സാധിക്കുമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഈ രാജ്യത്തുള്ള എല്ലാവരിൽനിന്നും വിശേഷിച്ചു നിഷ്പക്ഷമതികളായ ആളുകളിൽനിന്നുപോലും, ഈ ഗവണ്മെൻറു ഭരണം ഏറെറടുത്തതിനു ശേഷം നല്ല രീതിയിലുള്ള ഒരു പോലീസ് ഭരണമാണു് ഇവിടെയുണ്ടായിട്ടുള്ളതെന്നുള്ള അഭിപ്രായം പൊന്തിവന്നിട്ടുണ്ടു്. അഴിമതിനിവാരണത്തെ സംബന്ധിച്ചിടത്തോളം മുഖം നോക്കാതെയും ഇത്രയും കർശനമായ നടപടികൾ എടുത്തിട്ടുള്ളതുമായ ഒരു സ്റ്റേററു ഇൻഡ്യയിൽ ഉണ്ടോയെന്നു് സംശയമാണു്. ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരായാൽ പോലും അവരെ നിലയ്ക്കു് നിറുത്താനും, അവരെന്തെങ്കിലും കുററം ചെയ്താൽ അതിനെ കർശനമായി വീക്ഷിക്കുകയും അവരെ സസ്പെൻഷനിൽ നിറുത്തി കൊണ്ടു് അന്വേഷണങ്ങൾ നടത്തുന്നതിനും ഈ ഗവണ്മെൻറല്ലാതെ ഇൻഡ്യയിൽ മറെറാരു ഗവണ്മെൻറും തയാറായതായി അറിഞ്ഞിട്ടില്ല. ഇക്കാര്യങ്ങൾ അങ്ങേയററം അന്തസ്സോടുകൂടിതന്നെയാണു് എല്ലാവരും വീക്ഷിക്കുന്നതു്. അതുപോലെതന്നെ ഇവിടെ പോലീസ് വെരിഫിക്കേഷനെപ്പററി പലരും പറയുകയുണ്ടായി. ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒന്നാണു് പോലീസ് വെരിഫിക്കേഷൻ. അട്ടിമറിക്കാരേയും കുററകരമായ പ്രവൃത്തികൾ ചെയ്യുന്നതിൽ വാസനയുള്ളവരുടേയും നമ്മുടെ ഗവണ്മെൻറു സർവ്വീസിൽ പ്രവേശിപ്പിക്കാതിരിക്കുന്നതു് നമ്മുടെ രാജ്യത്തിൻെറ പുരോഗതിക്കാവശ്യമാണു്. ഞാൻ പഠിച്ചിരുന്ന കാലത്തു് എൻെറകൂടെ പഠിച്ചിരുന്നവരും, അന്നത്തെ വിദ്യാർത്ഥിഫെഡറേഷനിലും യൂണിയനുകളിലും മററും പ്രവർത്തിച്ചിരുന്നവരുമായ ആയിരക്കണക്കിനു് വിദ്യാർത്ഥികൾ ഇന്നു് ഗവണ്മെൻറു സർവ്വീസിലുണ്ടു്. അവരിലാരും തന്നെ കമ്മ്യൂണിസ്ററുകാരാണെന്നും പറഞ്ഞു തള്ളപ്പെട്ടുപോയിട്ടില്ല. ഉദാഹരണത്തിനു് സ്റ്റേററു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറുതന്നെ എടുക്കാം. അവിടെ പോലീസ് വെരിഫിക്കേഷൻെറ പേരിൽ എംപ്ലായീസ് യൂണിയൻ എന്നു പറയുന്ന സംഘടനയുടെ സ്ഥിതി ആ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം എന്താണു്? ഈ ഗവണ്മെൻറു അധികാരത്തിൽ വന്നതിനുശേഷം രണ്ടായിരത്തോളം ആളുകളെ സ്റ്റേററു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലേയ്ക്കു റിക്രൂട്ടു് ചെയ്യുകയുണ്ടായി. അങ്ങനെ നിയമിച്ച ആളുകളിൽ പലരും കമ്മ്യൂണിസ്ററു പാർട്ടിയിൽ വിശ്വസിക്കുന്നതു കൊണ്ടല്ലേ ഇങ്ങനെയൊരു സംഘടനതന്നെ അവിടെയുണ്ടായതു്. പോലീസ് വെരിഫിക്കേഷൻ ആവശ്യമില്ലെന്നു് പറയുന്നതു് തെററായ ചിന്താശൂന്യമായ ഒരു വാദഗതി മാത്രമാണു്. ഈ രാജ്യത്തെ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ജനങ്ങൾ ആരുംതന്നെ പോലീസ് വെരിഫിക്കേഷൻ ആവശ്യമില്ലെന്നു പറയുകയില്ല. ഈ രാജ്യത്തു് ഇപ്പോൾ നടത്തിവരുന്ന പോലീസ് വെരിഫിക്കേഷൻ ഈ രീതിയിൽതന്നെ തുടർന്നു പോകേണ്ടതാവശ്യമാണു്. പോലീസ് വെരിഫിക്കേഷൻ ആവശ്യമില്ലെന്നു് പറയുന്നതു്, ഗവണ്മെൻറിനെ അട്ടിമറിക്കാൻ ആഗ്രഹിക്കുന്നവർ മാത്രമാണു്. തൈക്കൽ സംഭവത്തിൽ ഗവണ്മെൻറിൻെറ നിലപാടു് അനുസരിച്ചു് ഉദ്യോഗസ്ഥന്മാർ പെരുമാറിയതുകൊണ്ടുള്ള വൈരാഗ്യം, ലാൻഡു് റിഫോംസ് ബിൽകൊണ്ടു വന്നിട്ടുള്ള വൈരാഗ്യം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

പോലീസ് വെരിഫിക്കേഷൻ ന്യായമായും നീതിപൂർവ്വകമായും തുടർന്ന നടത്തുന്നതിലുള്ള വൈരാഗ്യം ഇക്കാരണങ്ങളാലാണ് കമ്മ്യൂണിസ്റ്റുകാർ ഈ ഗവണ്മെൻറിൻെറ ഭരണത്തെ പരാജയപ്പെടുത്താൻ ശ്രമിക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തിവരുന്നത്. കമ്മ്യൂണിസ്റ്റു പാർട്ടി ഇതിനെസംബന്ധിച്ചിടത്തോളം സ്വീകരിച്ചിരിക്കുന്ന നയം എന്താണെന്ന്, 1964 ഫെബ്രുവരി 22-ാംതീയതിയിലെ നവയുഗം വാരികയിൽ കൊടുത്തിരിക്കുന്ന മുഖപ്രസംഗം വായിച്ചാൽ മനസ്സിലാകും. അതിലൊരു ഭാഗം ഞാനിവിടെ വായിക്കാം.

''ചാക്കോ രാജിവെച്ചു. ജനങ്ങൾ രാജിവെപ്പിച്ചു. കോൺഗ്രസ് ഹൈക്കമാണ്ടിനെ തിരുത്തി. ഇതു നിശ്ചയമായും കേരളത്തിലെ ജനങ്ങൾക്കൊരു വിജയമാണ്. ചാക്കോ മന്ത്രിസഭയിൽ കുത്തിയിരുപ്പുസത്യാഗ്രഹം തുടങ്ങാൻ തീരുമാനിച്ചതു ചാക്കോ—മന്നം അച്ചുതണ്ടിൻെറ ശക്തിയെ കരുതിയാണ്. ഇന്നാട്ടിലെ കത്തോലിക്കാ—നായർ സാമുദായിക പിന്തിരിപ്പൻ കൂട്ടുകെട്ടിൻെറ പിൻബലമായിരുന്ന ശ്രീ. ചാക്കോയുണ്ടായിരുന്നതെന്നു പറയേണ്ടതില്ലല്ലോ. കാർഷികപരിഷ്ക്കരണബിൽ പാസാക്കിയെടുത്തതിലൂടേയും, പോലീസ്‌വെരിഫിക്കേഷൻ മുതലായ അന്യായനടപടികളിലൂടേയും ആ കൂട്ടുകെട്ട് സിമൻറു ചെയ്തു ഉറപ്പിച്ചിരിക്കുകയായിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഏററവും ആപൽക്കരമായ ഒരു കൂട്ടുകെട്ടാണിത്. അതാണ് വിമോചനസമരത്തിൻെറ പിന്നിലുണ്ടായിരുന്നശക്തി. ഈ അച്ചുതണ്ടിൻെറ ഒരു പ്രഹരമാണ് മന്ത്രിസഭയിൽനിന്നുള്ള ചാക്കോയുടെ പുറം തള്ളൽ എന്നതിനു സംശയമില്ല. എന്നാൽ സംഗതികൾ ഇവിടം കൊണ്ടവസാനിക്കുന്നില്ല, എന്നു സ്പഷ്ടം. ചാക്കോ മന്ത്രിസഭയിൽ ഇല്ലാതായതുകൊണ്ടുമാത്രം ഈ അച്ചുതണ്ടു പൊളിയുകയില്ല. മററു തരത്തിൽ അതിൻെറ ശക്തിയും സ്വാധീനവും സമ്മർദ്ദവും ഉപയോഗിക്കാൻ അതു തക്കം നോക്കും. അതുകൊണ്ടു് ശ്രീ. ചാക്കോ പിൻതുടർന്ന നയങ്ങൾക്കെതിരായുള്ള സമരം ഇനിയും ശക്തിപ്പെടുത്തണം എന്ന്.

എന്താണ് ആ നയം. ചാക്കോ ഈ രാജ്യത്തെ പോലീസുഭരണത്തിൽ സ്വീകരിച്ച നയപരിപാടികൾ അതേ രീതിയിൽ നടപ്പിലാക്കുന്നതിന് ശ്രമിക്കുന്ന പോലീസുദ്യോഗസ്ഥന്മാരുടെ മേൽ താറടിക്കുകയാണോ വേണ്ടതു്? കമ്മ്യൂണിസ്റ്റു പാർട്ടി ഇപ്പോൾ ഉദ്യോഗസ്ഥന്മാരുടെ മേൽ ഒരു കടന്നാക്രമണം തന്നെ നടത്തുകയാണ്. വിമോചനസമരകാലത്തു് ഇവിടെയുള്ള പോലീസുകാർകമ്മ്യൂണിസ്റ്റു കുപ്പായം ധരിച്ച് പ്രവർത്തിപ്പിച്ചില്ലേ? ഏതായാലും അന്നത്തെ കമ്മ്യൂണിസ്റ്റു ഭരണത്തിനെതിരായി സംഘടിപ്പിച്ച വിമോചനസമരത്തിൽ പങ്കെടുത്ത ജനാധിപത്യ ശക്തികളെ അധികാരത്തിൽ നിന്നു് തള്ളിയിട്ടുകൊണ്ടു് അവരെ തമ്മിൽ ഭിന്നിപ്പിച്ചുകൊണ്ടു്, കമ്മ്യൂണിസ്റ്റു പാർട്ടിയുവീണ്ടും ഈ രാജ്യത്തു് ഭരണം നടത്താമെന്നു് വ്യാമോഹിക്കുകയാണെങ്കിൽ അതു് സാദ്ധ്യമല്ല. ആ വ്യാമോഹത്തിൻെറ മുന്നോടിയായിട്ടാണ് ശ്രീ. ചാക്കോയെ മന്ത്രിസഭയിൽനിന്നും മാററുതിനുള്ള ശ്രമങ്ങൾ നടത്തിയതു്. അതിൻെറ പിന്നോടിയായിട്ടു് ഇനി മററു ചിലരെ കൂടി മാററാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈ രാജ്യത്തെ പോലീസ് മേധാവിയായിരിക്കുന്ന ശ്രീ. വി. പി. നായരെ കുറിച്ച് ഇവിടെ പലവിധത്തിലുള്ള ആരോപണങ്ങൾ പറയുകയുണ്ടായി. എനിക്ക് അതിൽ ഒരു കാര്യം കാണാൻ കഴിഞ്ഞിട്ടുണ്ട്. ഐ. പി. എസ്സ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും ആരോപണങ്ങൾ ഉന്നയിക്കാൻ കഴിഞ്ഞ കുറെക്കാലമായിട്ട് കഴിഞ്ഞിട്ടില്ല. ശ്രീ. പി. എസ്സ്. ശ്രീനിവാസൻ ഉത്തരവാദിത്വമില്ലാതെ വളരെയേറെ ആരോപണങ്ങൾ ഇവടെ ഉന്നയിക്കുകയുണ്ടായി. ശ്രീ ശ്രീനിവാസൻ ആ ആരോപണങ്ങൾ പഴവങ്ങാടി മൈതാനത്തുവെച്ച് ഉന്നയിക്കാൻ തയാറാകുമൊ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഇവിടെ ഒരു ആരോപണം ഉണ്ടായതു് മരയ്ക്കാർ കമ്പനിയിൽനിന്നും ബെഡ്ഫോർഡ് ട്രക്കുകൾ വാങ്ങിയതിനെപ്പററിയാണു്. 1957—ലും ഇവിടെ ബെഡ്ഫോർഡ് ട്രക്കുകൾ വാങ്ങിയിട്ടുണ്ടു്. ശ്രീ. ഈ. പി. ഈപ്പൻ തന്നെ അതിനെപ്പററി ഈ നിയമസഭയിൽ പല പ്രാവശ്യം പ്രസംഗിച്ചിട്ടുണ്ടു്. അങ്ങനെയൊരു ബെഡ്ഫോർഡ്ട്രക്കു് മരയ്ക്കാർ കമ്പനിയിൽനിന്നും വാങ്ങികൊടുക്കുന്നതിനു് പോലീസ് മേധാവിയ്ക്കു് ഒരു റഫ്രിജറേറ്റർ കൈക്കൂലിയായിട്ടു് കൊടുത്തുവെന്നാണു് ഇവിടെ ഉന്നയിച്ച ആരോപണം. ഇത്തരത്തിലുള്ള അവാസ്തവങ്ങളായ ആരോപണങ്ങൾക്കു് വിധേയരായവർ ഇവിടത്തെ പരമാദ്ധ്യക്ഷനായ അങ്ങയ്ക്കു് ഇതിനെ അന്വേഷിക്കുന്നതിനുവേണ്ടി കത്തു് എഴുതിയിട്ടുള്ളതായി അറിയുന്നു. അതു് ശരിയാണോയെന്നു് എനിക്കറിഞ്ഞുകൂടാ. ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചു് പല വിധത്തിലുള്ള ആരോപണങ്ങൾ ഈ നിയമസഭയിൽവെച്ചു് നടത്തി അവരെ തേജോവധം ചെയ്യുന്നതിനുള്ള ശ്രമമാണു് പ്രതിപക്ഷ പാർട്ടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നതു്. ആ ഉദ്യോഗസ്ഥന്മാർക്കു് അതിനു് ഇവിടെ വന്നു് മറുപടി പറയാൻ സാദ്ധ്യവുമല്ല. ഈ ആരോപണങ്ങൾ ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. ഗവർണർക്കു് എതിരായിട്ടുള്ള ആരോപണങ്ങൾ പോലും ഇവിടെ ഉന്നയിച്ചിട്ടുണ്ടു്. ഗവർണറെപററിയുള്ള ആരോപണങ്ങൾ ഉന്നയിക്കുകയെന്നുള്ള ഒരു പതിവു് വേറെ ഏതെങ്കിലും നിയമസഭയിൽ ഉണ്ടായിട്ടുള്ളതായി കേട്ടിട്ടില്ല. അതുകഴിഞ്ഞു് ഇപ്പോൾ ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള ആരോപണങ്ങൾ തുടരുകയാണു്. ഇതിന്റെ ഫലമായി ഈ രാജ്യത്തുള്ള എത്ര കുടുംബങ്ങളെയാണു് തെരുവാധാരമാക്കുന്നതെന്നു് അറിഞ്ഞുകൂടാ. ഇവിടെ ഉത്തരവാദിത്വമില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുക ഒരു പതിവായിത്തീർന്നിരിക്കുകയാണു് പ്രതിപക്ഷ പാർട്ടികൾക്കു്. അമ്മമാരും സഹോദരിമാരും കേട്ടുകൊണ്ടിരിക്കാൻ നിവൃത്തിയില്ലാത്ത ആരോപണങ്ങളാണു് ഈ നിയമസഭയിൽ വന്നുനിന്നുകൊണ്ടു് ഉന്നയിക്കുന്നതു്. ഇതിനെല്ലാം തക്കതായ മറുപടി പറയാൻ ഞങ്ങൾക്കറിയാം. അതിനാവശ്യമായ കരുക്കളില്ലാത്തതുകൊണ്ടോ, വാക്കുകൾ കിട്ടാത്തതുകൊണ്ടോ, പറയാൻ അറിയാത്തതുകൊണ്ടോ ഒന്നും അല്ല ഞങ്ങൾ അതിനു് മറുപടി പറയാത്തതു്. ഞങ്ങൾക്കു് അത്തരത്തിലുള്ള ആരോപണങ്ങൾക്കു മറുപടി പറയാൻ ഞങ്ങളുടെ അഭിമാനം അനുവദിക്കുന്നില്ല. ഇത്രയും വിലപ്പെട്ട ഈ രാജ്യത്തെ ഈ നിയമസഭയ്ക്കു കളങ്കം വരരുതെന്നു് വിചാരിച്ചാണു് ഞങ്ങൾ അതിനു് തയ്യാറാകാത്തതു്. ഞങ്ങൾക്കു് നിങ്ങളെപ്പററിയുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നതിനാവശ്യമായ റിക്കാർഡുകൾ കൈവശം ഇല്ലാത്തതുകൊണ്ടാണു് അതിനു തയ്യാറാകാത്തതെന്നു് വിചാരിക്കരുതു്. ആവശ്യമായ റിക്കാർഡുകളും, തെളിവുകളും ഞങ്ങളുടെ പക്കലുണ്ടു്. പക്ഷെ ഈ നാട്ടിലുള്ള ജനങ്ങൾ തിരഞ്ഞെടുത്തു അയയ്ക്കുന്ന ജനപ്രതിനിധികൾ എന്നുള്ള നിലയിലും, ഈ രാജ്യത്തെ പൊതുമുതലിൽനിന്നും വളരെയധികം പണം ചെലവാക്കി നടത്തികൊണ്ടുപോകുന്ന ഈ നിയമസഭയ്ക്കകത്തുവെച്ചു് മററുള്ളവരുടെ പേരിൽ ആവശ്യമില്ലാതെയും അനാവശ്യമായതുമായ ആരോപണങ്ങൾ പരസ്യമായി പറയുന്നതിനു് വിനിയോഗിക്കുന്നതു് തെററാണെന്നു് വിശ്വസിക്കുന്നതുകൊണ്ടുമാണു് ഞങ്ങൾ അതിനു് തയ്യാറാകാത്തതു്.

എനിക്കു് ഒരു കാര്യം പറയുവാനുണ്ടു്. അതായതു് ഈ ആരോപണങ്ങൾ ഉന്നയിക്കുന്നതിന്റെ ഫലമായി ഈ രാജ്യത്തെ അനേകം കുടുംബങ്ങൾ തകരുകയാണു് ചെയ്യുന്നതു്. ശ്രീ. ചാക്കോ സംഭവത്തെ തുടർന്നു ഒരു സ്ത്രീയെ അതിലെ കഥാപാത്രമായി ചിത്രീകരിക്കുകയുണ്ടായി. ആ സ്ത്രീയുടെ മകൾ ഇപ്പോൾ കോഴിക്കോട്ടു് ഭ്രാന്താശുപത്രിയിൽ ഭ്രാന്തായി കിടക്കുകയാണു്. മെഡിക്കൽ കാളേജിൽ പഠിച്ചുകൊണ്ടിരുന്ന ആ കുട്ടി, ഇത്തരത്തിലുള്ള ദുരാരോപണങ്ങൾ കേട്ടതിന്റെ ഫലമായി ഇപ്പോൾ ഭ്രാന്തായി കിടക്കുകയാണു്. അതുപോലെ തിരുവനന്തപുരത്തുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഭാര്യയേയും ഈ സംഭവത്തിന്റെ കൂടെ കൂട്ടിചേർത്തു പറഞ്ഞതിന്റെ ഫലമായിട്ടു്, ആ സ്ത്രീയുടെ മകൾ തിരുവനന്തപുരം മെഡിക്കൽ കാളേജിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു, ആ കുട്ടിയുടെ പഠിത്തം നിറുത്തേണ്ടിവന്നു. ഇങ്ങനെ ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്ന

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

തിന്റെ ഫലമായി എത്രയോ കുടുംബങ്ങളാണ് അധോഗതിയിലാകുന്നത്. അതുകൊണ്ട് ദൈവത്തെയോർത്ത് നെഞ്ചത്ത് കൈവച്ചുകൊണ്ട് ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നവർ ഇതിനെപ്പറ്റി കാര്യമായി ചിന്തിക്കണം തങ്ങൾ പറയുന്നത് എന്താണെന്ന്. എന്റെ സ്നേഹിതൻ ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ പറഞ്ഞതുപോലെ കുട്ടികുരങ്ങിനെ കൊണ്ട് ചൂട്ചോറു വാരിക്കുന്ന രീതിയിലുള്ള ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത് ഈ രാജ്യത്ത് പ്രതിപക്ഷപാർട്ടികൾ ഒരു വ്യവസായമായി നടത്തുന്നത്, ഈ രാജ്യത്തെ ജനാധിപത്യവ്യവസ്ഥിതിയ്ക്കും, മൗലികതത്വങ്ങൾക്കും, എതിരാണെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ രാജ്യത്തെ നല്ലനിലയിൽ കൊണ്ടുവരുന്നതിന് ശ്രീ. ചാക്കോ സ്വീകരിച്ച നയപരിപാടികൾ നടപ്പിലാക്കുന്നതിന്, അദ്ദേഹത്തിന്റെ വിശ്വസ്തനായി നിന്ന് ശ്രമിച്ച ഈ രാജ്യത്തെ പോലീസ് മേധാവിയുടെ പേരിൽ ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത് നല്ലതാണെന്നു തോന്നുന്നില്ല. അതുകൊണ്ട് ഇങ്ങനെയുള്ള നിരുത്തരവാദപരമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിന് മേലാലെങ്കിലും ഈ നിയമസഭ ഉപയോഗിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇവിടെ ഭരണം നടത്തിയിരുന്ന ഒരു മന്ത്രിയുടെ ഫയലിൽ ഒരു അർദ്ധരാത്രിയിൽ ഒരു സാഹിത്യകാരൻ ഒപ്പു വെച്ച് ആ ഫയൽ അയക്കുകയും ആ ഒപ്പ് തിരിച്ചറിഞ്ഞ സെക്രട്ടറി ഫയൽ തിരിച്ചയച്ചതായുമുള്ള സംഭവങ്ങൾ ഉണ്ടായതായിട്ടുള്ള കഥകൾ കേൾക്കുന്നുണ്ട്. മന്ത്രിയുടേയും, സാഹിത്യകാരന്റേയും ഒപ്പ് ഒരുപോലെയുള്ളതായതുകൊണ്ടാണ് ഫയലിൽ ഒപ്പ് വെച്ചതെന്നറിയുന്നു. 1957—ൽ ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ, അത് സത്യമാണെന്ന് ഞങ്ങളെപ്പോലെയുള്ളവർ വിശ്വസിക്കുകയില്ല.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ</u>: സർ, ഒരുപോയിന്റു ഓഫ് ഓർഡർ. 1957—ൽ ഒരു മന്ത്രിയുടെ ഫയലിൽ ഏതോ ഒരു സാഹിത്യകാരൻ ഒപ്പുവെച്ചു എന്നു പറയുന്നത് നിരുത്തരവാദിത്വപരമായി പറയുന്നതല്ലേ? നിരുത്തരവാദിത്വപരമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ലെന്നു പറഞ്ഞ ഒരു മെമ്പർ ഇങ്ങനെ പറയുന്നത് ശരിയാണോ?

<u>ശ്രീ. സി. അച്യുതമേനോൻ</u>: കള്ളമാണെന്നു പറഞ്ഞുകൊണ്ടുള്ള ആരോപണങ്ങൾ ഉന്നയിക്കാമോ?

<u>മിസ്റ്റർ സ്പീക്കർ</u>: കള്ളമാണെന്നു പറഞ്ഞുകൊണ്ട് പറഞ്ഞതല്ല, ഇങ്ങനെയൊരു കഥ കേൾക്കുന്നുണ്ടെന്നു പറഞ്ഞുകൊണ്ട് പറഞ്ഞതാണ്.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>: അതുപോലെതന്നെ ശ്രീ. വി. കെ. ജാർജ്ജ് ആന്റികറപ്ഷന്റെ ചുമതല വഹിച്ചിരുന്ന സമയത്ത് അൻപതിനായിരം രൂപ കൈക്കൂലി വാങ്ങിയെന്ന് മുൻമന്ത്രി ശ്രീ. കെ. ചന്ദ്രശേഖരൻ
12 Noon] ഇവിടെ ആരോപണം ഉന്നയിച്ചു. അഹമ്മദ്കണ്ണ് എന്ന എക്സിക്യൂട്ടീവ് എൻജിനീയരെ ശിക്ഷിക്കാതിരിക്കാൻ വേണ്ടിയാണ് അദ്ദേഹം ഈ കൈക്കൂലി വാങ്ങിച്ചത് എന്നാണ് ഇവിടെ പറഞ്ഞത്. സർ, ന്യായമായി അദ്ദേഹം അയച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. എം. മത്തായിയും മറ്റു ആളുകളും ട്രൈബ്യൂണലിന്റെ മുൻപാകെ സാക്ഷി പറയുവാൻ പോകുകയാണ്. സർ, ആ രീതിയിലാണ് അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളത്. ഈ അൻപതിനായിരം രൂപ അദ്ദേഹം കൈക്കൂലി വാങ്ങി എന്നുള്ള ആരോപണം വെളിയിൽ പറയുവാൻ കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ എക്സിക്യൂട്ടീവ് എൻജിനീയർ അഹമ്മദ്കണ്ണിനെ സസ്പെന്റു ചെയ്തിരിക്കുകയാണ്. ഒരു ഗവണ്മെന്റ് ഇതിൽ കൂടുതൽ എങ്ങനെ പ്രവർത്തിക്കും, ഒരു ഉദ്യോഗസ്ഥൻ ഇതിൽ കൂടുതൽ എങ്ങനെ പ്രവർത്തിക്കും, ഇതിൽ കൂടുതൽ ഒരു ഉദ്യോഗസ്ഥന് പ്രവർത്തിക്കുവാൻ കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. ശ്രീ പി. ടി. ചാക്കോയുടെ കേസിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ വളരെ ആരോപണങ്ങൾ ഉണ്ടായി. എന്റെ അന്വേഷണത്തിൽ എനിക്കു കിട്ടിയ വിവരം

LIBRARY ARCHIVES Kerala Legislative Assembly

ഈ കേസ്സ് രജിസ്റ്റർചെയ്തു പിറേറദിവസം തന്നെ കോടതിയിൽ സബ്മിററു ചെയ്തു എന്നാണ്. അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ കൊടുത്ത റിപ്പോർട്ടിൽ ശ്രീ. പി. ടി. ചാക്കോതന്നെയാണ് കാർ ഓടിച്ചിരുന്നതെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇത്രത്തോളം ജാഗ്രതയായി അന്വേഷണം നടത്തി ആഭ്യന്തരമന്ത്രിയുടെ പേരിൽ കേസ്സ ചാർജ്ജുചെയ്തു നോട്ട് കോടതിയിൽ സബ്മിററ് ചെയ്തതിൽ കൂടുതൽ പോലീസ് എങ്ങനെ ന്യായമായി പ്രവർത്തിക്കണമെന്നു ഞാൻ ചോദിക്കുകയാണ്? അതുപൊലെതന്നെ ഇവിടെ സിററി പോലീസിൻെറ കാര്യം പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി: മിസ്റ്റർ ചാക്കോ തന്നെ ഇവിടെ പറഞ്ഞതു്, ഞങ്ങൾ മനസിലാക്കിയതു് ഈ കേസ്സ് ഡിസ്പോസ്സ് ചെയ്യാത്തതു് അപകടം പററിയ ആളെ ആശുപത്രിയിൽനിന്നു് വിടാത്തതുകൊണ്ടാണെന്നാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീമതി ഗൗരിക്കു് കിട്ടിയ വിവരത്തെപ്പററി എനിക്കു് അറിയുകയില്ല. എനിക്കു് കിട്ടിയ വിവരമാണ് ഞാൻ പറഞ്ഞതു്. പോലീസിൻെറ മൊറൈൽ നശിപ്പിക്കാനുള്ള ഏർപ്പാടുകളാണ് ഇവിടെ നടക്കുന്നതു്. പോലീസിനെ ചേരിതിരിച്ചു് കക്ഷിയുണ്ടാക്കി ഈ രാജ്യത്തെ ജനാധിപത്യ ഭരണത്തിൻെറ നിലനിൽപ്പിനെതന്നെ പിച്ചിച്ചീന്താൻ കരുതിക്കൂട്ടിയുള്ള ഒരു ശ്രമം നടത്തുകയാണ് ഇവിടെ ചിലർ ചെയ്യുന്നതു്. എനിക്കു് പറയുവാനുള്ളതു് കഴിഞ്ഞകാലത്തു് നടന്ന അതേ നടപടികൾ ആഭ്യന്തരവകുപ്പിനെ സംബന്ധിച്ചിടത്തോളം അക്ഷരം പ്രതി അനുഷ്ഠിച്ചു് അതനുസരിച്ചു് ഈ ഗവണ്മെൻറു പ്രവർത്തിക്കണമെന്നാണ്. ഈ രാജ്യത്തിലെ ജനങ്ങൾ അംഗീകരിക്കപ്പെട്ട ആ നിലപാടു് ഇന്നു സമർത്ഥമായി ആ വകുപ്പു് കൈകാര്യം ചെയ്യുമെന്ന വിശ്വാസമുള്ള ഇന്നലെവരെ ആ വിശ്വാസം തെളിയിച്ചിട്ടുള്ള നമ്മുടെ മുഖ്യമന്ത്രി മററുള്ള അഭിപ്രായങ്ങൾക്കു് വഴങ്ങാതെ സ്വാതന്ത്ര്യാർഹമായ രീതിയിൽ കഴിഞ്ഞകാലത്തു് നിലനിന്നിട്ടുള്ള ഏർപ്പാടുകൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ അല്ലെങ്കിൽ സാരാംശത്തിൽ വ്യത്യാസമില്ലാതെ നടപ്പിലാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അങ്ങേയററം പിൻതാങ്ങുന്നു.

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: ഉദ്യോഗസ്ഥന്മാരെ വ്യക്തിപരമായി പരാമർശിക്കരുതെന്നു പറഞ്ഞിട്ടു് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. നാരായണൻ നമ്പ്യാരെ പരാമർശിച്ചു പറഞ്ഞതു് ശരിയാണോഎന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഈ. പി. ഗോപാലൻ: പോലീസ് വകുപ്പിലേക്കുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ നാലു കൊല്ലക്കാലമായി പോലീസ് വകുപ്പു നടത്തിയ കുൽസിത പ്രവൃത്തികൾ കെട്ടുനാറാൻ തുടങ്ങിയിരിക്കുന്നു. അതിപ്പോൾ പൊട്ടി ഒലിക്കുകയാണ്. മുറിവു കെട്ടാനും ദുർഗ്ഗന്ധമില്ലാതാക്കാനും ശ്രമിക്കുന്നതു് മുമ്പത്തെ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീമാൻ ചാക്കോയുടെ ക്ലിക്കു് എൻ. എസ്സ്. എസ്സും ആണെന്ന കാര്യം തെളിഞ്ഞിരിക്കുന്നു. സ്വന്തം പേരിൽ ബലാൽസംഗ കേസ്സ് ചാർജ് ചെയ്യപ്പെട്ട ഒരാളിൻെറ കയ്യിൽ പലതും ഉണ്ടാവും. ആ കെട്ടുകൾ കയ്യിൽതന്നെ ഇരിക്കട്ടെ. കെട്ടഴിച്ചാൽ അത്രക്കും അതു് ദുർഗ്ഗന്ധംപ്പരത്തും. പോലീസ് ഡിപ്പാർട്ടുമെൻറിൻെറ ഭരണം കാൺഗ്രസ്സ് പാർട്ടിയുടെ കാൺഗ്രസ്സ പാർട്ടിയിലെ തന്നെ വിവിധ ക്ലിക്കുകളുടെ കേവലം ഒരു കളിപ്പാട്ടമായി തീർന്നിരിക്കുന്നു. ഇതു് ഈ ഭാഗത്തുള്ളവരുടെ അഭിപ്രായംമാത്രമല്ല. ഇന്നലത്തെ ദിനമണി പത്രത്തിൽ കെ. പി. സി. സി. സെക്രട്ടറിയുടെ ഒരു പ്രസ്താവന വന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നു പോലീസിൻെറ ഒരു വിഭാഗം ബഹുമാനപ്പെട്ട ചാക്കോയുടെ ക്ലിക്കുമായി യോജിച്ചുകൊണ്ടു് ഗവണ്മെൻറിനെ അട്ടിമറിക്കാൻ ശ്രമിക്കുകയാണെന്നു്. ഇത്രവരെ കാര്യങ്ങളെത്തിയിട്ടും കോൺഗ്രസ്സിലെ ചിലർതന്നെ ഇതു് തുറന്നു പറഞ്ഞിട്ടും ഇവിടെ കേട്ടതുപോലെ, കമ്മ്യൂണിസ്ററുകാരെ അപലപിക്കാൻ നിങ്ങൾക്കു് നാണമില്ലേ എന്നു ഞാൻ ചോദിക്കുകയാണ്. സർ, ഈ ഡിപ്പാർട്ടുമെൻറിനെ ഇന്നു ഉപയോഗപ്പെടുത്തുന്നതു് കാൺഗ്രസ് പാർട്ടിയുടെ താൽപ്പര്യത്തിനു വേണ്ടിയാണ്. ഇതിനു എത്രയോ ഉദാഹരണങ്ങൾ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

നിങ്ങൾ, വിമോചന സമരം നടത്തിയതു് അതിനാണു്. വടക്കേ ഇൻഡ്യയിൽ നിന്നു സഹായം വാങ്ങിയതു് അതിനാണു്. കേന്ദ്ര ഗവണ്മെൻറിനെ കൊണ്ടു് അവിഹിതമായി ഇടപെടുവിച്ചതു് അതിനാണു്. പോലീസു് വെരിഫിക്കേഷൻ മൂലം എത്രയെത്ര കുടുംബങ്ങളെയാണു് നിങ്ങൾ തെരുവാധാരമാക്കിത്തീർക്കുന്നതു്? ഒരുകുടുംബത്തെ നശിപ്പിച്ചതിനെപ്പററി ഇവിടെപരാതി കേട്ടു. ആരാണതിനുത്തരവാദി ? അതിനു് പരിഹാരം കാണേണ്ടതു് ശ്രീ. പി.ടി. ചാക്കോയല്ലെ? ഇത്രയും സംഗതികൾ വ്യക്തമായിട്ടും കുററം ഇങ്ങോട്ടു ചാരുന്നതു് കാണുമ്പോൾ സർ, ഇവരുടെ തൊലിക്കട്ടിവല്ലാത്തതുതന്നെ. ശ്രീ. ചാക്കോയുടെ കൂടെ സഞ്ചരിച്ചിരുന്നതു് അദ്ദേഹത്തിൻെറ ഭാര്യയാണെന്നു പ്രസ്താവനയിറക്കാൻ ലജ്ജയില്ലാത്തവർ ഇതൊക്കെ ന്യായീകരിക്കാൻ ശ്രമിക്കുന്നതിനെപ്പററി എന്താണു് പറയേണ്ടതു് ? പോലീസു് ഐ. ജി.യെപ്പററി ഇവിടെ ആക്ഷേപങ്ങൾ വന്നിട്ടുണ്ടു്. സർ, ഈ ആരോപണങ്ങളെപ്പററി നിശ്ചയമായും അന്വേഷിക്കേണ്ടതു തന്നെയാണു്. പോലീസു് ഡിപ്പാർട്ടുമെൻറിൽ ഒരു ഇൻറലിജെൻസു് സെക്ഷൻ ഇല്ലേ ? ഇത്തരം സംഗതികൾ അന്വേഷിക്കുവാൻ വല്ല ഏർപ്പാടും ഉണ്ടോ ? അന്വേഷിക്കുവാൻ തയ്യാറുണ്ടെങ്കിൽ തെളിവു തരാനും തയ്യാറാണു്. നിങ്ങൾ ചോദിക്കുന്ന തെളിവുകൾ നിങ്ങളുടെ സൌകര്യത്തിനു തരാൻ ഒക്കുകയില്ല. കാര്യമായി അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നതാണു ചോദ്യം ? അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറില്ല എന്നു് കരുതാൻ ന്യായമുണ്ടു്. ആരെപ്പററിയാണു് ആക്ഷേപം പറഞ്ഞതു് അവരുടെ പിന്നിൽ പ്രബലശക്തികളുണ്ടു്. ആ ശക്തിയെ ഭയന്നു് നിങ്ങൾ അന്വേഷണത്തിനു മുതിരുകയില്ലഎന്നു് കരുതണം.

മി. സ്പീക്കർ: അന്വേഷണം നടത്തുകയില്ല എന്നു പറഞ്ഞാൽ മതിയോ ?

You have to furnish the necessary information.

ശ്രീ. ഇ. പി. ഗോപാലൻ : ഇൻഫർമേഷൻ എത്രയോ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ഇനിയും ആവശ്യമുണ്ടെങ്കിൽ കൊടുക്കാം. പക്ഷേ ഒരു കാര്യമുണ്ടു്. കഴിഞ്ഞകൊല്ലം ബഹുമാനപ്പെട്ട പി. കെ. കുഞ്ഞു് സ്പിൻഡിൽസ് സംബന്ധിച്ച ആരോപണം ഉന്നയിച്ചു. ഇത്തവണയും അതു് ആവർത്തിച്ചു. ഇത്തവണ അതൊന്നെഴുതിത്തരാൻ മന്ത്രിആവശ്യപ്പെടുന്നതു് കേട്ടു. ഇതിലെ ഉത്തമവിശ്വാസം ചോദ്യം ചെയ്യപ്പെടേണ്ടതല്ലെ ? ഒരാരോപണം ഉന്നയിച്ചിട്ടു് ഒരു കൊല്ലം കഴിഞ്ഞു അന്വേഷണമുണ്ടായില്ല. ഇപ്പോൾ ആക്ഷേപം എഴുതികൊടുക്കണമത്രെ.

ശ്രീ. കെ. എ. ദാമോദരമേനോൻ : കഴിഞ്ഞകൊല്ലം അദ്ദേഹം ഇവിടെ ചെക്കിനെപ്പററിയാണു് പറഞ്ഞതു്...........

ശ്രീ. ഇ. പി. ഗോപാലൻ : ഞാൻ യീൽഡു് ചെയ്യുന്നില്ല സർ.

ശ്രീ. പാറയിൽ ഷംസുദീൻ : സർ, ഒരു പായിൻറു് ആഫു് ആർഡർ. ഒരു തവണ യീൽഡു് ചെയ്യുകയും കുറെ കഴിഞ്ഞിട്ടു് യീൽഡു് ചെയ്യാതിരിക്കുകയും ചെയ്യുന്നതു് ശരിയാണോ ?

Mr. Speaker : Order, order. There is no point in it.

ശ്രീ. ഇ. പി. ഗോപാലൻ : ലോക്കപ്പു്മർദ്ദനം ഒരു ദിനസരിയായിത്തീർന്നിരിക്കുന്നു. ചെങ്ങന്നൂർ, ചെങ്ങന്നൂർ തുടങ്ങിയ സ്ഥലങ്ങളുണ്ടായിട്ടുള്ള ലാക്കപ്പു മർദ്ദനങ്ങളുടെ ദയനീയകഥകൾ ഇവിടെ ഉന്നയിച്ചതാണു്. കാൺഗ്രസ്സു് ഭാഗത്തിരിക്കുന്ന ഒരു മെംബർ ആലപ്പുഴയിലെ ലാക്കപ്പു് മർദ്ദനത്തെപ്പററി ഇന്നു് പറഞ്ഞു. ആലപ്പുഴയിൽമാത്രം ലാക്കപ്പു് മർദ്ദനം മതിയാക്കണമെന്നാണോ ആവശ്യം? ലോക്കപ്പിൽവെച്ചുള്ള മരണങ്ങൾ എത്രയുണ്ടു്? മർദ്ദനമേററുമരിച്ചാൽ, രോഗം കൊണ്ടു് മരിച്ചതായി റിക്കാർഡുണ്ടാക്കുന്നു. ലാത്തിച്ചാർജ്ജുകളും കൂടിവരികയാണു്. ഒരു ദിക്കിൽ നാമമാത്രമായി അന്വേഷണം നടത്തി സ്വന്തക്കാർക്കു് അടികൊണ്ടതിനാലാണോ അവിടെ

മാത്രം അന്വേഷണം നടത്തിയതു്? അതൊഴിച്ച് ബാക്കിയുള്ള ഒരൊററ സ്ഥലത്തും ലാത്തിച്ചാർജിന്റെ കാര്യത്തിൽ അന്വേഷണം നടത്തിയിട്ടില്ല. ചവറ മുതലായ പ്രദേശങ്ങളിൽ ലാത്തിച്ചാർജും പോലീസ്മർദ്ദനവും ഭീഷണികളും എല്ലാംതന്നെ കാൺഗ്രസ്സ് കക്ഷിയുടെ ആവശ്യത്തിനു ചിലപ്പോൾ അതിലെ ക്ലിക്കുകളുടെ താൽപ്പര്യത്തിനുവേണ്ടി നടത്തുന്നു. എല്ലാററിലും ഉപരി ഒരു വിഭാഗം പോലീസും ചാക്കോഗ്രൂപ്പും ചേർന്നു് ഭരണത്തെ മറിച്ചിടാൻ നോക്കുന്നു എന്നു പറയപ്പെടുന്നു. എന്തോ ചീഞ്ഞതു് കെട്ടു നാറുന്നു, ദുർഗ്ഗന്ധം വമിക്കുന്നുഎന്നെല്ലാം ദിനമണിപത്രം പറഞ്ഞുതുടങ്ങിയിരിക്കുന്നു. അതിനപ്പുറം ദിനമണി പത്രത്തിൽനിന്നും പ്രതീക്ഷിക്കാമോ? നിയമസമാധാനമല്ല കക്ഷി താൽപ്പര്യമാണിവിടെ പ്രധാനം. അട്ടിമറിപ്പണി നടക്കുന്നു എന്നു കാൺഗ്രസ്സ് സംഘടനയുടെ ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന കെ. പി. സി. സി. സെക്രട്ടറിപോലും ആരോപണം നടത്തിയിരിക്കുകയാണു്. ഇത്ര പോരെ? ഈയിടെ കീരിത്തോട്ട് നടത്തിയ ലാത്തിച്ചാർജിന്റെ കാര്യത്തിൽ, വളരെ വ്യക്തമായും ആവശ്യപ്പെടുകയാണു് ഒരു ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്നു്. വല്ല ദിക്കിലും ജൂഡീഷ്യൽ അന്വേഷണം നടത്തേണ്ട സ്ഥിതിയുണ്ടെങ്കിൽ, അതു കീരിത്തോട്ടിലാണെന്നു ഉറപ്പിച്ചു പറയുവാൻ ഞാനാഗ്രഹിക്കുന്നു. വെടിവച്ചു എന്നുള്ള ആരോപണം നിലവിലുണ്ടു്. പോലീസിന്റെ ഭാഗത്തു നിന്നാണു് പ്രകോപനങ്ങൾ വന്നിട്ടുള്ളതെന്നു വ്യക്തമായ ആരോപണങ്ങളുണ്ടു്. പോലീസ് അവിടെ ആവശ്യത്തിൽ കവിഞ്ഞ ബലപ്രയോഗം നടത്തി എന്ന ആരോപണം ഉണ്ടു്. ഇതൊക്കെ വച്ചു് ജൂഡീഷ്യൽ അന്വേഷണം നടത്തണം. ഇതിൽ നിന്നൊഴിഞ്ഞുമാറാൻ പററുകയില്ല. അന്വേഷണം നടത്തിയേ മതിയാവൂ. നിയമസമാധാനപാലനം തകർന്നുവെന്നു കാണിക്കാൻ മുമ്പു് നിങ്ങൾ ഫോൺ വഴി ഉദ്യോഗസ്ഥന്മാരെ മാററുന്ന കാര്യം എടുത്തുകാണിച്ചിരുന്നു. ഇപ്പോഴും ചിലർ അതുതന്നെ ആവർത്തിക്കും. എന്നാൽ ഇപ്പോൾ നിങ്ങൾ നടത്തുന്നതെന്താണു്? ശ്രീ. എൻ. ഭാസ്കരൻ നായരോടു് ഞാൻ ചോദിക്കുകയാണു്, അമ്മാഞ്ചി ഗോപാലകൃഷ്ണൻ നായർ എന്നു പേരായ സർക്കിൾ ഇൻസ്പെക്ടറെ കമ്പിയില്ലാകമ്പി മുഖേന മാററിയ കഥയറിയാമോ? മാററം റദ്ദാക്കാൻ ശ്രമിച്ചിട്ടു് പരാജയപ്പെട്ടതറിയാമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: പാലക്കാട്ട് ജില്ലയിലെ കളക്ടറെ മുഖ്യമന്ത്രിയുടെ കൂടെയുണ്ടായിരുന്ന ഒരാളിനു് മുറി ഒരുക്കി കൊടുത്തില്ല എന്നുള്ള ഒരൊററ കാരണത്തിനു്, രാഷ്ട്രമാനം സ്ഥലം മാററിയ കഥ അറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: ഈ ഗോപാലകൃഷ്ണൻ നായർ സർക്കിൾ ഇൻസ്പെക്ടർ മി. ഭാസ്കരൻ നായരുടെ അളിയനാണെന്ന വിവരം അറിയാമോ?

ശ്രീ. എൻ. ഭാസ്കരൻ നായർ: സർക്കിൾ ഇൻസ്പെക്ടർ ഗോപാലകൃഷ്ണൻ നായർ എന്റെ അളിയനാണു്. അദ്ദേഹത്തെ ആലപ്പുഴക്കൊന്നും സ്ഥലം മാററിയില്ല. ചേർത്തലയ്ക്കു മാററിയതു സാധാരണയുള്ള ആർഡറനുസരിച്ചാണു്; വയർലസ് മുഖേനയൊന്നുമല്ല.

ശ്രീ. ഈ. പി. ഗോപാലൻ: അത്രയും സമ്മതിച്ചതു് നന്നായി. മാററം ഉണ്ടായതു് സാധാരണ ഗതിയിലാണെന്നു് പറയുകയല്ലാതെ ഇപ്പോൾ എന്തു ചെയ്യും?

സർ, അഴിമതിനിരോധനപ്രവർത്തനം ഇക്കാലം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. ഏതു രംഗത്തും കാര്യങ്ങൾ ഭംഗിയായി നടക്കണമെങ്കിൽ അഴിമതി അവസാനിപ്പിക്കണമെന്നുള്ള കാര്യത്തിൽ തക്കമുണ്ടാവില്ല. ഇന്നു് എന്താണു് സ്ഥിതി? ഇന്നു് അഴിമതിയില്ലാത്ത ഒരു രംഗംപോലുമില്ല. അഴിമതി ഇവിടെ ഒരു കലയാണു്. അഴിമതിയുടെ ആശാന്മാരാണു് അപ്പുറത്തിരിക്കുന്നതു്. ആയുഷ്ക്കാലം മുഴുവനും അതിസുന്ദരമായ രീതിയിൽ ഫലപ്രദമായ മട്ടിൽ അഴിമതി നടത്തിയിട്ടുള്ള ആളുകളുടെ മേൽനോട്ടത്തിൽ അഴിമതിനിരോധനപ്രവൃത്തികൾ നടക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

അതുപോലെതന്നെ അഴിമതിനിരോധനം എന്നുള്ളതു് ഇന്നു നമ്മുടെ സംസ്ഥാനത്തു് പണച്ചെലവുള്ളതും, പകരം വീട്ടാൻ ഉപയോഗിക്കുന്നതുമായ ഒരു ആയുധമാണു്. കഴിഞ്ഞ നാലു കൊല്ലക്കാലമായിട്ടു് ഈ സംസ്ഥാനത്തു് അഴിമതിനിരോധനവകുപ്പിന്റെ പ്രവർത്തനംകൊണ്ടു് എന്താണു് സാധിച്ചിട്ടുള്ളതു്? 38 രൂപ കൃത്രിമം കാണിച്ചതിനു് ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡു് ചെയ്തു. ലക്ഷക്കണക്കിനു രൂപ കൃത്രിമം ചെയ്തിട്ടുള്ളവർക്കു് പ്രൊട്ടക്ഷൻ കൊടുത്തു. ഇതാണു് കഴിഞ്ഞ നാലു കൊല്ലക്കാലത്തെ അഴിമതിനിരോധനവകുപ്പിന്റെ പ്രവർത്തനം. ട്രാൻസ്പോർട്ട കൺഡക്ടറെ അഴിമതിനിരോധനത്തിന്റെ പേരിൽ പിടിച്ചു ശിക്ഷിക്കുമ്പോൾ, പതിനായിരക്കണക്കിനേക്കർ വനം വെട്ടിപ്പിടിച്ചവർക്കു് സംരക്ഷണം നൽകുകയാണു്. ഈ വകുപ്പു് ഇന്നു് അഴിമതി നിരോധനപ്രവർത്തനം നടത്തുന്നതിനു് പര്യാപ്തമല്ലാത്ത രീതിയിലാണു് പ്രവർത്തിക്കുന്നതു്. ആരുടെമേലാണു് പകപോക്കൽ നടപടി വന്നു വീഴുകയെന്നു് പറയാൻ വയ്യാത്ത ഒരു സ്ഥിതിയാണു് നമ്മുടെ സർവ്വീസിൽ ഇന്നു നിലനിൽക്കുന്നതു്. അഴിമതി സർവ്വത്ര പെരുകുകയാണു്. എവിടെയും കൈക്കൂലിയും സ്വജനപക്ഷപാതവും നടമാടുന്നു. അധികാരത്തിലിരിക്കുന്ന ക്ലിക്കുകൾ അവരുടെ ചുററും ഒരു വലയം സൃഷ്ടിക്കുന്നു. അവർക്കെതിരായവരെ കുടുക്കാനും മററും വഴിയൊരുക്കുന്നു. ആൻറികറപ്ഷൻ വകുപ്പു് കുററക്കാരനല്ലെന്നു കണ്ടു് വിട്ടാൽപോലും പക തീരുന്നില്ല. നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു. കുററം ചെയ്യുന്നവർ സംരക്ഷിക്കപ്പെടുന്നു. ഇവിടെ അഴിമതി നിരോധനം ഒരു പ്രഹസനം മാത്രമാണെന്നു തോന്നിപ്പോവുകയാണു്. പക പോക്കാൻവേണ്ടിയുള്ള ഈ പ്രഹസനം ആവർത്തിക്കുകയാണു്. നിങ്ങൾക്കു് ഇവിടെ അഴിമതി അവസാനിപ്പിക്കാൻ ആഗ്രഹമില്ല; കഴിവില്ല. കേന്ദ്രം നിർദ്ദേശിക്കുന്നതുപോലും ഇവിടെ നടപ്പാക്കാൻ നിങ്ങൾക്കിഷ്ടമില്ല; പ്രാപ്തിയില്ല.

സർ, പോലീസ് വെരിഫിക്കേഷനെ സംബന്ധിച്ചു് ഇവിടെ പലവുരു പരാമർശങ്ങൾ ഉണ്ടായി. ഇനിയും അതു് ഉണ്ടാകുമെന്നു് ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണു്. സംസ്ഥാന സർവ്വീസിൽ അർഹതയുള്ളവർ കടന്നുവരുവാൻ നിങ്ങൾ സമ്മതിക്കുന്നില്ല. വല്ലപാടും എത്തിക്കിട്ടാനിപ്പോൾ കാൺഗ്രസ്സുകാരുടെ ഒത്താശ വേണം. സക്കാർ ഉദ്യോഗം നിങ്ങളുടെ സ്വകാര്യസ്വത്താണെന്നാണു് ഭാവം. യഥാർത്ഥത്തിൽ ഇവിടെ പോലീസ് വെരിഫിക്കേഷൻ നടത്തുന്നതു് കാൺഗ്രസ്സ് കമ്മിററികളാണു്. അവർ തമ്മിൽ വടംവലിയാണു്. ശ്രീ. എസ്സ്. കുമാരൻ അക്കാര്യം ഇവിടെ വ്യക്തമാക്കുകയുണ്ടായി. കാൺഗ്രസ്സ് കമ്മിററികൾ തമ്മിലുള്ള വടംവലി ഇന്നു് എല്ലാ കാര്യത്തിലും നടക്കുന്നുണ്ടു്. പണം വാങ്ങിയിട്ടാണു് അവർ വെരിഫിക്കേഷൻ നടത്തുന്നതു്. ക്യാരക്ടർ ആൻഡു് ആൻറിസിഡൻസ് നിയമം അനുശാസിക്കുന്ന രീതിയിൽ നടത്തുന്നതിൽ യാതൊരാക്ഷേപവും ഇല്ല. പക്ഷേ ഇപ്പോൾ എന്താണു് ഈ ക്യാരക്ടർ ആൻഡു് ആൻറിസിഡൻസ്? കാൺഗ്രസ്സുകാരനു് വിരോധമുണ്ടെങ്കിൽ ചീത്ത ക്യാരക്ടർ, കാൺഗ്രസ്സിനു് തൃപ്തി ഉണ്ടെങ്കിൽ നല്ല ക്യാരക്ടർ. കാൺഗ്രസ്സ് പ്രമാണികൾ സർട്ടിഫിക്കററു് കൊടുത്താൽ നല്ല ക്യാരക്ടർ. വിരോധമാണെങ്കിൽ ചീത്ത ക്യാരക്ടർ. നിയമരാഹിത്യവും നീതികേടും ഇതിലപ്പുറമെന്തുള്ളൂ? നിയമസമാധാനം പാലിക്കപ്പെടുന്നു എന്നു കൊട്ടിഘോഷിക്കുക. യഥാർത്ഥത്തിൽ നീതിക്കും മര്യാദയ്ക്കും നിരക്കാത്ത നികൃഷ്ടതകൾ പ്രവർത്തിക്കുക—ഇതാണിന്നത്തെ നില. കേന്ദ്രഗവണ്മെൻറിലേക്കുള്ള നിയമനങ്ങളിലും ഇവർ തന്നെയാണു് വെരിഫിക്കേഷൻ നടത്തുന്നതു്. കേന്ദ്ര ഇൻഡസ്ട്രീസിലും മററും ഉദ്യോഗാർത്ഥികൾക്കു് സെലക്ഷൻ കിട്ടിക്കഴിഞ്ഞാൽ ഇവരുടെ ദയാദാക്ഷിണ്യത്തിനു് അടിമപ്പെട്ടാണു് ഉദ്യോഗലബ്ധി ഇരിക്കുന്നതു്. കാൺഗ്രസ്സുകാർ മറിച്ചെഴുതിയാൽ ആർക്കും ഉദ്യോഗമില്ല എന്നാണു് അലിഖിത നയം. എത്രയെത്ര കുടുംബങ്ങളെ നിങ്ങൾ കണ്ണീർ കുടിപ്പിക്കുന്നു! എത്രയുവജീവിതങ്ങൾ നിങ്ങൾ നശിപ്പിച്ചു. ഒന്നു ഞാൻ വ്യക്തമാക്കട്ടെ, കീചകവധം കഴിഞ്ഞാൽ ഭാരതയുദ്ധം അവസാനിക്കുന്നില്ല. കുരുക്ഷേത്രത്തിലേക്കു പുറപ്പാടു് ആയിട്ടേ ഉള്ളൂ. പോലീസ് ഭരണം സ്വന്തം കക്ഷിക്കാര്യമാക്കുക; പോലീസ് വെരിഫിക്കേഷൻ സ്വന്തം കക്ഷിയുടെ ധനാഗമമാർഗ്ഗമാക്കുക—ഈ ഏർപ്പാടു് തകർക്കപ്പെടുവാൻ പോവുകയാണു്. ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സ്റ്റീഫൻ: സർ, ഈ ധനാഭ്യർത്ഥനയെ വളരെ അഭിമാനബോധത്തോടുകൂടി ഞാൻ പിൻതാങ്ങുന്നു. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് മറുവശത്തുനിന്നു ചെയ്ത ചില പ്രസംഗത്തിൽ ഒന്നുംതന്നെ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങാതിരിക്കാനുള്ള കാരണങ്ങൾ എന്തെങ്കിലും ചൂണ്ടിക്കാണിക്കാൻ പര്യാപ്തമായിരുന്നു എന്ന് എനിക്കു തോന്നുന്നില്ല. നാലു കൊല്ലം മുമ്പ് ഈ കേരളത്തിലുണ്ടായിരുന്ന സ്ഥിതിഗതികൾ ഈ രാജ്യത്തെ ജനങ്ങൾക്കറിയാം, അപ്പുറത്തിരിക്കുന്ന സ്നേഹിതന്മാർക്കും അറിയാമെന്നാണ് ഞാൻ കരുതുന്നതു്. ഈ രംഗത്തു അന്നത്തെ ഗവണ്മെന്റ് അവരുടെ പാർട്ടിയെ മാത്രം പിൻതാങ്ങുകയും. അതിനുവേണ്ടി പോലീസിനെ ഉപയോഗിക്കുകയും ചെയ്ത നയത്തിന്റെ നഗ്നമായ രൂപമാണ് നാം മൂന്നാർ വെടിവെയ്പ്പിൽ കണ്ടതു്. സ്വന്തം പാർട്ടിയുടെ ആവശ്യപ്രകാരം ഉദ്യോഗസ്ഥന്മാരെ മാറ്റുകയും മറിക്കുകയും ചെയ്ത രംഗങ്ങൾ ഒരു കഥപോലെ ഈ രാജ്യത്തു് പ്രചരിച്ചു കഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ആളുകൾക്കു താൽപ്പര്യമുള്ള രംഗങ്ങളെ സംബന്ധിച്ചിടത്തോളം ആരെ മർദ്ദിച്ചാലും അതിനെപ്പററി ചോദ്യം ചെയ്യാനുള്ള ആളുകൾ ഇല്ലെന്നുള്ള വസ്തുതയ്ക്കു് സാക്ഷിയായി ശ്രീമാൻ കറൂർ നമ്പൂതിരിപ്പാട് ഇന്നും ഈ നിയമസഭയിലുണ്ട്. ഇങ്ങനെ വളരെയധികം ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും. നിയമം കൈകാര്യം ചെയ്യുന്ന മന്ത്രിമാർതന്നെ നിയമത്തിനെതിരായി ഫാറംസ് എഫ്. ഐ. ആറിനുവേണ്ടി കേസ്സ് നടത്തുകയും ആ കേസ് തള്ളപ്പെടുകയും ചെയ്തതു് ഒരു ദൃഷ്ടാന്തമായി ശ്രീ. ടി. ?. മജീദിന്റെ കാര്യത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇതൊക്കെ അന്നത്തെ പോലീസ് ഭരണത്തിന്റെ ലക്ഷ്യങ്ങളും സ്വഭാവങ്ങളുമായിരുന്നു. ആ ഭരണം അവസാനിച്ചിട്ട് വർഷം ഇന്നു നാലു കഴിഞ്ഞിട്ടുണ്ട്. വളരെ ദീർഘമായ പ്രസംഗങ്ങൾ അപ്പുറത്തു നിന്നും നടന്നിട്ടുണ്ട്. ഈ പ്രസംഗങ്ങളിൽ ഒന്നുംതന്നെ ഈ സ്ഥിതിഗതികൾക്ക് മാററം ഉണ്ടായിട്ടുണ്ടെന്നുള്ള അവകാശവാദത്തെ കടക്കാനുള്ള ഒരു വസ്തുതയും ഉന്നയിച്ചിട്ടില്ല. അങ്ങനെ പറയത്തക്ക യാതൊരു വസ്തുതയുമില്ല. ഇന്ന് ആരൊക്കെ എന്തൊക്കെ പറഞ്ഞാലും സർ, പ്രതിപക്ഷത്തുനിന്ന് എത്രതന്നെ വമ്പിച്ച ആക്രമണങ്ങൾ നടത്തിയാലും സർ, ഈ ഗവണ്മെന്റ് കഴിഞ്ഞ നാലു കൊല്ലമായി നിയമസമാധാനം സ്ഥാപിച്ചു എന്നും അഴിമതിക്ക് എതിരായ പ്രവർത്തനങ്ങൾ അനേകം നടത്തിയിട്ടുണ്ടെന്നും പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള ആ ഒററ വസ്തുത മറേറതു നിഷേധിച്ചാലും ശരി ഈ രാജ്യത്തെ ജനങ്ങൾ അനുഭവംകൊണ്ട് മനസ്സിലാക്കിയിട്ടുണ്ട്. ഈ കഴിഞ്ഞ നാലു കൊല്ലക്കാലത്തിനകം നിരന്തരമായും പ്രതിപക്ഷങ്ങൾ രണ്ടുമൂന്നുകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ ഒന്ന് ഉദ്യോഗസ്ഥന്മാർക്കെതിരായ കടന്നാക്രമണം. വളരെ നിർഭാഗ്യകരമായ ഒരു സംഭവമാണിതു്. കഴിഞ്ഞ നാലു കൊല്ലമായി ഈ കടന്നാക്രമണം തുടങ്ങിയിട്ട്. സർ, ഞാൻ ഒന്നു പറയാനാഗ്രഹിക്കുകയാണ്. ശ്രീ. പി. ടി. ചാക്കോ ഭരണത്തിൽനിന്നു രാജിവച്ചു മാറിയതുകൊണ്ട് അതിനെ പിടിച്ച് കടന്നാക്രമണം നടത്തിയാൽ അതിനു കൈപിടിച്ച് സ്വാഗതം ചെയ്യാൻ പിൻഭാഗത്തുനിന്നാണെങ്കിലും തുനിയുന്നുണ്ടെങ്കിൽ അവർ വിഡ്ഢികളുടെ ലോകത്താണ് ജീവിക്കുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, വളരെ ഉത്തരവാദിത്വത്തോടുകൂടി ഈവക കാര്യങ്ങൾ സംസാരിക്കണമെന്ന് അഭ്യർത്ഥനയുണ്ട്. മിണ്ടാപ്രാണികളായ ഉദ്യോഗസ്ഥന്മാർ അവരുടെ കാര്യങ്ങൾ പറയാൻ അവകാശമില്ലാത്ത ഉദ്യോഗസ്ഥന്മാർ, കൈകെട്ടി നിറുത്തപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ഇവരെപ്പററി ഈ രാജ്യത്തു് നിയമസമാധാനം പാലിക്കാൻ കഴിവും ചുമതലയുമുള്ള ഉദ്യോഗസ്ഥന്മാരെപ്പററി നിയമസഭാതലത്തിൽ കൊണ്ടുനിറുത്തികൊണ്ട് ചായമടിക്കുകയും, കരിവാരിതേക്കുകയും ചെയ്യുന്നതു് പൊതുജനസേവയല്ല, രാജ്യദ്രോഹമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഏതെങ്കിലും ഉദ്യോഗസ്ഥനെപ്പററി ആക്ഷേപമുണ്ടെങ്കിൽ അതിൽ ബന്ധപ്പെട്ട മന്ത്രിക്ക് ആക്ഷേപം എഴുതികൊടുക്കണം. മന്ത്രി അന്വേഷണം നടത്തിയില്ലെങ്കിൽ മന്ത്രി അന്വേഷിച്ചില്ലെന്ന് നിയമസഭയിൽ പറയണം. അതല്ലാതെ ഉദ്യോഗസ്ഥന്മാർക്കെതിരായി അനാവശ്യമായി പറയുന്നതു് നിയമസഭയ്ക്കകത്തുനിന്നാകരുതു്. ഇക്കാര്യത്തിൽ അസംബ്ലിയിൽ കണ്ടുവരുന്ന ഒരു പ്രവണതയുണ്ട്. ഈ രാജ്യത്തു് ചില സംഭവങ്ങൾ ഉണ്ടായി. എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. സ്റ്റീഫൻ]

ക്വാട്ടേഴ്സിൽ നടന്ന ചില സംഭവങ്ങൾ ചൂണ്ടിക്കാണിച്ചു. ഇന്നലെ എനിക്കെതിരായി ചില ആക്രമണങ്ങൾ ഉണ്ടായതിനെയും ഇവിടെ ചൂണ്ടിക്കാണിച്ചു. അതിനെസംബന്ധിച്ച് ഞാൻ പറയാം. ആയിരക്കണക്കിൽ, ലക്ഷക്കണക്കിൽ ജനങ്ങൾ താമസിക്കുന്ന പ്രദേശത്ത് ഇത്തരം സംഭവങ്ങൾ നടക്കും. പക്ഷേ ഈ സംഭവത്തിൽ ഗവണ്മെൻറിൻെറ പ്രതികരണം എന്താണെന്നാണ് അറിയേണ്ടത്. ഇതിനെ സംബന്ധിച്ച് ഒരു കാൺഗ്രസ്സുകാരൻ എന്നുള്ള നിലക്ക് ഞാൻ ലജ്ജിച്ച് തലവലിക്കുന്നില്ല എന്ന് ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇക്കാര്യത്തെക്കുറിച്ച് ഒരുകാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിച്ചുകൊള്ളട്ടെ. ഇവിടെ എന്നെ പരാമർശിച്ച് സംസാരിക്കുകയുണ്ടായി. ഇന്നലെ നടന്ന സംഭവത്തെക്കുറിച്ചാണ് സംസാരിച്ചത്. ഞാൻ ഒരു യോഗത്തിൽ സംബന്ധിച്ച് പ്രസംഗം കഴിഞ്ഞ് മടങ്ങിവരുന്ന സമയത്ത് വഴിയിൽവച്ച് നാലാളുകൾ റോഡിൻെറ സൈഡിൽ നിന്നിരുന്നു. അതിലൊരാൾ മുന്നോട്ട് വന്ന് എന്നെമാത്രം നോക്കിക്കൊണ്ട്—ഞാൻ കാറിൻെറ മുൻവശത്തിരിക്കുകയായിരുന്നു—ഒരു വലിയ കല്ലെടുത്ത് കാറിലേക്ക് വലിച്ചെറിയുകയുണ്ടായി. ഗ്ലാസ് പൊട്ടുമെന്നും, ആ കല്ല് എൻെറ ദേഹത്തുവീഴുമെന്നും അത് വലിച്ചെറിഞ്ഞ ആൾ വിചാരിച്ചു, പക്ഷേ ഗ്ലാസ് പൊട്ടിയെങ്കിലും എനിക്ക് പരിക്കൊന്നും പററിയില്ല. ആ സംഭവം നടന്ന സ്ഥലത്തുനിന്നും ഓടിയ ഒരാളെ പോലീസ് അപ്പോൾതന്നെ പിടിക്കുകയുണ്ടായി. ആ ആളെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. ഞാനും പോലീസ് സ്റ്റേഷനിൽ ചെന്നു. ആ ആളെ വിടാനും എനിക്ക് കേസില്ല എന്നും ഞാൻ പോലീസുകാരോട് പറഞ്ഞു. പക്ഷേ അവരുടെ ഡ്യൂട്ടിയാണ് കേസ് രജിസ്റ്റർ ചെയ്തേ ഒക്കുകയുള്ളു എന്ന് അവർ പറയുകയുണ്ടായി. ആരെയും അറസ്ററു ചെയ്യരുതെന്നും ശിക്ഷിക്കരുതെന്നും ഞാൻ വ്യക്തമായി അറിയിച്ചിട്ടുണ്ട്. സർ, ഞാൻ ഇതിൽ കുറച്ചുകൂടി പറയാൻ ആഗ്രഹിക്കുന്നത് ഈ രാജ്യത്തെ പൊതുജനപ്രവർത്തകന്മാർ ചിന്തിക്കേണ്ട കാര്യമാണ്. കല്ലെറിഞ്ഞ ആ പാവപ്പെട്ട ആളുകളോട് എനിക്ക് യാതൊരു ദേഷ്യവുമില്ല. കാരണം ആ പാവങ്ങൾ ഇത് സ്വയം ചെയ്തതാണെന്ന് ഞാൻ വശ്വസിക്കുന്നില്ല. ഈ രാജ്യത്തുള്ള ഒരു ശക്തിയുടെ പ്രതിനിധിയായിട്ടാണ് കല്ലേറു നടത്തിയതെന്നു ഞാൻ വിശ്വസിക്കുകയാണ്. ആ ശക്തി ഏതാണെന്ന് ഗവണ്മെൻറ് ശ്രദ്ധിക്കണം. എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രദ്ധിക്കണം. എം. എൽ. ഏ ക്വാർട്ടേഴ്സിൽ കണ്ടത് ആ ശക്തിയുടെ പ്രകടനമായിരുന്നു. നിർഭാഗ്യവശാൽ ഈ രാജ്യത്ത് ഒരു ഫാസിസ്ററു പ്രവണത വളർന്നുവരികയാണ്. അത് ഗവണ്മെൻറു വേണ്ടവിധത്തിൽ കൈകാര്യം ചെയ്യണമെന്ന് എനിക്കു അഭ്യർത്ഥനയുണ്ട്. ഞാൻ ഉന്നതമായ ജനാധിപത്യം പാലിക്കണമെന്നുള്ള നിലക്ക് പറയുകയാണ്. ജനാധിപത്യം പാലിക്കാൻ വേണ്ടി ഇങ്ങനെയുള്ള സ്വഭാവങ്ങൾ ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നു വ്യക്തമായ അഭിപ്രായം എനിക്കുണ്ട്. ഇതിനെ നേരാംവണ്ണം നോക്കാനുള്ള കരുത്ത് ഈ രാജ്യത്തെ പോലീസിനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

കഴിഞ്ഞ നാലു കൊല്ലക്കാലത്തെ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം ഈ രീതിയിലുള്ള അക്രമപരമായ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുള്ള കരുത്ത് ഇവിടത്തെ പോലീസിന് ഉണ്ടെന്നബോധം എനിക്കുണ്ടാക്കിത്തന്നിട്ടുണ്ട്. ആ നിലയിൽ നിയമസമാധാനം പുനഃസ്ഥാപിക്കുന്ന കാര്യത്തിലും മററും അതിലുൾപ്പെട്ടിട്ടുള്ള ആളുകൾ കാൺഗ്രസ്സാണോ, കമ്മ്യൂണിസ്റ്റാണോ എന്നൊന്നും നോക്കാതെ, നിഷ്പക്ഷമായി കാര്യങ്ങൾ നടത്താനുള്ള കഴിവ് അവർക്കു പൂർണ്ണമായി ഉണ്ടാകുമെന്നാണ് എൻെറ വിശ്വാസം. അതിൻെറ പേരിൽ, ഞാൻ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളെയും ഈ ഡിമാൻഡിനേയും പിൻതാങ്ങുകയാണ്. ഗവണ്മെൻറ് ഇന്നുവരെ എടുത്തിട്ടുള്ള നയം ശക്തിയായി തുടരുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിയമസമാധാനപാലനമെന്ന പരമമായ ലക്ഷ്യം വച്ചുകൊണ്ട് ഈ ഗവണ്മെൻറ് അഭിമാനത്തോടുകൂടിയാണ് ഈ ഡിമാൻഡ് അവതരിപ്പിച്ചിട്ടുള്ളത്. ഡിമാൻറ് സഭ അംഗീകരിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ രാജ്യത്ത് പൊതുജനപ്രവർത്തനം ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

മാക്കാനം മുന്നോട്ടു നീങ്ങാനും അഴിമതി നിർമ്മാർജനം ഈ പോലീസുവകുപ്പു കൊണ്ടു് സാദ്ധ്യമാകുമെന്ന നിലയിൽ ഞാൻ ഈ ഡിമാൻറിനെ പിൻതാങ്ങുകയാണു്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. ഏ. ദാമോദര മേനോൻ): സ്വീൻഡിൽ വിതരണത്തെസംബന്ധിച്ചു് ശ്രീ. കുഞ്ഞു് പറഞ്ഞ കാര്യത്തെപ്പററി ശ്രീ. ഈ. പി. ഗോപാലൻ ഇവിടെ പരാമർശിക്കുകയുണ്ടായി. ഒരു മന്ത്രിയുടെ ഭാര്യ വൈരമാല വാങ്ങി, വേറെ ചിലർ തുക തട്ടിയെടുത്തു എന്നെല്ലാം ഈ സഭയിൽത്തന്നെ ആരോപണം ഉണ്ടായിട്ടുണ്ടു്. അതു സംബന്ധിച്ചു് നമ്മുടെ പ്രധാനമന്ത്രിതന്നെ അന്വേഷണം നടത്തുകയുണ്ടായി. ഒരു കാര്യം ഇവിടെ എടുത്തു പറയാം. ഈ വൈരമാലയും മററും ആരുവാങ്ങി, ഏതുമന്ത്രിയുടെ ഭാര്യ വാങ്ങി എന്ന അന്നുതന്നെയും ഇതു പ്രസിദ്ധംചെയ്ത പത്രങ്ങൾ പറഞ്ഞിരുന്നില്ല എന്നുള്ളതാണു പരമാർത്ഥം. കോടതിയിൽപോയപ്പോഴും രണ്ടു മൂന്നുമന്ത്രിമാർ ചേർന്നാണു വിതരണം നടത്തിയതു്, മററു് മന്ത്രിമാർക്കു് ഭാര്യമാരില്ലേ? എന്നൊക്കെയാണു ചോദ്യമുണ്ടായതു്, പ്രധാനമന്ത്രി ഇതിനെപ്പററി ബന്ധപ്പെട്ട കടലാസുകൾ പരിശോധിക്കുകയും; ശ്രീ. ഇന്ദുചൂഡനോടുതന്നെ ഈആരോപണങ്ങൾക്കു എന്തെങ്കിലും തെളിവുതരാനുണ്ടോ എന്നു് എഴുതി ചോദിക്കുകയുംചെയ്തു. പിന്നെ അദ്ദേഹം ഇന്ദുചൂഡനെ വരുത്തി നേരിട്ടു തന്നെ ചോദിക്കുകയും ചെയ്തു. അതിനുശേഷം ഇതിൽ യാതൊരു അടിസ്ഥാനവുമില്ല എന്നു പ്രധാനമന്ത്രി തീരുമാനിക്കുകയുണ്ടായി. ശ്രീ. കുഞ്ഞു് ഈ സ്വീൻഡിൽ വിതരണം സംബന്ധിച്ചു് ഒരു ചെക്കു് ആരോ കൊടുത്തു എന്നു പറഞ്ഞു, ആരു കൊടുത്തുവെന്നോ, ആർക്കുകൊടുത്തുവെന്നോ പറഞ്ഞില്ല. ചെക്കിൻെറ നമ്പർ പറയാമെന്നു പറഞ്ഞു. ആർക്കു കൊടുത്തുവെന്നും ആരു വാങ്ങിയെന്നും പറഞ്ഞാൽ അന്വേഷണം നടത്തുന്നതിനു് ഒരുക്കമാണു്. ഈ സ്വീൻഡിൽ വിതരണത്തെ സംബന്ധിച്ചു് എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ, ആരു നടത്തിയാലും അയാൾ തക്കതായ ശിക്ഷ അനുഭവിക്കണമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. അദ്ദേഹത്തിനു് ഈ ചെക്കിൻെറ കാര്യത്തെപ്പററി എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഇവിടെവച്ചുതന്നെ പറയട്ടെ. അതിലേക്കു ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു. ഞങ്ങൾ അതിനെപ്പററി അന്വേഷിക്കാൻ തയ്യാറാണു്.

ശ്രീ. പി. കെ. കുഞ്ഞു്: വെല്ലുവിളിക്കേണ്ട സന്ദർഭം ഇതല്ലായിരുന്നു ഞാൻ പറഞ്ഞ സന്ദർഭത്തിൽ തന്നെ വ്യക്തമായി പറഞ്ഞിരുന്നു. മന്ത്രി വാങ്ങിയെന്നു പറഞ്ഞിരുന്നില്ല. വിതരണം നടത്തിയതിൽ ബന്ധപ്പെട്ട ചിലർക്കു് പാരിതോഷികം ലഭിച്ച കഥയാണു പറഞ്ഞതു്.

ശ്രീ. കെ. ഏ. ദാമോദര മേനോൻ: ആർക്കൊ ചിലർക്കു ലഭിച്ചു എന്നാണു പറഞ്ഞതു്. ആർക്കു ലഭിച്ചു എന്നു പറയട്ടെ.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സ്പീക്കർ സർ, ഇവിടെ ഈ ധനാഭ്യർത്ഥനയെപ്പററി വളരെ നിശിതമെന്നു തോന്നാവുന്ന വിമർശനങ്ങളുണ്ടായി. എന്നാൽ യഥാർത്ഥത്തിൽ പോലീസു് വകുപ്പിൻെറ ഭരണത്തിൽ വലിയ കെടുതികൾ ഉണ്ടെന്നോ, അവർക്കു കാര്യക്ഷമതയില്ലെന്നോ ഇവിടെ ഉന്നയിച്ചതായി കാണുന്നില്ല. ഇവിടെ നടന്നതു്, കഴിഞ്ഞ ദിവസം പൊതുധനാഭ്യർത്ഥന ചർച്ചാസമയത്തു് അതുമായി ബന്ധമുള്ള കാര്യങ്ങളല്ലാതെ, പോലീസിനെ സംബന്ധിച്ചു് കുറെ കടന്നാക്രമണങ്ങൾ നടത്തിയതു് തുടരുക മാത്രമാണു്. ഈ വകുപ്പു് കൈകാര്യം ചെയ്യുന്നവർക്കു് സഹായകമായി എന്തെങ്കിലും നിർദ്ദേശം നൽകാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ശ്രമിച്ചോ എന്നു ഞാൻ കുറച്ചു വേദനയോടുകൂടി ചോദിക്കുകയാണു്. ഇവിടെ തിരിച്ചും മറിച്ചും ചില വ്യക്തികളെ ആക്ഷേപിക്കുന്ന കാര്യങ്ങൾ അങ്ങനെ പറഞ്ഞതല്ലാതെ, ഇവിടെ പല പ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആവർത്തിക്കുകയല്ലാതെ, ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും പ്രയോജനപ്രദമാക്കാനും പററിയ ഉപദേശങ്ങൾ ഒന്നുംതന്നെ കണ്ടില്ലെന്നു് ഞാൻവളരെ വ്യസനസമേതം ഓർമ്മിക്കുകയാണു്. പോലീസു് ഈ സംസ്ഥാനത്തു് സാമാന്യമായി കാര്യക്ഷമതയുള്ളതാണെന്നു ഞാൻ അവകാശപ്പെടുന്നു. ഇൻഡ്യയിലെ പോലീസു് സേന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

യുടെ മുമ്പിൽ കേരളത്തിലെ പോലീസ് ഒരിക്കലും പിന്നിൽ നിൽക്കേണ്ടി വന്നിട്ടില്ല. അതിന്റെ കാര്യക്ഷമത ചോദ്യം ചെയ്യപ്പെട്ടത് ഒരിക്കൽ മാത്രമായിരുന്നു. അത് ഇവിടെ കമ്മ്യൂണിസ്റ്റുകാർ ഭരണം നടത്തിയിരുന്ന കാലത്തു മാത്രമാണ്. അന്നു പോലീസിനെ നിർവീര്യമാക്കിയെന്നും, പോലീസിനെ തങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിച്ചു എന്നും വളരെ ആക്ഷേപം രാജ്യത്തു പൊതുവെ ഉണ്ടായി. ആ ആക്ഷേപങ്ങളെ തുടർന്നുണ്ടായ ഒരു സമരമാണു ആ ഗവണ്മെന്റിനെ പുറത്താക്കാൻ പ്രേരണ നൽകിയതെന്നു നമുക്കറിയാം. അന്ന് എത്രയോ പ്രാവശ്യം ലാത്തിച്ചാർജ്ജ് നടന്നു, എത്രയോ ആളുകളെ വെടിവച്ചുകൊന്നു, എത്ര സ്ഥലത്ത് അന്വേഷണം നടത്തി? ഇന്നാണെങ്കിൽ ഈ രാജ്യത്ത് ആരെങ്കിലും അവരുടെ ജീവനോ സ്വത്തോ, അഭിമാനമൊ അപകടത്തിലാണെന്നു വിചാരിക്കുന്നുണ്ടോ? എക്സപ്ഷനലായി എവിടെയെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്തെങ്കിലും അനാവശ്യം കാണിച്ചാൽ അതാണു സാധാരണ നടക്കുന്നതെന്ന അർത്ഥത്തിൽ വലുതായി പറയുന്നതല്ലാതെ, ഇത്ര വലിയ പോലീസു സൈന്യമുള്ള ഈ രാജ്യത്ത് എന്തെങ്കിലും അപലപനീയമായ തെററ് അവർ ചെയ്യുന്നതായി ചൂണ്ടിക്കാണിച്ചോ? ഇവിടെ എത്രയോ പോലീസ് സ്റ്റേഷനുണ്ട്. തിരിച്ചും മറിച്ചും രണ്ടുമൂന്നു പോലീസ് സ്റ്റേഷന്റെ കാര്യമാണ് പറഞ്ഞത്. ഇവിടെ 14 ആയിരത്തിൽ പരം പോലീസും 200–ൽ പരം പോലീസ് സ്റ്റേഷനുകളും ഉണ്ട്. ജനസംഖ്യ ആസ്പദമാക്കിനോക്കിയാൽ ഇവിടത്തെ പോലീസ് സേന കുറവാണ്. എങ്കിലും അവർ വളരെ കാര്യക്ഷമമായി അവരുടെ പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ പോലീസ് സേനയെ ഇന്നു ഭരിക്കുന്നത് ഇവിടത്തെ ഗവണ്മെന്റാണ്. ഈ ഗവണ്മെന്റ് ആരംഭിച്ചിട്ടു നാലുകൊല്ലമായി. അന്ന് വേറൊരു കൂട്ടർകൂടി ഉണ്ടായിരുന്നില്ലേ എന്നു ചോദിച്ചാൽ ഉണ്ടായിരുന്നു ഈ ഗവണ്മെന്റിന്റെ അംഗീകൃത നയം അന്നു കൂടിയുണ്ടായിരുന്നവർക്കും അംഗീകരിക്കാവുന്ന നയമാണ്. ആ നയമനുസരിച്ച് തുടർന്നുപോവുകയാണ്. അതുകൊണ്ട് ഒരു മന്ത്രി മാറി, അതുകൊണ്ട് നയത്തിൽ മാററം വന്നു എന്നു വിചാരിച്ചിട്ട് കാര്യമില്ല. അന്നും ഇന്നും ഒരു ഗവണ്മെന്റിന്റെ ഭരണമാണു നടക്കുന്നത്. ഈ പോലീസിനു കുററങ്ങളും കുറവുകളും ഇല്ലെന്നു ഞാൻ പറയുന്നില്ല. ഏതു പോലീസ് സേനയ്ക്കും അങ്ങനെ വല്ലതും കണ്ടേക്കാം. അങ്ങനെയുള്ള കുററങ്ങളും കുറവുകളും മാററുന്നതിന് സഹായകമായ നിർദ്ദേശങ്ങൾ ഉണ്ടായില്ല എന്നാണു ഞാൻ ചൂണ്ടിക്കാണിച്ചത്. ഇവിടെ എടുത്തുപറഞ്ഞത് എന്തെല്ലാമാണെന്നു നോക്കുക. ഇവിടെ എത്രയോ തവണ പറഞ്ഞിട്ടുള്ള പോലീസ് വെരിഫിക്കേഷന്റെ കാര്യം പറഞ്ഞു. ഈ സഭയിൽതന്നെ രണ്ടോ മൂന്നോ പ്രാവശ്യം ഞാൻ അതിനു സമാധാനം പറഞ്ഞിട്ടുണ്ട്. അതിലൊരു മാററവും ഇല്ലാതെ മുമ്പു നടന്നതുപോലെ നടക്കുകയാണ്. ആക്ഷേപിക്കത്തക്ക തരത്തിൽ അതിൽ യാതൊന്നുമില്ല. ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി, കാരക്ടറും ആൻറിസീഡൻസും നോക്കുന്നതിൽ ഞങ്ങൾക്ക വിരോധമില്ല. ഒരു പാർട്ടിയുടെ ആളാണോ എന്നു നോക്കുന്നതിലേ ഉള്ളു എന്ന്. അതു നോക്കുന്നില്ലെന്ന് വളരെ വ്യക്തമായി ഞാൻ ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. പിന്നെ, വലിയ ഉദ്യോഗസ്ഥന്മാർ നോക്കുന്നതിനുപകരം, ഹെഡ്ഡ് കാൺസ്റ്റബിളും കാൺസ്റ്റബിളും അന്വേഷണം നടത്തുന്നു അതുകൊണ്ട് വലിയ പാകപ്പിഴകൾ വരുന്നു എന്നും, കാൺഗ്രസ്സ് പാർട്ടിയിലെ ആളുകൾ ഇതിൽ ഇടപെടുന്നു എന്നും പറയുകയുണ്ടായി. ആദ്യത്തെ സംഗതിയെ സംബന്ധിച്ചിടത്തോളം എനിക്ക പറയുവാനുള്ളത് അന്വേഷണം നടത്തുന്നത് സാധാരണമായിട്ട് ഒരു സബ്ബ് ഇൻസ്പെക്ടർ ആയിരിക്കും എന്നാണ്. പിന്നെ വളരെ ജോലിത്തിരക്കുള്ള കാലങ്ങളിൽ വളരെയധികം ആളുകളെപ്പററി അന്വേഷിക്കാനുണ്ടെങ്കിൽ ഒരു ഹെഡ്ഡ് കാൺസ്റ്റബിൾ പോയി അന്വേഷിച്ചു എന്നു വരും. അങ്ങനെ അന്വേഷിച്ചിട്ട് റിപ്പോർട്ട് ആ ആളിനു പ്രതികൂലമാണെങ്കിൽ ഒരു സർക്കിൾ ഇൻസ്പെക്ടറിൽ കുറയാത്ത ഉദ്യോഗസ്ഥൻ പേഴ്സണലായി അന്വേഷിച്ച് ബോദ്ധ്യപ്പെടണമെന്നു നിർബന്ധമുണ്ട്. കാര്യമായി ആക്ഷേപമുണ്ടായാൽ പിന്നീട് അതിനേക്കാൾ വലിയ

ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തുന്നുമുണ്ട്. അങ്ങനെയുള്ള അന്വേഷണങ്ങളുടെ ഫലമായി പുരുക്കം ചിലക്ക് ഉദ്യോഗം കിട്ടിയിട്ടും ഉണ്ട്. ഈ സംഗതികളെല്ലാം ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ഇതിനപ്പുറത്ത് ഈ ഗൗരവമുള്ള കാര്യം കൈകാര്യം ചെയ്യാൻ വേറെ മാർഗ്ഗമുണ്ടെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല. പിന്നെ കാൺഗ്രസ്സുകാരോട് ബന്ധപ്പെട്ടവരോ അല്ലെങ്കിൽ അവരുടെ അംഗീകാരം ഇല്ലാത്തവരോ ആയാൽ അന്വേഷണ ഫലം എതിരാകുമെന്നു പറഞ്ഞു. ഞാൻ മുമ്പൊരിക്കൽ പറഞ്ഞു, ഈ രാജ്യത്ത് കമ്മ്യൂണിസ്റ്റുകാർ അവകാശപ്പെടുന്നത് 40 ശതമാനം ആളുകൾ അവരുടെ പിന്നിൽ ഉണ്ടെന്നാണ്. അങ്ങനെ 40 ശതമാനം പിന്നിലുള്ളവരാണെങ്കിൽ, ഇവിടെ അഡ്വൈസ് ചെയ്തിട്ടുള്ളവരിൽ 40 ശതമാനം അവരുടെ അനുഭാവികളാകാൻ ഇടയുണ്ട്, അങ്ങനെ 40 ശതമാനം ആളുകളെ പോലീസ് വെരിഫിക്കേഷൻെറ ഫലമായി നിയമിക്കാതിരിക്കുന്നു എന്ന് ആരെങ്കിലും പറയുന്നുണ്ടോ ? നാല്പതുമില്ല, നാലുമില്ല, ഒരു ശതമാനം പോലുമില്ലെന്ന് എനിക്ക് പറയാൻകഴിയും. എന്നിട്ട് പറയുന്നത് കാൺഗ്രസ്സ് പാർട്ടി എന്തൊക്കെയോ ചെയ്ത് കമ്മ്യൂണിസ്റ്റുപാർട്ടിയെ നശിപ്പിക്കാൻ മനഃപൂർവ്വം ശ്രമിക്കുന്നു എന്നാണ്. കമ്മ്യൂണിസത്തെ നശിപ്പിക്കണമെന്ന് ഞങ്ങൾക്കാഗ്രഹമുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഏതു കാരണത്താലാണോ ഡ്രൈവ് ചെയ്യുന്നത് ആ കാരണം മാററി ജനാധിപത്യമാർഗ്ഗത്തിൽക്കൂടി ഞങ്ങൾക്കു ശക്തിയുണ്ടാക്കാനും അവരുടെ ശക്തി ഇല്ലാതാക്കാനും ശ്രമിക്കുകയാണ്.

ശ്രീ. എസ്. കുമാരൻ : ഇതിൽ കാൺഗ്രസ് പ്രാദേശിക സ്ഥാപനങ്ങൾക്കോ ഡി. സി. സി. കൾക്കോ വല്ല പങ്കുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഒരു പങ്കും കാൺഗ്രസ്സ് ആർഗനൈസേഷൻെറ ഒരു ഘടകത്തിനുമില്ല. കെ. പി. സി. സി. പ്രസിഡൻറിനുമില്ല. ഒരു മന്ത്രിക്കുമില്ല. ഇനി ആ എഴുത്തിൽ എന്താണു പറഞ്ഞിരിക്കുന്നത് ? ഒരാൾ സങ്കടം പറയുകയാണ്. ഞങ്ങൾക്ക് കമ്മ്യൂണിസ്റ്റുകാരെക്കൊണ്ട് ദഹിക്കുന്നില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ആ വിധ്വംസവുമൊക്കെ കേട്ടിട്ട് എനിക്കു ബലമായി തോന്നുന്നത്, ഈ കമ്മ്യൂണിസ്റ്റുകാരൻ പുതുതായി കാൺഗ്രസിൽ കടന്ന ആളായിരിക്കുമെന്നാണ്. പഴയ ഓർമ്മവച്ച് അയാൾ എഴുതിയതായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അങ്ങനെ അപൂർവ്വം ചിലർ കടന്നിട്ടുണ്ട്. അതു ഫലിക്കുകയില്ല. അവരുടെ നയപരിപാടികൾ ഒന്നും കാൺഗ്രസ്സ് സ്വീകരിക്കാൻ പോകുന്നില്ല. കാൺഗ്രസ്സിൻെറ ഒരു ഘടകവും ഈ വക കാര്യങ്ങളിൽ ഇടപെടുകയില്ല.

വേറൊരു കാര്യം ഇവിടെ എടുത്തുപറഞ്ഞത് പോലീസ് മർദ്ദനം വളരെ നടത്തുന്നുവെന്നാണ്. ഇതു ശരിയല്ലെന്ന് ഈ രാജ്യത്തുള്ളവർക്കെല്ലാം അറിയാം. പോലീസ് മർദ്ദനത്തെപ്പററി അങ്ങിങ്ങ് ചില പരാതികൾ ഉണ്ടാകുന്നുണ്ട്. ലാക്കപ്പിൽ വച്ച് മർദ്ദിച്ചുവെന്നോ, അല്ലെങ്കിൽ പുറത്തുവച്ച് ആരെയെങ്കിലും മർദ്ദിച്ചു വെന്നോ, ചിലപ്പോൾ തൊഴിൽ പ്രശ്നങ്ങളിൽ ഇടപെട്ടു എന്നൊ ഉള്ള ആക്ഷേപങ്ങളാണുണ്ടായിട്ടുള്ളത്. അതും വളരെ അപൂർവ്വമായിട്ടേ ഉണ്ടായിട്ടുള്ളു. അങ്ങനെ ആക്ഷേപം ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അതിനെപ്പററി അന്വേഷണം നടത്തുകയും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥന്മാരെ, ലാക്കപ്പിൽവച്ച് കൈയേററം ചെയ്തതിനു ശിക്ഷിച്ചിട്ടുണ്ട്. ശ്രീമതി നഫീസത്തു ബീവി ആലപ്പുഴയിൽ ഉണ്ടായ ഒരു സംഭവം ചൂണ്ടിക്കാണിച്ചു. അതു സംബന്ധിച്ചു പൂർണ്ണമായ വിവരം എനിക്കു കിട്ടിയിട്ടില്ല. പോലീസ് കാൺസ്റ്റബിളിനെ അയച്ചിട്ട് ചെല്ലാൻ കൂട്ടാക്കാത്ത ആളിനെ സബ്ബ് ഇൻസ്പെക്ടർ അറസ്റ്റു ചെയ്യാൻപോയപ്പോൾ അയാൾ സബ്ബ്ഇൻസ്പെക്ടറെ കൈയേററം ചെയ്തു എന്നാണ് അറിയുന്നത്. ഏതായാലും അതേപ്പററി അന്വേഷിക്കാതെ ഇതിൽ ഒന്നും ഞാൻ പറയുന്നില്ല. പോലീസ് ഇൻസ്പെക്ടറെ കൈയേററം ചെയ്യാൻ ആരെങ്കിലും ശ്രമിക്കുകയോ ആരെങ്കിലും കൈയേററം ചെയ്യുകയോ ചെയ്താൽ അവരുടെ പേരിൽ ന്യായമായ നടപടികളെടുത്തില്ലെങ്കിൽ അതു പോലീസിൻെറ മൊറാലിനെത്തന്നെ ബാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

പിന്നെ ഇവിടെ പറഞ്ഞതെല്ലാം ചെറിയ ചെറിയ കാര്യങ്ങളാണ്. തിരുവല്ലായിൽ നടന്ന പോലീസ് മർദ്ദനത്തെപ്പററി അന്വേഷിക്കുകയാണ്. ചവറയിൽ പോലീസ് മർദ്ദനമുണ്ടായി, ലാത്തിച്ചാർജ് നടന്നു എന്നെല്ലാം പറഞ്ഞു. ഇങ്ങനെ നോക്കുകയാണെങ്കിൽ താരതമ്യേന നിസ്സാരമായ ചില മർദ്ദനങ്ങൾ നടക്കുന്നുണ്ടെന്നുള്ളതാണ് ഇവിടെ പറഞ്ഞുകേട്ടത്. അല്ലാതെ പോലീസ് എക്സസ് നടക്കുന്നതായി, ഉണ്ടാകുന്നതായി വേറെ ചാർജ്സ് ഒന്നും വന്നിട്ടില്ല.

പിന്നീടു ഇവിടെ പറഞ്ഞതു കോടതികളിൽനിന്നും ലഭിച്ചിട്ടുള്ള പല ജഡ്ജുമെൻറുകളിലും പോലീസ് മനപ്പൂർവ്വമായി കേസുകൾ തെളിവിൽ കൊണ്ടുവരാൻ നോക്കാത്തതുകൊണ്ട് കേസുകൾ വിട്ടുപോകാൻ ഇടവന്നിട്ടുള്ളതായും മററും പോലീസിനെപ്പററി ചെയ്തിട്ടുള്ളതായ പരാമർശനങ്ങളുണ്ടായിട്ടുണ്ട് എന്നും അതേപ്പററി നടപടികളെടുക്കുന്നില്ലാ എന്നുമാണ്, സർ, ഈ ഒണക്കൻകേസിനെപ്പററിയും ഇവിടെ പരാമർശിക്കപ്പെട്ടു. സർ, ഈ ഡിപ്പാർട്ടുമെൻറിൽ സ്റ്റാൻറിംഗായിട്ടുള്ള ഒരു വ്യവസ്ഥയാണ് ഏതെങ്കിലും ഒരു ജഡ്ജ്മെൻറിൽ ഇൻവെസ്റ്റിഗേററിംഗ് ആഫീസറെപ്പററി മജിസ്ട്രേട്ടോ ജഡ്ജിയോ പരാമർശിച്ചിട്ടുണ്ടെങ്കിൽ അതേപ്പററി പ്രത്യേകമായി ഗവണ്മെൻറു അന്വേഷിക്കണം എന്നും ആ ഉദ്യോഗസ്ഥനെ മുറപ്രകാരം ശിക്ഷിക്കണം എന്നും ഒരു വ്യവസ്ഥയുണ്ട്.

ശ്രീ. ആൻറണി ഡിക്രൂസ്: കെ. എൽ. ആർ. 342—ൽ തിരുവനന്തപുരത്തു അന്നു സക്കിൾ ഇൻസ്പെക്ടരായിരുന്ന ഒരു ചെല്ലപ്പൻപിള്ളയെപ്പററി ഒരു റെഫറൻസുണ്ടായിരുന്നു എന്നും ഡിപ്പാർട്ടുമെൻറു അതേപ്പററി അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്നും ഇതിനു മുമ്പൊരിക്കൽ മറുപടി പറഞ്ഞു. അതു സംബന്ധിച്ചുള്ള നടപടി എന്തായി എന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദ്യമായി ചോദിക്കണം. അങ്ങനെ ഒരു കേസിനെപ്പററി പ്രത്യേകമായി പറഞ്ഞു.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഒരു ചോദ്യം. കോടതിയിൽ നിന്നും വിമർശനമുണ്ടായാൽ അതേപ്പററി പോലീസ് ഉദ്യോഗസ്ഥന്മാർതന്നെ അന്വേഷിക്കണമെന്നാണോ ഈ പറഞ്ഞതിൻെറ അർത്ഥം. അതായതു്, ഏതെങ്കിലും കോടതിയുടെ വിമർശനം പോലീസിനെ സംബന്ധിച്ചുണ്ടായാൽ ആ ഡിപ്പാർട്ടുമെൻറുതന്നെ അതേപ്പററി അന്വേഷിച്ചു വേണ്ട നടപടി നടത്തണമെന്നാണോ?

ശ്രീ. ആർ. ശങ്കർ : ഗവണ്മെൻറിൻെറ ഹോംഡിപ്പാർട്ടുമെൻറ് അതിനു വേണ്ടിയുള്ളതാണ്.

സർ, ഒണക്കൻകേസ് പലതവണ ഇവിടെ പരാമർശനം ഉണ്ടായതാണ്. അതു നിർഭാഗ്യകരമാണ്. ആദ്യമേ ആ കേസു അന്വേഷണം നടത്തിയപ്പോൾ തെളിവില്ലാ എന്നു കണ്ടു. അതു അന്വേഷണം നടത്തി കേസ് തെളിവിൽ കൊണ്ടുവരുന്നതിനുള്ള കഴിവില്ലായ്മകൊണ്ടോ മനഃപൂർവ്വമാണോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ചിലപ്പോൾ ഇൻവെസ്റ്റിഗേററിംഗാഫീസറുടെ കഴിവില്ലായ്മ കൊണ്ടായിരിക്കാം. ഏതായാലും അക്കാര്യത്തെ സംബന്ധിച്ചു യോഗ്യമായിട്ടുള്ള നടപടിയെടുക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

പിന്നെ, ഒന്നു രണ്ടു ചെറിയ കാര്യങ്ങൾ ഇവിടെ എടുത്തു പറഞ്ഞിട്ടുണ്ട്. പോലീസ് സേനയിൽപ്പെട്ട ആളുകൾക്കു വേണ്ടിടത്തോളം ശമ്പളം കൊടുക്കുന്നില്ല. അതുകൊണ്ടു അവർ കൈക്കൂലി വാങ്ങിക്കുന്നു എന്നു പറഞ്ഞു. ശമ്പളം കൂടുതൽ കൊടുക്കുന്നതുകൊണ്ടു മാത്രം കൈക്കൂലി വാങ്ങിക്കുന്നതിൽ നിന്നും ആളുകളെ മാററി നിറുത്താൻ പ്രയാസമുള്ള കാര്യമാണ്. താഴ്ന്ന ജീവനക്കാരുടെ ശമ്പളം മോശമാണ്. അതിനെന്താണ് ചെയ്യുന്നതു്? വേറെ മാർഗ്ഗമൊന്നുമില്ല. ശമ്പളം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ സ്റ്റേററിനു അതിനുള്ള കഴിവു വേണ്ടത്ര ഉണ്ടാകാതെ നിവൃത്തിയില്ല. സ്റ്റേററിൽനിന്നും ഒരു പൈസ

കൂടുതൽ നികുതി ചോദിച്ചാൽ ശ്രീമാൻ തമ്പി ഉൾപ്പെടെ എല്ലാവരും അതിനെ എതിർക്കുകയും ചെയ്യും. അവർക്കെല്ലാവർക്കും കൺസ്ട്രക്ഷൻസ് ഉണ്ടാക്കിക്കൊടുക്കണം, കൂടുതൽ സ്റ്റേഷൻസ് സ്ഥാപിക്കണം, ശമ്പളം കൂട്ടിക്കൊടുക്കണം എന്നും പറയുന്നു, ഇതെല്ലാംകൂടി എങ്ങനെ സാധിക്കും. ഇവിടത്തെ ഏറ്റവും കുറഞ്ഞ ശമ്പളം നൂറു രൂപയാക്കണമെന്നുണ്ടെങ്കിൽപോലും മൂന്നോ നാലോ കോടി രൂപ അതിനുവേണ്ടി ചെലവുണ്ട്.

ശ്രീ. എം. പി. എം. അഹമ്മദുകുരിക്കൾ : പോലീസിനു ബത്ത കൂട്ടുന്നതിനെ സംബന്ധിച്ച് എന്താണ് അഭിപ്രായം ?

ശ്രീ. ആർ. ശങ്കർ : ബത്ത എന്നു പറഞ്ഞാലും പേ എന്നു പറഞ്ഞാലും അതു പണം തന്നെയാണ്. പോലീസ് കാൺസ്റ്റബിൾമാർ 14000-ൽപരമുണ്ട്. മററു ആ രീതിയിൽ ശമ്പളം വാങ്ങിക്കുന്ന 140,000-ത്തിൽ പരം ഉദ്യോഗസ്ഥന്മാരുണ്ട്.

ശ്രീ. കെ. അനിരുദ്ധൻ : പോലീസുകാർക്ക് കൊടുത്തുകൊണ്ടിരുന്ന ടി. എ, തിരിച്ചുപിടിക്കുന്നതിനെ സംബന്ധിച്ചും, വീട്ടുവാടക അലവൻസ് കൊടുക്കാത്തതിനെ സംബന്ധിച്ചും അവരുടെ ക്യാഷ്വൽലീവ് 20 ദിവസം എന്നുള്ളതു 15 ആയി കുറച്ചതും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

ശ്രീ. ആർ. ശങ്കർ : അതിൽ ചിലതൊന്നും ശരിയല്ലാ. വീട്ടുവാടക അലവൻസ് കൊടുക്കുന്നുണ്ട്. വീടുകൊടുത്താലും വീട്ടുവാടക അലവൻസ് കൊടുക്കുന്നുണ്ട്. ക്യാഷ്വൽലീവിൽ കുറച്ചു കുറവു വരുത്തിയതു ശരിയാണ്. അതു എമർജൻസി വന്നപ്പോൾ ഇൻഡ്യാഗവണ്മെൻറും മററു സ്റ്റേററുകളും വരുത്തിയതുപോലെതന്നെ ഇവിടെയും കുറെ കുറവുവരുത്തിയതാണ്. പോലീസ് സേനയെപ്പോലെയുള്ളവർ ഇങ്ങനെയുള്ള സന്ദർഭത്തിൽ കൂടുതൽ ധീരവും ത്യാഗപൂർണ്ണവുമായ സേവനം നടത്തുന്നതിനു സന്തോഷത്തോടുകൂടി വിധേയമായി എന്നുള്ളതാണ് വാസ്തവം.

സർ, ഇവിടെ അഴിമതിനിരോധനത്തെപ്പററി ആക്ഷേപങ്ങൾ പലതും പറയുകയുണ്ടായി. ഒരു കാര്യം എടുത്തു പറയുകയും ചെയ്തു. സി. പി. എസ്. ശ്രീനിവാസനാണെന്നാണ് എന്റെ ഓർമ്മ. ഒരു ചെക്കു, ഇന്ന ബാങ്കിൽ ചെക്കു കൊടുത്തു പണം വാങ്ങി എന്നെല്ലാം ചില കാര്യങ്ങൾ പറഞ്ഞു. അതൊക്കെ സർവ്വീസ് റൂൾസിനു വിരുദ്ധമാണോ എന്നുള്ളതിനെപ്പററിയെല്ലാം ഞാൻ നോക്കിക്കൊള്ളാം. പക്ഷേ അങ്ങനെ യാതൊരു കടവും അയാൾ കൊടുത്തിട്ടില്ലാ, എന്നു വളരെ ഉത്തരവാദിത്വമുള്ള കേന്ദ്രങ്ങളെ അറിയിച്ചിട്ടുള്ളതായി എനിക്കറിയാം. ബഹുമാനപ്പെട്ട മെമ്പർ എഴുതി തന്നിരിക്കുന്ന സ്ഥിതിക്കു ഞാൻ അതേപ്പററി അന്വേഷിക്കാം.

സർ, ഇനി എനിക്കു പറയാനുള്ളതു്, ചുരുളി കീരിത്തോടു സംഭവത്തെ സംബന്ധിച്ചാണ്. അതേപ്പററി വളരെ അധികം സംസാരിച്ചു കഴിഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പറന്മാരിൽ പലരും ഈ കക്ഷിയിൽപ്പെട്ട പലരും അതു സൂചിപ്പിക്കയുണ്ടായി. സർ, വെടിവെയ്പു നടന്നിട്ടില്ലാ എന്നുള്ള കാര്യത്തിൽ ഗവണ്മെൻറിന്റെ സ്റ്റാൻറിൽ നിന്നു ഒരു പൊടിയും മാറേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പിന്നീട് നടത്തിയ അന്വേഷണത്തിൽ അങ്ങനെയാണു മനസ്സിലാക്കിയതു്. അവിടെ വെടിവയ്പു നടന്നു എന്നുള്ള ചാർജ്ജില്ലാ. ഇവിടെ പല ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിച്ചിട്ടുള്ളതുപോലെ ആളുകളുടെ മേൽ ക്രൂരമായ മർദ്ദനം അവിടെ നടന്നിട്ടില്ല. വെടിവയ്പു അവിടെ നടന്നില്ലാ. അവിടെ ലാത്തിച്ചാർജ്ജു ചെയ്യേണ്ടിവന്നു. സാമാന്യം വിശദമായി തന്നെ ഈ സംഭവങ്ങളെ സംബന്ധിച്ചു ഇതിനു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. സർ, അവിടെനിന്നും കയ്യേറിയിട്ടുള്ളവരെ കുടിയിറക്കു നടത്തുന്നതിനു ഈ ഗവണ്മെൻറു എടുത്തുകഴിഞ്ഞിട്ടുള്ള ഒരു തീരുമാനം ഗവണ്മെൻറു നടപ്പിൽ വരുത്തുകയാണ്. അങ്ങനെ നടപ്പിൽവരുത്തിക്കൊണ്ടു വരുന്നതിനിടയ്ക്കു അവിടെ ഒരു അന്വേഷണം നടത്തണമെന്നും ഈ കുടിയിറക്കു തൽക്കാലം നിറുത്തിവയ്ക്കണമെന്നും ഇവിടെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അതു ഒരാഴ്ചത്തേക്കു നിറുത്തിവയ്ക്കുക അല്ലെങ്കിൽ ശാശ്വതമായി നിറുത്തിവയ്ക്കുക എന്നും ചിലർ ആവശ്യപ്പെട്ടു. അതു ഒരു പാക്കററു ഏരിയാ ഒന്നുമല്ലാ അതുകൊണ്ടു ശാശ്വതമായി നിറുത്തിവയ്ക്കണമെന്നും എല്ലാ കക്ഷികളുമായി കൂടിയാലോചിക്കണമെന്നും അവിടെ നടന്ന സംഭവത്തെക്കുറിച്ചു ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു. ഏതായിരുന്നാലും ശരി വളരെ ഉത്തരവാദിത്വത്തോടുകൂടി ഗവണ്മെന്റു ഈ കുടിയിറക്കു നടപടികൾ സ്വീകരിച്ചു. ഇതിനു മുമ്പ് മറ്റൊരു സ്ഥലത്തും ട്രസ്പാസേഴ്സിനെ ഇത്ര സൗകര്യപ്രദമായി കുടിയിറക്കി വേറെ സ്ഥലം കൊടുത്തു മാറ്റിത്താമസിപ്പിച്ചതായി ഒരു ഗവണ്മെന്റും ചെയ്തുകാണുകയില്ല. അതു അവിടെപ്പോയി നോക്കീട്ടുള്ള നിഷ്പക്ഷമതികളായിട്ടുള്ളവർക്കു അറിയാവുന്നതാണ്. അവിടെ യാതൊന്നും ചെയ്വാൻ സന്നദ്ധമല്ല എന്നു ഇതിനുമുമ്പു പ്രഖ്യാപിച്ചതായി ഇവിടെ പറഞ്ഞു.

സർ, ഇന്നെനിക്കു ഇതുവരെ കിട്ടിയ അറിവു വച്ചുകൊണ്ടു ഒരു കാര്യം ഈ സഭയെ അറിയിക്കാൻ കഴിയും. അവിടെ കുടിയിറക്കു മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. ഏതാണ്ടു അപൂർവ്വം ചില കുടുംബങ്ങൾ മാത്രമേ ബാക്കിയുള്ളു. ഒരു ദിവസമോ അങ്ങേയററം രണ്ടു ദിവസമോ കൊണ്ടു അതു പൂർത്തിയാകും. ആ നിലയിൽ ആളുകളുടെയിടയിലുള്ള സംശയനിവാരണം ഉണ്ടാകുന്നതിനുവേണ്ടി എവിടെ എല്ലാം പോലീസ് എക്സസ് നടത്തി എന്നും പറയുന്നതിന്റെ യാഥാർത്ഥ്യം എന്താണെന്നു മനസ്സിലാക്കുന്നതിനും വേണ്ടി അവിടെ ഒരു അന്വേഷണം നടത്താൻ ആർഡർ ചെയ്യുന്ന തത്വം ഞാൻ അംഗീകരിക്കുന്നു. പക്ഷേ അതിനു ആളുകളെ ഏർപ്പെടുത്തുന്നതും അതു തുടങ്ങുന്നതും ഈ അവസാനത്തെ കുടി കൂടി ഇറക്കിയതിനുശേഷമേയുള്ളു. അതുകഴിഞ്ഞു അപ്രകാരം ചെയ്യുന്നതാണ്. ഗവണ്മെന്റിനു ഇക്കാര്യത്തിൽ ....

ശ്രീ. കെ. എം. ജാർജ്: അവിടെ ഒരു അന്വേഷണം നടത്തുന്നതിനു തയാറാണെന്നു പറഞ്ഞു. അതു ഏതുതരത്തിലുള്ള അന്വേഷണമാണെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ: അന്വേഷണം എല്ലാവർക്കും തൃപ്തികരമായ ഒരു അന്വേഷണമായിരിക്കും. അതിന്റെ കൂടുതൽ വിശദാംശത്തിലേക്കു കടക്കുന്നില്ല. അതു എങ്ങനെയാണെന്നുള്ളതു ഈ ബഹുമാനപ്പെട്ട സഭയെ അറിയിക്കും.

സർ, ആ രീതിയിൽ അവിടെ നടന്നതിനെപ്പററി ഇനി കൂടുതൽ സംസാരിക്കേണ്ടതില്ല. ഗവണ്മെന്റിനു നിർബ്ബന്ധമായി ഉണ്ടായിരുന്നതു ഈ ആളുകളെ അവിടെനിന്നും ഇറങ്ങി പോകേണ്ടിവരുമ്പോൾ അവരെ സൗകര്യപ്രദമായി പുനരധിവസിപ്പിക്കണമെന്നുള്ളതായിരുന്നു. അതു പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. അതിനു കുറെ ക്ഷമകാണിക്കണമെന്നു ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയാണ്. സർ, ഇതല്ലാതെ അതിൽ വളരെ കൂടുതലായിട്ടൊന്നും പറയാനില്ല. ഈ അവസരം ഉപയോഗിച്ചു ഗവണ്മെന്റു കക്ഷിയിലെ അംഗങ്ങളെ രണ്ടുഭാഗമായി തിരിച്ചു അവരെ പോരിലാക്കാമെന്നു വല്ലവരും ധരിച്ചിട്ടുണ്ടെങ്കിൽ അതു സംഭവിക്കാൻ പോകുന്നില്ല. അതുകൊണ്ടു മററു വിധത്തിലുള്ള വേലകളൊന്നും പ്രയോഗിക്കരുത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണം എന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ഭാർഗ്ഗവൻ: കീരിത്തോട്ടിൽനിന്നും കുടിയിറക്കിയവരെ വാഴത്തോപ്പിൽ പുനരധിവസിപ്പിക്കാൻവേണ്ടി അവിടെ അവർക്കു സ്ഥലം കൊടുത്തതിൽ അവർക്കു വെള്ളം കിട്ടാത്തതുകൊണ്ടു വിഷമിക്കുന്നു എന്നും, നൂറു രൂപ ഒരു കുടുംബത്തിനു കൊടുത്തുകൊള്ളാമെന്ന് ഗവണ്മെന്റു പറഞ്ഞിരുന്നതു കൊടുക്കുന്നില്ലാ എന്നുമുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: അതു ഞാൻ നേരത്തെ പറഞ്ഞു എന്നു തോന്നുന്നു. അതേപ്പററി ആക്ഷേപമുണ്ട്. ആ ആക്ഷേപമുള്ളതായി ഗവണ്മെന്റിനു അറിവു കിട്ടുകയും അന്നുതന്നെ ആ സ്ഥലം കൊടുക്കുന്ന ഉദ്യോഗസ്ഥനുമായി ആലോചിച്ചു ജനപ്രതിനിധികളുമായി ആലോചിച്ചു ആക്ഷേപം ആർക്കുണ്ടോ, മോശമായ സ്ഥലം അതായതു് ചില സ്ഥലങ്ങളിൽ അങ്ങിങ്ങായി ബോൾഡേഴ്സ് കൂടിയിരിക്കുന്നതുകൊണ്ടു ആകപ്പാടെ കൃഷിക്കുപയോഗിക്കാവുന്നതല്ലാ എന്നുള്ള സ്ഥലങ്ങൾ ചിലപ്പോൾ 25 സെൻറും പാറകളായിരിക്കും; അങ്ങനെയുള്ള സ്ഥലങ്ങൾക്കു പകരമായി ഈ ആപ്പറേഷനെസംബന്ധിച്ചു ചുമതലയുള്ള ഉദ്യോഗസ്ഥനു എവിടെയെങ്കിലും പാറകളുണ്ടെന്നുകണ്ടാൽ അതൊഴിച്ചു കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ കൊള്ളാവുന്ന ഒരേക്കർ അളന്നു തിരിക്കണം എന്നു പ്രത്യേകം ആജ്ഞ കൊടുത്തിട്ടുണ്ട്. അതിനപ്പുറത്തു കൃഷിക്ക് അശേഷം കൊള്ളുകില്ലെന്നു കണ്ടാൽ ഒരുമാതിരിയെങ്കിലും കിട്ടുന്ന സ്ഥലം കൊടുക്കും —ബ്രസീലിലെ വനത്തിലുള്ള ഫലഭൂയിഷ്ഠമായ സ്ഥലം അല്ലാ—ആ സ്ഥലത്തു സാമാന്യമായി നമുക്കു കിട്ടുന്ന തരത്തിലുള്ള ഭൂമി കൊടുക്കും. അവർക്കു കൊടുക്കുമെന്നു പറഞ്ഞിട്ടുള്ള മററു സൗജന്യങ്ങളെന്തെങ്കിലും ഉണ്ടെന്നും അതിൽ അപാകതയുണ്ടെന്നും പരാതി വന്നിട്ടില്ല. അങ്ങനെ പരാതി വന്നിട്ടുണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അവിടെ അനേകായിരം രൂപാ വില വരുന്ന കടകം അഗ്നിക്കിരയായി നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറയുന്നു. അതിനു വല്ല നഷ്ടപരിഹാരവും ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഓരോന്നായിട്ടു പറഞ്ഞാൽ അതൊക്കെ അന്വേഷിക്കാൻ പോകുന്ന കാര്യങ്ങളാണ്.

ശ്രീ. സി. എച്ച്. മാത്യു: കീരിത്തോട്ടിൽ ഒന്നുരണ്ടു ദിവസത്തിനകം അന്വേഷണം നടത്തുമെന്നു മുഖ്യമന്ത്രിയിൽനിന്നും പൊതുവേ ഇവിടെ പ്രസ്താവനയുമുണ്ടായിട്ടുള്ളതാണ്. അതു ജുഡിഷ്യലായിട്ടുള്ള അന്വേഷണമാണോ ? ഒരു ജുഡിഷ്യൽ അന്വേഷണമായിരിക്കുമെന്നു വിശ്വസിക്കാൻ കഴിയുമോ ?

ശ്രീ. ആർ. ശങ്കർ; ഞാൻ പറഞ്ഞിടത്തോളമെല്ലാം വിശ്വസിച്ചാൽ മതി.

Mr. Speaker: Mr. Baby John,are you pressing your cut motion No. 1 ?

Shri Baby John : Yes Sir, I am pressing my cut motion.

The Cut motion moved by Shri Baby John was put and lost.

Shri baby John: Sir, I demand a poll.

A Poll was taken when the House divided as follows:

Ayes—48.

1 Shri P. Abdul Majeed
2 ,, C. Achutha Menon
3 ,, P. C. Adichan
4 ,, M. P. M. Ahammed Kurikkal
5 Smt. K. O. Aisha Bai
6 Shri M. Alikunju Sastri
7 ,, K. Aniruhan
8 ,, Antony D'Cruz
9 ,, K. Avukadarkutty Naha
10 ,, Baby John
11 ,, P. Balachandra Menon
12 ,, C. K. Balakrishnan
13 ,, N. E. Balaram
14 ,, K. Bhargavan
15 ,, V. P.C. Thangal
16 ,, D. Damodaran Potti
17 ,, E. P. Eapen
18 ,, E. P. Gopalan
19 ,, N. Gopala Kurup
20 Smt. K. R. Gouri
21 Shri K. Hassan Gani
22 ,, K. V. John
23 ,, Joseph Chazhikattu
24 ,, O. Koran
25 ,, K. Krishnan
26 Shri M Krishnan
27 ,, R Krishnan
28 ,, K. Krishnan Pillai
29 ,, S. Kumaran
30 ,, P. K. Kunjachan
31 ,, P. K. Kunju
32 ,, P. V. Kunhunni Nayar
33 ,, P. M. Kunhiraman Nambiar
34 ,, K. Moideenkutty Hajee
35 ,, C. M. Kutty
36 ,, T. C. Narayanan Nambiar
37 ,, P. Narayanan Thampi
38 ,, K. V. Narayanan
39 ,, N. Neelakantaru Pandarathil
40 ,, P. C. Raghavan Nair
41 ,, A. K. Ramankutty
42 ,, T. K. Ramakrishnan
43 ,, P. Ravindran
44 ,, E. M. Sankaran Namboodiripad
45 ,, B. V. Seethi Thangal
46 ,, Ponnara Sreedhar
47 ,, P. S. Srinivasan
48 ,, P. Viswambharan

LIBRARY ARCHIVES Kerala Legislative Assembly

Noes—59.

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan Nambiar
8 ,, R. Balakrishna Pillai
9 ,, N. Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, P. T. Chacko
13 ,, G. Chandrasekara Pillai
14 ,, P. C. Cherian
15 ,, K. A. Damodara Menon
16 ,, T. A. Dharmaraja Iyer
17 ,, P. R. Francis
18 ,, P. Gopalan
19 ,, M. Gopalankutty Nair
20 ,, Malethu Gopinatha Pillai
21 ,, M. P. Govindan Nair
22 ,, Vayala Idicula
23 ,, A. L. Jacob
24 ,, C. G. Jenardhanan
25 ,, George Joseph Podippara
26 ,, P. S. Karthikeyan
27 ,, K. Kochukuttan
28 ,, T. Krishnan
29 ,, P. R. Krishnan
30 ,, N. S. Krishna Pillai
31 Shri P. Kumaran
32 ,, K. Kunhambu
33 ,, M. Kunjukrishnnan Nadar
34 ,, C. Kunhikrishnan Nair
35 ,, N. Kunjuraman
36 Smt. Leela Damodara Menon
37 Shri P. Madhavan
38 ,, V. Madura
39 ,, M. M. Mathai
40 ,, T. Murugesan
41 Smt. A. Nafeesath Beevi
42 Shri K. Narayana Kurup
43 ,, M. Narayana Kurup
44 ,, Kuroor Neelakantan Namboodiripad
45 ,, E. P. Poulose
46 ,, A. A. Rahim
47 ,, R. Raghava Menon
48 ,, M. Ravindranath
49 ,, R. Sankar
50 Smt. O. T. Sarada Krishnan
51 ,, K. R. Saraswathi Amma
52 Shri Shamsuddin
53 ,, C. M. Stephen
54 ,, K. T. Thomas
55 ,, T. A. Thomman
56 ,, P. P. Ummer Koya
57 ,, K. R. Vijayan
58 ,, K. K. Viswanathan
59 ,, C. F. Pereira

Neutrals—Nil

Mr. Speaker : For the cut motion—48
Against the cut motion—59
Neutrals—Nil.

The cut motion is lost.

The cut motion moved by Shri C. M. Kutty was put and lost.

The cut motion moved by Shri S. Kumaran was put and lost.

The cut motion moved by Shri E. P. Gopalan was put and lost.

The cut motion moved by Shri C. Achutha Menon was put and lost.

The question that Government be granted a sum of Rs. 3,94,03,900 under Demand XIII-Police was put and carried.

The grant was made.

Mr. Speaker : Order, order. The House will now adjourn and meet again tomorrow at 8 a. m.

The House adjourned at 1·05 p. m. to meet again at 8 a. m. on Tuesday, the 10th March, 1964.

LIBRARY ARCHIVES Kerala Legislative Assembly